കേരള സർക്കാർ

# നവകേരളം കർമപദ്ധതി
# പ്രവർത്തന റിപ്പോർട്ട്
# 2023 ഡിസംബർ

&

## ത്രൈമാസ അവലോകനം
## (ഒക്ടോബർ, നവംബർ, ഡിസംബർ 2023)

## ഉള്ളടക്കം


| | |
|---|---|
| **ഹരിത കേരളം മിഷൻ** | 7 |
| **ലൈഫ് മിഷൻ** | 35 |
| **വിദ്യാകിരണം** | 37 |
| **ആർദ്രം മിഷൻ** | 39 |
| **മോണിറ്ററിങ് & ഇവാല്യുവേഷൻ** | 45 |

## പ്രവർത്തന പുരോഗതി ഒറ്റ നോട്ടത്തിൽ

| പ്രവർത്തനങ്ങൾ | സെപ്റ്റംബർ വരെ | ഒക്ടോബർ | നവംബർ | ഡിസംബർ | ആകെ |
|---|---|---|---|---|---|
| **ജലസംരക്ഷണം പ്രവർത്തനങ്ങൾ** | | | | | |
| സ്ഥാപിച്ച ജലഗുണനിലവാര നിർണ്ണയ ലാബുകൾ (എണ്ണം) | | | | | 207 |
| ലാബുകൾ നടത്തിയ പരിശോധനകൾ എണ്ണത്തിൽ | 17204 | 1111 | 1753 | 2422 | 22490 |
| പുനരുജ്ജീവിപ്പിച്ച നീർച്ചാലുകൾ (കി.മി) | 25454 | 666 | 643 | 591 | 27354 |
| പുനരുജ്ജീവിപ്പിച്ച കുളങ്ങൾ എണ്ണത്തിൽ | 2618 | 74 | 73 | 60 | 2825 |
| നിർമ്മിച്ച കുളങ്ങൾ എണ്ണത്തിൽ | 4222 | 60 | 79 | 82 | 4443 |
| റീചാർജ് ചെയ്ത കിണറുകൾ എണ്ണത്തിൽ | 7223 | 139 | 170 | 242 | 7774 |
| നിർമ്മിച്ച കിണറുകൾ എണ്ണത്തിൽ | 14412 | 220 | 295 | 281 | 15208 |
| നിർമ്മിച്ച സ്ഥിര തടയണകൾ എണ്ണത്തിൽ | 437 | 4 | 5 | 18 | 464 |
| നിർമ്മിച്ച താൽക്കാലിക തടയണകൾ എണ്ണത്തിൽ | 44106 | 1063 | 1032 | 1168 | 47369 |
| ജല ബജറ്റിനായി തിരഞ്ഞെടുത്ത ഗ്രാമ പഞ്ചായത്തുകൾ | | | | | 354 |
| ജല ബജറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ച ഗ്രാമ പഞ്ചായത്തുകൾ | 113 | 3 | 9 | 11 | 136 |
| മാപത്തോൺ പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്ത പഞ്ചായത്തുകൾ | | | | | 230 |
| മാപത്തോൺ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച പഞ്ചായത്തുകൾ | 197 | 4 | 3 | 5 | 209 |
| മാപത്തോൺ നീർച്ചാൽ പുനരുജ്ജീവനം (കിമീ) | 113 | 21 | 42 | 61 | 237 |
| നീർച്ചാൽ പാർശ്വഭിത്തി സംരക്ഷണ കയർ ഭൂവസ്ത്രം (sqmtr) | | | | | 3686849 |
| ജലം പ്രയോജനപ്പെടുത്താൻ ലക്ഷ്യം ഇട്ടിട്ടുള്ള പാറ ക്വാറി റീച്ചാർജുകളുടെ എണ്ണം | | | | | 2 |
| **കാർഷിക പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ** | | | | | |
| സ്ഥാപിച്ച പച്ചത്തുരുത്തുകളുടെ എണ്ണം | 2703 | 59 | 114 | 26 | 2902 |
| പച്ചത്തുരുത്തുകളുടെ ആകെ വിസ്തൃതി (ഏക്കറിൽ) | 817 | 8.3 | 14 | 2 | 841 |
| തരിശുരഹിത ഗ്രാമം പദ്ധതി - നടത്തുന്ന പഞ്ചായത്തുകൾ | | | | | 164 |
| തരിശുരഹിത ഗ്രാമമായി പ്രഖ്യാപിച്ച ഗ്രാമപഞ്ചായത്തുകൾ | | | | | 5 |
| ഹരിതസമൃദ്ധി വാർഡായി തിരഞ്ഞെടുത്ത വാർഡുകൾ | | | | | 1888 |
| ഹരിതസമൃദ്ധി വാർഡായി പ്രഖ്യാപിച്ച വാർഡുകൾ | | | | | 171 |
| ദേവഹരിതം കൃഷി നടത്തുന്ന ആരാധനാലയങ്ങൾ | | | | | 59 |
| സ്ഥാപനതല കൃഷി നടന്നു വരുന്ന സ്ഥാപനങ്ങൾ | | | | | 65 |
| **ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ** | | | | | |
| ഹരിത ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിന് തിരഞ്ഞെടുത്ത ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ | | | | | 74 |
| ഹരിത സ്ഥാപനമായി മാറ്റുന്നതിന് തിരഞ്ഞെടുത്ത സ്ഥാപനങ്ങൾ | | | | | 7943 |

| | | | | | |
|---|---|---|---|---|---|
| പരിശോധന നടത്തിയ സ്ഥാപനങ്ങൾ | | | | | 7497 |
| ഹരിതസ്ഥാപനം പദവിയിലേക്ക് എത്തിക്കാൻ കഴിഞ്ഞ സ്ഥാപനങ്ങൾ | | | | | 4365 |
| 1,034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള ഹരിത കർമ്മ സേനാംഗങ്ങളുടെ എണ്ണം | | | | | 35351 |
| നെറ്റ് സീറോ പ്രവർത്തനങ്ങൾ നടക്കുന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | | | | | 92 |

# പ്രവർത്തന റിപ്പോർട്ട്

നവകേരളം കർമപദ്ധതി-II ന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനത്തോടെ 2023 ഡിസംബർ മാസത്തിൽ നടത്തിയ പ്രവത്തനങ്ങളും 2023 ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള സംക്ഷിപ്ത റിപ്പോർട്ടാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

# ഹരിത കേരളം മിഷൻ

ഹരിത കേരളം മിഷന്റെ പ്രവർത്തന മേഖലകളിൽ സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മിഷൻ ഏകോപിപ്പിക്കുന്നുണ്ട്. വിവിധ വകുപ്പുകളും ഏജൻസികളും പ്രവർത്തന മേഖലയിലെ വിദഗ്ധരും ചേർന്നാണ് ഇത്തരം പദ്ധതികൾ യാഥാർഥ്യമാക്കുന്നത്. ജനജീവിതത്തിൽ പ്രകടമായ മാറ്റം സൃഷ്ടിക്കുന്നതിനും പ്രാദേശിക തലത്തിൽ വരുമാന വർധനവിനും സഹായകരമായ പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നത്.

# ഹരിത കേരളം മിഷൻ- പ്രവർത്തനങ്ങൾ

## 1) നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - കാമ്പയിൻ

ഹരിതഗൃഹ വാതകങ്ങളുടെ അളവ് കുറച്ച് 2050-ൽ കേരളത്തെ നെറ്റ് സീറോ കാർബൺ അവസ്ഥയിൽ എത്തിക്കുവാനുള്ള പ്രവർത്തനങ്ങൾക്കായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിൻ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് മേയ് മാസം മുതൽ നടന്നു വരികയാണ്.

| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - കാമ്പയിൻ | |
|---|---|
| നെറ്റ് സീറോ കാമ്പയിനു വേണ്ടി തിരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 92 |
| നെറ്റ് സീറോ-അംഗൻ ജ്യോതിയിൽ ഉൾപെടുത്താൻ വേണ്ടി തിരഞ്ഞെടുത്ത അങ്കണവാടികൾ | 2420 |
| ഊർജ്ജ ഓഡിറ്റിനായി തിരഞ്ഞെടുത്ത സർക്കാർ സ്ഥാപനങ്ങൾ | 1534 |
| കുഞ്ഞൻ (പിക്കോ) ജലവൈദ്യുത പദ്ധതികൾക്കായി കണ്ടെത്തിയ ജലസ്രോതസ്സുകൾ | 23 |
| മാതൃകാ ഊർജ കാര്യക്ഷ സ്ഥമതാ സ്ഥാപനം | 85 |
| മാതൃകാ നെറ്റ് സീറോ സ്കൂളുകൾ | 14 |
| മാതൃകാ ഊർജ കാര്യക്ഷമത സ്കൂളുകൾ | 84 |
| ഗ്രീൻ ടെക്നീഷ്യൻമാർക്ക് repair and maintenance പരിശീലനം. | 109 |
| അധ്യാപകർക്ക് ഊർജ്ജ സംരക്ഷണത്തിൽ പരിശീലനം. | 424 |

കാർബൺ ബഹിർഗമനത്തിന്റെയും കാർബൺ ശേഖരണത്തിന്റെയും അളവുകൾ കണ്ടുപിടിച്ച് കാർബൺ തുലിതാവസ്ഥ കൈവരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. ഒരു ജില്ലയിൽ നിന്ന് കുറഞ്ഞത് 5 ഗ്രാമ പഞ്ചായത്തുകളെ ഉൾപ്പെടുത്തി ആകെ 91 ഗ്രാമപഞ്ചായത്തുകളെയും ഒരു നഗരസഭയെയും (വടകര) തിരഞ്ഞെടുത്തിട്ടുണ്ട്. പ്രാരംഭ ശില്പശാല, സാങ്കേതിക വിദഗ്ധരുടെ (കോർ ഗ്രൂപ്പ്) ശില്പശാല, കാർബൺ എമിഷൻ കണ്ടുപിടിക്കുന്നതിനുള്ള സർവ്വേ, പരിശീലകരുടെ പരിശീലനം, തദ്ദേശ സ്വയംഭരണ തല ശിൽപശാലകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. എനർജി മാനേജ്മെന്റ് സെന്ററുമായി യോജിച്ച് ഊർജ്ജ സംരക്ഷണ മേഖലയിൽ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

- ❖ എല്ലാ ജില്ലകളിലും നെറ്റ് സീറോ കാർബൺ കേരളം പദ്ധതി നടപ്പിലാക്കാൻ എറ്റെടുത്തിരുന്ന എല്ലാ ഗ്രാമ പഞ്ചായത്തുകളിലും തദ്ദേശ സ്വയംഭരണ തല ശിൽപശാലകൾ നടന്നു.
- ❖ നെറ്റ് സീറോ ഗ്രാമപഞ്ചായത്തുകളിലെ 84 സ്കൂളുകളെ മാതൃകാ ഊർജ്ജ കാര്യക്ഷമതാ പ്രവർത്തനം നടപ്പിലാക്കുന്നതിനായി തിരഞ്ഞെടുത്തു.

- കണ്ണൂർ ജില്ലയിൽ 6 ഗ്രാമപഞ്ചായത്തുകളിൽ കഴിഞ്ഞ 3 മാസങ്ങളിലായി 1240 ഊർജ്ജ സംരക്ഷണ ക്ലാസുകൾ സംഘടിപ്പിച്ചു. 25363 പേർ ഊർജ്ജ സംരക്ഷണ ക്ലാസുകളിൽ പങ്കെടുത്തു.
- നെറ്റ് സീറോ കാർബൺ ലക്ഷ്യത്തിനു വേഗത കൂട്ടാൻ കണ്ണൂർ ജില്ലയിൽ ഹരിതകേരള മിഷൻ ഓർമ്മമരം കാമ്പയിൻ ആവിഷ്കരിച്ചു. ജില്ലയിൽ 35 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 426 ഓർമ മരങ്ങൾ നട്ട് പിടിപ്പിച്ചിട്ടുണ്ട്.
- തിരുവനന്തപുരം ജില്ലയിൽ EMC ആക്ടിവിറ്റിയുടെ ഭാഗമായി എല്ലാ അംഗൻവാടികളിലും കൂൾ റൂഫിങ്, സോളാർ പാനൽ തുടങ്ങിയവയുടെ അവസ്ഥാപഠന വിവരശേഖരണ സർവ്വേ നടത്തി.
- കൊല്ലം ജില്ലയിലെ നെറ്റ് സീറോ കാർബൺ കാമ്പയിന്റെ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നത് ആസൂത്രണം ചെയ്യുന്നതിനും, ഏറ്റെടുക്കാവുന്ന പ്രൊജക്റ്റുകളെ കുറിച്ച് ചർച്ച ചെയ്യുന്നതിനുമായി കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ശിൽപശാല സംഘടിപ്പിച്ചു.
- എറണാകുളം ജില്ലയിൽ ആമ്പല്ലൂർ ഗ്രാമ പഞ്ചായത്തിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ശില്പശാല സംഘടിപ്പിച്ചു. നെറ്റ് സീറോ കാർബൺ കേരളം ലക്ഷ്യങ്ങൾ, ഗ്രാമ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന പദ്ധതികൾ, അവയുടെ സാദ്ധ്യതകൾ, പദ്ധതികളുടെ ഫണ്ട് തുടങ്ങിയവയെക്കുറിച്ച് വിശദമാക്കി. വാർഡ് തലത്തിൽ വീട്ടു മുറ്റ ക്ലാസുകൾ, സ്കൂളുകളിൽ ഊർജ്ജ ക്ലബ്ബുകൾ, എല്ലാ അങ്കണവാടികളിലും സൗരോർജ്ജ പദ്ധതികൾ, എല്ലാ വീടുകളിലും ജൈവമാലിന്യ സംസ്കരണ ഉപാധികൾ, ഹരിത കർമ്മ സേനയുടെ മാലിന്യ ശേഖരണം 100% എന്നിവയാണ് പ്രധാന പ്രവർത്തനങ്ങളായി തീരുമാനിച്ചത്.
- പാലക്കാട് ജില്ലയിൽ നിലവിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിന്റെ മാതൃകാ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന 7 സ്കൂളുകളെ തിരഞ്ഞെടുത്തു. തിരഞ്ഞെടുത്ത 7 ഗ്രാമ പഞ്ചായത്തുകളിലും കൂടി നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിന്റെ ഭാഗമായി 38 പുതിയ പ്രോജക്റ്റുകൾ വെച്ചിട്ടുണ്ട്.
- പാലക്കാട് ജില്ലയിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ജില്ലാതല അവലോകന യോഗം 2023 ഡിസംബർ 23 ന് ഉച്ചയ്ക്ക് 12 മണിക്ക് പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ ചേമ്പറിൽ വെച്ച് നടന്നു. 7 ഗ്രാമ പഞ്ചായത്തുകളിലെ പ്രസിഡൻറുമാർ, സെക്രട്ടറിമാർ, ഉദ്യോഗസ്ഥർ, റിസോഴ്സ് പേഴ്സൺമാർ എന്നിവർ പങ്കെടുത്തു.
- കാസറഗോഡ് ജില്ലയിലെ പീലിക്കോട് ഗ്രാമപഞ്ചായത്തിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിനിന്റെ ഭാഗമായി പേരഗ്രാമം പദ്ധതിയുടെ ഭാഗമായുള്ള 10000 പേരത്തൈകളുടെ നടീൽ പ്രവൃത്തിയുടെ ഉദ്ഘാടനം ഗ്രാമ പഞ്ചായത്ത് ഓഫീസ് പരിസരത്ത് ഒരു പേരത്തൈ നട്ടു കൊണ്ട് മുൻ ധനകാര്യമന്ത്രി ഡോ:ടി.എം.തോമസ് ഐസക് നിർവ്വഹിച്ചു. ഈ വർഷം ഗ്രാമപഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ആനിക്കാടിയിൽ പേരത്തൈകളുടെ ഒരു നഴ്സറി വിപുലമായ രീതിയിൽ തയ്യാറാക്കിയിട്ടുണ്ട്. 10000 പേരത്തൈകളാണ് തയ്യാറാക്കിയത്. പൊതു സ്ഥാപനങ്ങളുടെ കോമ്പൗണ്ടുകളിലും സ്കൂളുകളിലും അങ്കണവാടികളിലും പൊതുയിടങ്ങളിലും പരമാവധി പേരത്തൈകൾ നട്ടുപിടിപ്പിച്ച് പച്ചത്തുരുത്ത് ഉണ്ടാക്കുക എന്നതാണ് ലക്ഷ്യം. കാർബൺ ആഗിരണം വർദ്ധിപ്പിക്കുവാൻ സാധിക്കുന്നതാണ്.
- കണ്ണൂർ ജില്ലയിൽ നെറ്റ് സീറോ കാർബൺ - ഊർജ്ജ സംരക്ഷണ തുടർ പ്രവർത്തനത്തിന്റെ ഭാഗമായി പായം ഗ്രാമ പഞ്ചായത്ത് വീടുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നതിന് ഗുണഭോക്തൃ സംഗമം നടത്തി. ഗ്രാമ പഞ്ചായത്ത്, അനർട്ട്, കെ.എസ്.ഇ.ബി. ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.
- കണ്ണൂർ ജില്ലയിൽ ചെറുതാഴം ഗ്രാമ പഞ്ചായത്തിൽ നെറ്റ് സീറോ കാർബൺ കേരളം ക്യാമ്പയിനിന്റെ ഭാഗമായുള്ള ബാംബൂ പ്ലാന്റേഷൻ ഉദ്ഘാടനം ബഹു: കേരള നിയമസഭ സ്പീക്കർ ശ്രീ എ.എൻ ഷംസീർ നിർവ്വഹിച്ചു. 230 പേർ പങ്കെടുത്ത പരിപാടിയിൽ 1500 മുള തൈകൾ

ആണ് നട്ടത് തുടർന്ന് 500 മുളകൾ കൂടി നടാനുള്ള സ്ഥലം കൂടി വൃത്തിയാക്കി, 30 പേരടങ്ങുന്ന പരിപാലന ടീമും രൂപീകരിച്ചിട്ടുണ്ട്.

- ❖ കണ്ണൂർ ജില്ലയിൽ കുറുമാത്തൂർ ഗ്രാമപഞ്ചയത്ത് കർബൺ ന്യൂട്രൽ പഞ്ചായത്ത് എന്ന ലക്ഷ്യം കൈവരിക്കുന്നതിനു വേണ്ടി കുറുമാത്തൂർ ഗ്രാമപഞ്ചായത്തും അപ്പോളൊ ടയേഴ്സും സംയുക്താഭിമുഖ്യത്തിൽ കുറുമാത്തൂർ കടവിൽ 1000 കണ്ടൽ ചെടികൾ നടീലിന്റെ ഉദ്ഘാടനം നിർവഹിച്ചു. കുറുമാത്തൂർ സൗത്ത് യുപി സ്കൂൾ കുട്ടികളും കുറുമാത്തൂർ GVHSS NSS കുട്ടികളും തൊഴിലുറപ്പ് തൊഴിലാളികളും ചേർന്ന് കണ്ടൽ രാജന്റെ നേതൃത്വത്തിൽ കണ്ടൽ ചെടികൾ നട്ടു.
- ❖ കണ്ണൂർ ജില്ലയിൽ നെറ്റ് സീറോ കാർബൺ ന്യൂട്രൽ ക്യാമ്പസ് എന്ന ലക്ഷ്യവുമായി ബന്ധപ്പെട്ട് ഗ്രീൻ ബ്രിഗേഡിന്റെ നേതൃത്വത്തിൽ ബദൽ ഉല്പന്ന നിർമ്മാണ പരിശീലനം നടന്നു അതോടൊപ്പം തന്നെ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന പച്ചക്കറി കൃഷിയുടെ നടീലും, പരിപാലനവും ആയി ബന്ധപ്പെട്ട പരിശീലനവും സംഘടിപ്പിച്ചു. ഗ്രീൻ ബ്രിഗേഡ് ടീമിൽ അഫിലിയേഷൻ നടത്തിയ 35 വിദ്യാർത്ഥികൾ പരിശീലനത്തിൽ പങ്കെടുത്തു.
- ❖ കാസറഗോഡ് ജില്ലയിൽ നെറ്റ് സീറോ കാർബൺ കേരളം ക്യാമ്പയിന്റെ ഭാഗമായി തരിശ് പ്രദേശങ്ങളിൽ കൃഷി ഏറ്റെടുക്കുന്ന പദ്ധതി പ്രകാരം മില്ലറ്റ് മിഷനുമായി ചേർന്ന് നഗരസഭ വാർഡ് 4-ൽ മില്ലറ്റ് കൃഷി ആരംഭിച്ചു. പദ്ധതി ജില്ലാ കളക്ടർ ഉദ്ഘാടനം ചെയ്തു.
- ❖ വടകര നഗരസഭയിലും നെറ്റ് സീറോ ക്യാമ്പയിൻ ഏറ്റെടുക്കുന്ന കുന്നുമ്മൽ ബ്ലോക്കിലും മില്ലറ്റ് കൃഷിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു.
- ❖ ഇടുക്കി ജില്ലയിൽ നെറ്റ് സീറോ കാർബൺ കേരളം പദ്ധതി നടപ്പിലാക്കുന്ന 3 ഗ്രാമപഞ്ചായത്തുകളിൽ തദ്ദേശസ്ഥാപനതല അവതരണങ്ങൾ നടന്നു.
- ❖ കോട്ടയം ജില്ലയിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിന്റെ ഭാഗമായി ജില്ലാതല യോഗം 28-12-2023 ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു.

**നെറ്റ് സീറോ കാർബൺ ത്രൈമാസ അവലോകനം**

| നടന്ന മാസം | നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ഒക്ടോബർ | 36 | 203 | 228 | 558 | 989 | 2 | 108 | 573 | 19247 | 60 | 55 |
| നവംബർ | 61 | 223 | 260 | 86 | 569 | 0 | 0 | 36 | 572 | 80 | 246 |
| ഡിസംബർ | 39 | 202 | 212 | 713 | 1127 | 5 | 113 | 309 | 5997 | 55 | 109 |
| ആകെ | 136 | 628 | 700 | 1357 | 2685 | 7 | 221 | 918 | 25816 | 195 | 410 |
| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - പഞ്ചായത്ത് തല കോർഗ്രൂപ്പ് യോഗം | | | | | | | | | | | |
| നവംബർ | 7 | 44 | 47 | 21 | 112 | 0 | 0 | 0 | 0 | 26 | 9 |
| ഡിസംബർ | 27 | 86 | 122 | 81 | 289 | 1 | 40 | 1 | 32 | 14 | 20 |
| ആകെ | 34 | 130 | 169 | 102 | 401 | 1 | 40 | 1 | 32 | 40 | 29 |

## 2) ജല ബജറ്റ് - ജല സുരക്ഷ പ്ലാൻ

എല്ലാ ജില്ലകളിലെയും ഓരോ ബ്ലോക്കിലും (കോഴിക്കോട് ജില്ലയിൽ രണ്ട് ബ്ലോക്കിലും) പെട്ട 94 ഗ്രാമ പഞ്ചായത്തുകളിൽ ആദ്യമായി ജല ബജറ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. രണ്ടാമതായി തിരഞ്ഞെടുത്ത 260 ഗ്രാമപഞ്ചായത്തുകളിൽ, 42 ഗ്രാമപഞ്ചായത്തുകളിൽ ജല ബജറ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

| ജല ബജറ്റ് | | | | | |
|---|---|---|---|---|---|
| ജില്ല | തിരഞ്ഞെടുത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ എണ്ണം | വിവര ശേഖരണം പൂർത്തിയായത് | | റിപ്പോർട്ട് അവതരണം പൂർത്തിയായത് | |
| | | ആകെ | % | കരട് റിപ്പോർട്ട് | റിപ്പോർട്ട് |
| തിരുവനന്തപുരം | 14 | 14 | 100% | 0 | 0 |
| കൊല്ലം | 27 | 27 | 100% | 22 | 0 |
| പത്തനംതിട്ട | 10 | 1 | 11% | 0 | 0 |
| ആലപ്പുഴ | 11 | 0 | 0% | 0 | 0 |
| കോട്ടയം | 6 | 6 | 100% | 0 | 0 |
| ഇടുക്കി | 12 | 6 | 50% | 0 | 0 |
| എറണാകുളം | 9 | 9 | 100% | 0 | 0 |
| തൃശ്ശൂർ | 12 | 12 | 100% | 0 | 0 |
| പാലക്കാട് | 16 | 16 | 100% | 16 | 8 |
| മലപ്പുറം | 9 | 5 | 56% | 0 | 0 |
| കോഴിക്കോട് | 67 | 46 | 69% | 12 | 12 |
| വയനാട് | 9 | 9 | 100% | 9 | 5 |
| കണ്ണൂർ | 22 | 22 | 100% | 5 | 3 |
| കാസർഗോഡ് | 36 | 36 | 100% | 14 | 14 |
| ആകെ | 260 | 209 | 81% | 78 | 42 |

### 2.1 ജലബജറ്റ് പ്രവർത്തനപുരോഗതി

260 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജലബജറ്റ് റിപ്പോർട്ട് പൂർത്തീകരിക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ ഊർജിതമായി നടന്നു വരുന്നു. ഇവകൂടി പൂർത്തീകരിക്കുന്നതോടെ കേരളത്തിലെ 38 ശതമാനം ഗ്രാമ പഞ്ചായത്തുകളിലും ജല ബജറ്റ് (ആകെ 354 എണ്ണം) തയ്യാറാക്കുവാൻ സാധിക്കും എന്നത് ശ്രദ്ധേയമാണ്. റിപ്പോർട്ട് മാസത്തിൽ 42 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവരശേഖരണം പൂർത്തിയായിട്ടുണ്ട്. ഇത് ഉൾപ്പെടെ 209 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നാളിതു വരെ വിവരശേഖരണം പൂർത്തീകരിച്ചു. ഡിസംബർ മാസത്തിൽ 11 ഗ്രാമപഞ്ചായത്തുകളിൽ കൂടെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. നിലവിൽ 42 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ കാലയളവിൽ റിപ്പോർട്ട് അവതരണവും പ്രസിദ്ധീകരണവും നടത്തിയിട്ടുണ്ട്.

❖ പാലക്കാട് ജില്ലയിൽ ആലത്തൂർ ബ്ലോക്കിന്റെ ജലബജറ്റ് പ്രകാശനം ആലത്തൂർ എം.എൽ.എ നിർവ്വഹിച്ചു. ഡിസംബർ മാസത്തിൽ 8 ഗ്രാമപഞ്ചായത്തുകളിലും ജലബജറ്റ് റിപ്പോർട്ട് പ്രകാശനവും അവതരണവും നടത്തി.

❖ ജലബജറ്റ് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനു ബ്ലോക്ക് പഞ്ചായത്ത് തലത്തിലുള്ള സാങ്കേതിക സമിതി യോഗങ്ങൾ ജില്ലാ സാങ്കേതിക സമിതിയുടെ നേതൃത്വത്തിൽ ചേരുന്നതാണ്. ഇതോടൊപ്പം സാങ്കേതിക സമിതിയുടെ ശിൽപശാലയും, പഞ്ചായത്ത് തല സാങ്കേതിക സമിതിയിൽ ഉയർന്ന് വന്ന അഭിപ്രായങ്ങൾ ഉൾപെടുത്തി പരിഷ്കരിച്ച ആനുവൽ ആക്ഷൻ പ്ലാനും തയ്യാറാക്കുന്നതാണ്. ആലത്തൂർ ബ്ലോക്കിലെ ജലബജറ്റ് കണ്ടെത്തലുകൾ അനുസരിച്ച് നീരുറവ് പദ്ധതിയുമായും മറ്റു വകുപ്പുകളുടെ പദ്ധതിയുമായും സംയോജിപ്പിച്ച് പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനു നടപടി സ്വീകരിക്കുന്നതാണ്.

❖ കോഴിക്കോട് ജില്ലയിലെ ജല ബജറ്റ് പ്രവർത്തനങ്ങളുടെ തുടർച്ചയായി ചാത്തമംഗലം ഗ്രാമ പഞ്ചായത്തിലെ സങ്കേതം തോട് വീണ്ടെടുക്കൽ പ്രവർത്തനത്തിനായി ജല സാങ്കേതിക സമിതി യോഗം ചേർന്നു. വിവിധ വകുപ്പുകളുടെ സംയോജനത്തോടെ തോട് വീണ്ടെടുത്ത് പ്രദേശത്ത് കൂടുതൽ കൃഷി കൊണ്ടുവരാൻ തീരുമാനിച്ചു.

❖ 'ജല ബജറ്റ് രൂപീകരണ പ്രവർത്തനങ്ങൾക്ക് ധർമ്മടം നിയോജക മണ്ഡലത്തിൽ തുടക്കമായി.

"ഉറവ" എന്നാണ് പദ്ധതിക്ക് പേര് നൽകിയിരിക്കുന്നത്. 2023 ഡിസംബർ 14 ന് വേങ്ങാട് ഗ്രാമ പഞ്ചായത്ത് ഹാളിൽ നടന്ന ശില്പശാലയിലാണ് മണ്ഡലത്തിലെ എട്ട് ഗ്രാമ പഞ്ചായത്തുകളിൽ നിന്നുമുള്ള ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ എന്നിവർ പങ്കെടുത്തു.

- ❖ വയനാട് ജില്ലയിൽ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ സി.ഡബ്ല്യു.ആർ.ഡി.എം-ന്റെ സാങ്കേതിക സഹായത്തോടെ പനമരം ബ്ലോക്ക് പഞ്ചായത്തിൽ തയ്യാറാക്കിയ ജലബജറ്റ് റിപ്പോർട്ട് പ്രകാശനം ബ്ലോക്ക് പ്രസിഡണ്ട് നിർവ്വഹിച്ചു. ബ്ലോക്ക് പഞ്ചായത്തിന്റെയും പനമരം, പൂതാടി, പുൽപ്പള്ളി, മുള്ളൻകൊല്ലി, കണിയാമ്പറ്റ ഗ്രാമപഞ്ചായത്തുകളുടെയും ജലബജറ്റുകളാണ് പ്രകാശനം ചെയ്തത്
- ❖ കാസർഗോഡ് ജില്ലയിൽ ജലബജറ്റുമായി ബന്ധപ്പെട്ട് ജലസുരക്ഷ പ്ലാൻ തയ്യാറാക്കുന്നതിന് ജില്ലാതലത്തിൽ ഡിസംബർ 2 ന് ശിൽപശാല സംഘടിപ്പിച്ചു. ജില്ലാ പഞ്ചായത്തും ചെറുകിട ജലസേചന വകുപ്പും, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റും വൻകിട ജലസേചന വകുപ്പ്, MGNREGS എന്നീ ഡിപ്പാർട്ട്മെന്റുകൾ പങ്കെടുത്തു. നീരുറവ് സമഗ്ര മാസ്റ്റർ പ്ലാനിൽ വിവിധ ജലസംരക്ഷണ പ്രവർത്തനങ്ങൾ സംയോജിപ്പിക്കുന്നതിന് മാർഗ നിർദ്ദേശം ചർച്ച ചെയ്തു. വരൾച്ചയെ അതിജീവിക്കാനുള്ള പ്രവർത്തനങ്ങളാണ് പ്രധാനമായും ചർച്ച ചെയതത്. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചു.
- ❖ കാസർഗോഡ് ജില്ലയിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപങ്ങൾ 1 ലക്ഷം രൂപ വീതവും ബ്ലോക്ക് പഞ്ചായത്തുകൾ 50000 രൂപ വീതവും ജലബജറ്റിന് വേണ്ടി പ്രൊജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 2.2 ജലബജറ്റ് - തുടർ പ്രവർത്തനങ്ങൾ

കേരളത്തിൽ ആദ്യഘട്ടത്തിൽ ജലബജറ്റ് പൂർത്തീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഭരണസമിതിയുടെ മുൻപിൽ റിപ്പോർട്ട് അവതരിപ്പിച്ച് രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് സജ്ജമാക്കിയിട്ടുണ്ട്. ജലബജറ്റിൽ നിന്നും ജലസുരക്ഷ പ്ലാനിലേക്ക് സംസ്ഥാനത്തെ മാറ്റുന്നതിനുള്ള പ്രവർത്തനമാണ് നടന്നു വരുന്നത്.

മഴ കുറഞ്ഞ വർഷമായതിനാൽ ജലബജറ്റിന്റെ ഇടപെടലുകൾക്ക് കൂടുതൽ പ്രാധാന്യമുണ്ട്. കൃഷി വകുപ്പിന്റെ ഭാഗമായി മൾചിംഗ്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ ഭാഗമായിട്ടുള്ള കിണർ റീച്ചാർജ്ജിംഗ്, നീരുറവ് പദ്ധതിയുടെ ഭാഗമായിട്ടുള്ള കുളങ്ങളുടെ നിർമ്മാണം, കിണർ റീച്ചാർജ്ജിംഗ് എന്നീ പ്രവർത്തനങ്ങൾ നടന്നു വരുന്നു. വരൾച്ച മുൻകൂട്ടി കണ്ട് തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനായി വിവിധ വകുപ്പുകളുടെ സഹകരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉറപ്പാക്കിയിട്ടുണ്ട്.

**ജല ബജറ്റ് - ത്രൈമാസ അവലോകനം**

| നടന്ന മാസം | ജല ബജറ്റ് - ജല സുരക്ഷ പ്ലാൻ | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | |
| ഒക്ടോബർ | 158 | 737 | 1051 | 589 | 2377 | 31 | 962 | 12 | 338 | 159 |
| നവംബർ | 175 | 379 | 535 | 275 | 1189 | 13 | 834 | 5 | 51 | 198 |
| ഡിസംബർ | 90 | 435 | 543 | 414 | 1392 | 12 | 136 | 5 | 178 | 183 |
| ആകെ | 423 | 1551 | 2129 | 1278 | 4958 | 56 | 1932 | 22 | 567 | 540 |

| നടന്ന മാസം | ത്രൈമാസ പുരോഗതി | | | | | | |
|---|---|---|---|---|---|---|---|
| | രണ്ടാംഘട്ടത്തിൽ തിരഞ്ഞെടുത്തിട്ടുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾ | പ്രാഥമിക പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ (ത: സ്വ :ഭ: സ) എണ്ണം | % | വിവര ശേഖരണം പൂർത്തിയാക്കിയ (ത: സ്വ :ഭ: സ) എണ്ണം | % | റിപ്പോർട്ട് പൂർത്തിയാക്കിയ (ത: സ്വ :ഭ: സ) എണ്ണം | % |
| ഒക്ടോബർ | 260 | 184 | 71 | 88 | 33 | 22 | 8 |
| നവംബർ | | 234 | 90 | 167 | 64 | 31 | 12 |
| ഡിസംബർ | | 249 | 91 | 209 | 77 | 42 | 15 |

### 2.3 വിലയിരുത്തൽ

കേരളത്തിൽ 260 തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ജല ബജറ്റ് നിർവഹിക്കുവാൻ തിരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ ഏറ്റവും കൂടുതൽ ജല ബജറ്റ് പ്രവർത്തനങ്ങൾ കോഴിക്കോട് (67 ത.സ്വ.ഭ സ്ഥാപനങ്ങളിൽ), കാസർഗോഡ്(36), കൊല്ലം(27), കണ്ണൂർ(22) ജില്ലകളിലുമാണ്. ഇതിൽ കാസർഗോഡ് ജില്ലയും (14) കോഴിക്കോട് ജില്ലയും (12) റിപ്പോർട്ട് അവതരിപ്പിച്ചു കഴിഞ്ഞു. ജല ബജറ്റിന്റെ പ്രധാന ജോലിയായ വിവരശേഖരണം ഏറെക്കുറെ എല്ലാ ജില്ലകളിലും പൂർത്തിയായി. ജനുവരി മാസത്തിൽ തന്നെ 260 തദ്ദേശ ഭരണ സ്ഥാപനങ്ങളിലും റിപ്പോർട്ട് അവതരിപ്പിക്കാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

പുതിയതായി പല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ജല ബജറ്റ് നിർവ്വഹിക്കുവാൻ താൽപര്യപൂർവ്വം മുന്നോട്ടു വന്നതിനാൽ അത്തരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ ഉൾകൊള്ളിച്ചു മുന്നോട്ടു പോയതിനാൽ സമയക്രമത്തിനകം ടാർഗറ്റ് പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. എന്നിരുന്നാലും ജനുവരി മാസത്തിൽ തന്നെ നിശ്ചയിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജല ബജറ്റ് പ്രസിദ്ധീകരിക്കാൻ തീവ്ര ശ്രമം നടത്തുന്നുണ്ട്.

ജല ബജറ്റ് തയ്യാറാക്കി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ ജലസുരക്ഷയിലേക്ക് നയിക്കുക എന്നതാണ് ഹരിതകേരളം മിഷൻ ലക്ഷ്യം വച്ചിരിക്കുന്നത്. എന്നാൽ സംയോജിത പദ്ധതികളുടെ ലഭ്യതകുറവ് ജലസുരക്ഷാ പ്ലാൻ തയ്യാറാക്കുന്നതിന് ചില പ്രശ്നങ്ങൾ ഉളവാക്കുന്നുണ്ട്. നിലവിൽ ജല ബജറ്റ് ശുപാർശകളിന്മേൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാത്രമാണ് പ്രോജക്ടു ഉൾപ്പെടുത്തിയിട്ടുള്ളൂ. വരും വർഷങ്ങളിൽ വിവിധ വകുപ്പുകളുടെ പദ്ധതികൾ സംയോജിപ്പിച്ചു പ്രവർത്തനങ്ങൾ ഏകീകരിക്കേണ്ടതുണ്ട്.

## 3) നീരുറവ്

കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലുമുള്ള ഓരോ നീർത്തട പ്രദേശത്തിലും ആവശ്യമായ മണ്ണ് സംരക്ഷണ/വികസന പ്രവർത്തനങ്ങൾക്കുള്ള മാസ്റ്റർപ്ലാനിന് രൂപംകൊടുത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ഹരിത കേരള മിഷനും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് നീരുറവ് പദ്ധതി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ കേന്ദ്ര മാനദണ്ഡങ്ങൾക്കനുസരിച്ചു നീർത്തടാധിഷ്ഠിത വികസനത്തിന് അനുയോജ്യമായ നിലയിൽ പ്രാദേശികതലത്തിൽ ക്രമീകരിക്കുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്.

ഹരിത കേരളം മിഷൻ നടപ്പിലാക്കിയ ജലബജറ്റ്, മാപത്തോൺ എന്നീ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ, ഫീൽഡ്തല കണ്ടെത്തലുകൾ ഉൾക്കൊള്ളിച്ചു കൊണ്ട് നീരുറവു മാസ്റ്റർപ്ലാൻ പരിഷ്കരിച്ചിരുന്നു. ആയതു പ്രകാരം 293 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഹരിത കേരളം മിഷൻ പ്രത്യേക ഇടപെടലുകൾ നടത്തുന്നുണ്ട്. 8492 പ്രവർത്തനങ്ങൾ ഈ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 5617

പ്രവർത്തനങ്ങൾ നിലവിൽ പൂർത്തീകരിച്ചു.

| നീരുറവ് | | | | | | | | |
|---|---|---|---|---|---|---|---|---|
| ജില്ലകൾ | തിരഞ്ഞെടുത്ത ത.സ്വ.ഭ സ്ഥാപനങ്ങളുടെ എണ്ണം | ഏറ്റെടുത്ത പ്രവർത്തനങ്ങൾ | പൂർത്തീകരിച്ച പ്രവർത്തനങ്ങൾ | പുനരുജ്ജീവിപ്പിച്ച നീർച്ചാലുകളുടെ എണ്ണം | പുനരുജ്ജീവിപ്പിച്ച കുളങ്ങൾ | നിർമിച്ച കുളങ്ങൾ | റീചാർജ് ചെയ്ത കിണറുകൾ | നിർമിച്ച കിണറുകൾ |
| തിരുവനന്തപുരം | 8 | 71 | 71 | 4275.3 | 519 | 392 | 560 | 2675 |
| കൊല്ലം | 12 | 187 | 75 | 3364.8 | 143 | 389 | 612 | 2961 |
| പത്തനംതിട്ട | 23 | 40 | 21 | 1149.4 | 142 | 184 | 488 | 769 |
| ആലപ്പുഴ | 25 | 0 | 0 | 951.6 | 61 | 38 | 189 | 216 |
| കോട്ടയം | 8 | 8 | 0 | 1014.5 | 50 | 236 | 400 | 514 |
| ഇടുക്കി | 32 | 1213 | 241 | 1206.8 | 167 | 178 | 263 | 265 |
| എറണാകുളം | 34 | 335 | 23 | 2361.0 | 169 | 283 | 797 | 497 |
| തൃശൂർ | 8 | 3 | 1 | 1212.5 | 101 | 106 | 276 | 872 |
| പാലക്കാട് | 58 | 4281 | 4281 | 4067.9 | 588 | 728 | 298 | 1046 |
| മലപ്പുറം | 7 | 6 | 0 | 1139.1 | 173 | 363 | 83 | 1823 |
| കോഴിക്കോട് | 24 | 43 | 11 | 1737.9 | 196 | 159 | 377 | 939 |
| വയനാട് | 26 | 49 | 49 | 1462.0 | 79 | 630 | 67 | 255 |
| കണ്ണൂർ | 23 | 2106 | 710 | 2056.6 | 297 | 407 | 2630 | 1351 |
| കാസർഗോഡ് | 5 | 150 | 134 | 1354.0 | 140 | 350 | 734 | 1025 |
| ആകെ | 293 | 8492 | 5617 | 27353.4 | 2825 | 4443 | 7774 | 15208 |

- കൊല്ലം ജില്ലയിൽ നീരുറവ് റിപ്പോർട്ടുകൾ പരിശോധിച്ച് വിവിധ വകുപ്പുകൾ ഏറ്റെടുക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ജില്ലാതല സാങ്കേതിക സമിതിയുടെ നേതൃത്വത്തിൽ 12/12/2023-ന് എല്ലാ ഗ്രാമപഞ്ചായത്തുകളുടെയും വിവിധ ഡിപ്പാർട്ട്മെന്റുകളുടെയും യോഗം സംഘടിപ്പിച്ചിരുന്നു.
- തൃശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിൽ നീരുറവുമായി ബന്ധപ്പെട്ട് ധനുകുളം പാടശേഖരത്തിലെ തോടുകളുടെ നവീകരണം, പറപ്പൂക്കര പാടശേഖരത്തിലെ തോടുകൾ, കാറളം ഗ്രാമപഞ്ചായത്തിൽ കരിന്തറപടയിലെ തോടുകളുടെ പുനരുദ്ധാരണം നടന്നു വരുന്നു.
- വയനാട് ജില്ലയിൽ നവകേരളം കർമപദ്ധതിയിൽ ഹരിതകേരളം മിഷന്റെയും MGNREGS-ന്റെയും നേതൃത്വത്തിൽ കബനിക്കായ് വയനാട് - നീരുറവ് ക്യാമ്പയിനുകളുടെ ഭാഗമായി നടത്തുന്ന നീർച്ചാൽ പുനരുജ്ജീവനം പദ്ധതിയുടെ ഉദ്ഘാടനം വൈത്തിരി ഗ്രാമപഞ്ചായത്തിലെ ചേലോട് അമ്മാറ തോടിൽ നടന്നു.
- എറണാകുളം ജില്ലയിൽ നീരുറവിന്റെ 4 ബ്ലോക്ക് തല സാങ്കേതിക സമിതി യോഗങ്ങളും 7 ഗ്രാമ പഞ്ചായത്ത് തല സാങ്കേതിക സമിതി യോഗങ്ങളും ഡിസംബർ മാസത്തിൽ ചേർന്നു.
- കോഴിക്കോട് ജില്ലയിൽ നീരുറവ് സാങ്കേതിക സമിതി ശില്പശാല തൂണേരി ബ്ലോക്കിൽ ഡിസംബർ മാസത്തിൽ ചേർന്നു.
- കോട്ടയം ജില്ലയിലെ 13 ഗ്രാമപഞ്ചായത്തിലെ പ്രധാനപ്പെട്ട 13 തോടുകളുടെ നവീകരണവും താൽക്കാലിക തടയിണ നിർമ്മാണവും ആരംഭിച്ചു.

### നീരുറവ് ത്രൈമാസ അവലോകനം

| നടന്ന മാസം | നീരുറവ് | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ഒക്ടോബർ | 283 | 1095 | 2457 | 700 | 4252 | 32 | 1206 | 9 | 450 | 153 | 111 |
| നവംബർ | 363 | 1037 | 1751 | 1584 | 4372 | 33 | 1307 | 4 | 71 | 299 | 5025 |
| ഡിസംബർ | 178 | 260 | 585 | 511 | 1356 | 0 | 0 | 0 | 0 | 149 | 600 |
| ആകെ | 824 | 2392 | 4793 | 2795 | 9980 | 65 | 2513 | 13 | 521 | 601 | 5736 |

## 4) സുരക്ഷിതമാക്കാം പശ്ചിമഘട്ടം

**സുരക്ഷിതമാക്കാം പശ്ചിമഘട്ടം തിരഞ്ഞെടുത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ എണ്ണം**

| മാപത്തോൺ | | | | | | | |
|---|---|---|---|---|---|---|---|
| | ഒന്നാം ഘട്ട പ്രവർത്തനങ്ങൾ | | | | രണ്ടാം ഘട്ട പ്രവർത്തനങ്ങൾ | | |
| ജില്ലകൾ | തിരഞ്ഞെടുത്ത ത.സ്വ.ഭ സ്ഥാപനങ്ങൾ | ഫീൽഡ് പ്രവർത്തനം കഴിഞ്ഞ ത.സ്വ.ഭ സ്ഥാപനങ്ങൾ | അപ്ലോഡ് ചെയ്ത ത.സ്വ.ഭ സ്ഥാപനങ്ങൾ | അപ്രൂവൽ ലഭിച്ച ത.സ്വ.ഭ സ്ഥാപനങ്ങൾ | അവതരണം നടത്തിയ ത.സ്വ.ഭ സ്ഥാപനങ്ങൾ | ഫീൽഡ് സന്ദർശനം പൂർത്തീകരിച്ച ത.സ്വ.ഭ സ്ഥാപനങ്ങൾ | നീർച്ചാൽ പുനരുജ്ജീവനം നടത്തി km |
| കൊല്ലം | 7 | 7 | 7 | 7 | 7 | 4 | 144.3 |
| പത്തനംതിട്ട | 16 | 16 | 16 | 16 | 4 | 2 | 1.57 |
| കോട്ടയം | 32 | 32 | 30 | 30 | 8 | 0 | 0 |
| ഇടുക്കി | 49 | 28 | 28 | 14 | 0 | 0 | 0 |
| എറണാകുളം | 17 | 17 | 17 | 14 | 11 | 11 | 26 |
| പാലക്കാട് | 51 | 51 | 51 | 38 | 0 | 0 | 7.5 |
| കോഴിക്കോട് | 14 | 14 | 14 | 14 | 12 | 0 | 0 |
| വയനാട് | 26 | 26 | 26 | 25 | 2 | 26 | 43 |
| കണ്ണൂർ | 18 | 18 | 18 | 18 | 8 | 4 | 14.8 |
| ആകെ | 230 | 209 | 207 | 176 | 52 | 47 | 237.17 |

പശ്ചിമഘട്ട മേഖലയിൽ മണ്ണൊലിപ്പിനും ഉരുൾപൊട്ടലുമുള്ള സാദ്ധ്യതകൾ ലഘൂകരിക്കുന്നതിനായി നീർച്ചാലുകൾ പുനരുജ്ജിവിപ്പിച്ച് നീരൊഴുക്ക് സുഗമമാക്കേണ്ടതുണ്ട്. ഇതിന്റെ ആദ്യ ഘട്ടമായി നീർച്ചാലുകളുടെ ശാസ്ത്രീയമായ മാപിംഗ് "മാപത്തോൺ" നടന്നു വരുന്നു.

RKI യുടെ സഹായത്തോടെയുള്ള ഈ പദ്ധതി 9 ജില്ലകളിൽ പുരോഗതിയിലാണ്. ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗിച്ച് കേരളത്തിലെ എല്ലാ ശ്രേണിയിലുംപെട്ട നീർചാലുകളുടെ വ്യത്യസ്തവും കൃത്യതയുമുള്ള മാപ്പുകൾ നിർമ്മിക്കുന്ന പ്രവർത്തനമാണ് നടന്നുവരുന്നത്. ലക്ഷ്യം വച്ചിട്ടുള്ള 230 ഗ്രാമപഞ്ചായത്തുകളിലെ, 209 ഗ്രാമപഞ്ചായത്തുകളിൽ മാപത്തോൺ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ മാത്രമാണ് മാപ്പിംഗ് ജോലികൾ തീർക്കുവാനുള്ളത് ഇടുക്കി ജില്ലയിൽ താരതമ്യേന റോഡുകൾ തീരെ ഇല്ലാത്ത പ്രദേശവും, ചെങ്കുത്തായ മലനിരകളും, എസ്റ്റേറ്റ് മേഖലയും ആയതിനാൽ ഫീൽഡ് പ്രവർത്തനം ഏറെ ബുദ്ധിമുട്ടനുഭവിക്കുന്നു എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

### 4.1 മാപത്തോൺ പ്രവർത്തനപുരോഗതി - ഡിസംബർ 2023

മാപത്തോൺ പൂർത്തീകരിച്ച പഞ്ചായത്തുകളിൽ പ്രവർത്തനങ്ങളായ നീർച്ചാലുകൾ വീണ്ടെടുത്ത് നീരൊഴുക്ക് സുഗമമാക്കി, മണ്ണിടിച്ചിലും ഉരുൾ പൊട്ടലും കുറയ്ക്കുന്നതിനുവേണ്ടിയുള്ള അടുത്ത ഘട്ട പ്രവർത്തനങ്ങൾ കൊല്ലം, പത്തനംത്തിട്ട, കോട്ടയം, എറണാകുളം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ 7 ജില്ലകളിൽ ഉൾപ്പെട്ട 52 ഗ്രാമപഞ്ചായത്തുകളിൽ ആരംഭിച്ചു. രണ്ടാം ഘട്ട

പ്രവർത്തനങ്ങൾക്കായി പഞ്ചായത്തുകളിൽ ആക്ഷൻ പ്ലാൻ തയാറാക്കിയിട്ടുണ്ട്.

- ❖ സംസ്ഥാനത്ത് മാപത്തോൺ പൂർത്തീകരിച്ച പഞ്ചായത്തുകളിൽ ഡിസംബർ മാസം 61. 27 കി.മീ. നീർച്ചാൽ ശൃംഖല വീണ്ടെടുക്കൽ പ്രവർത്തനം പൂർത്തീകരിച്ചു. നാളിതുവരെ 52 ഗ്രാമപഞ്ചായത്തുകളിലായി 237.17 കി.മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി.
- ❖ കൊല്ലം ജില്ലയിൽ ആര്യങ്കാവ് ഗ്രാമപഞ്ചായത്തിലെ നീർച്ചാലുകൾ സ്റ്റേറ്റ് മിഷന്റെ നേതൃത്വത്തിൽ പരിശോധന നടത്തിയിരുന്നു. സ്ഥിരമായി ഉരുൾ പൊട്ടൽ സാദ്ധ്യതയുള്ള ഈ സ്ഥലങ്ങളിൽ ദുരന്ത നിവാരണ നിയമപ്രകാരം റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് പ്രവർത്തികൾ ആരംഭിക്കുന്നതിന് ജില്ലാകളക്ടർക്ക് ഫയൽ സമർപ്പിച്ചു.
- ❖ കൊല്ലം ജില്ലയിൽ പിറവന്തൂർ ഗ്രാമപഞ്ചായത്തിൽ സുരക്ഷിതമക്കാം പശ്ചിമഘട്ടത്തിൽ 13 നീർച്ചാലുകളാണ് ആണ് കണ്ടെത്തിയിട്ടുള്ളത്. ഇതിൽ 7 എണ്ണം വിവിധ ഫണ്ടിൽ ഉൾപ്പെടുത്തി ചെയ്തിട്ടുണ്ട്. മറ്റ് 6 നീർച്ചാലുകളുടെ വീണ്ടെടുക്കൽ പ്രവർത്തനം തൊഴിലുറപ്പ് പദ്ധതി പ്രകാരം നടത്തുന്നതിന് സാധിക്കുകയില്ല. പ്രളയംമൂലം നീർച്ചാലുകൾ ഗതിമാറി ഒഴുകുന്നുണ്ട്. വിശദമായ പഠനങ്ങൾക്ക് ശേഷം ദുരന്ത നിവാരണ നിയമപ്രകാരം റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് പ്രവർത്തികൾ ഏറ്റേടുക്കുന്നതിനായി റിപ്പോർട്ട് ജില്ലാകളക്ടർക്ക് സമർപ്പിച്ചു.
- ❖ മാപ്പത്തോൺ ക്യാമ്പയിന്റെ തുടർപ്രവർത്തനത്തനങ്ങൾ ചർച്ച ചെയ്യുന്നതിനായി ജില്ലാതല ശില്പശാല പാലക്കാട് നടന്നു. "മാപ്പത്തോൺ കണ്ടെത്തലുകളും തുടർപ്രവർത്തനങ്ങളും" അവതരണം, മാപ്പത്തോൺ ഇന്റേൺസിനു സർട്ടിഫിക്കറ്റ് വിതരണം, മാപ്പത്തോൺ പ്രവർത്തന റിപ്പോർട്ടിന്റെ പുസ്തകം പ്രകാശനം എന്നിവ ശിൽപശാലയിൽ നടന്നു.

**മാപ്പത്തോൺ ത്രൈമാസ അവലോകനം**

| നടന്ന മാസം | മാപ്പത്തോൺ- തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകൾ (എണ്ണം) | പുരോഗതി | | | | | |
|---|---|---|---|---|---|---|---|
| | | ഫീൽഡ് വിസിറ്റ് പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകൾ (എണ്ണം) | % | അപ്രൂവൽ ലഭിച്ച ഗ്രാമപഞ്ചായത്തുകൾ (എണ്ണം) | % | മാപ്പത്തോൺ മൂന്നാം ഘട്ടം ആരംഭിച്ച ഗ്രാമപഞ്ചായത്തുകൾ (എണ്ണം) | പുനരുജ്ജീവിപ്പിച്ചതോട് / നീർച്ചാലിന്റെ നീളം (കിമീ) |
| ഒക്ടോബർ | 230 | 201 | 87 | 159 | 69 | 21 | 134.0 |
| നവംബർ | | 204 | 89 | 165 | 72 | 44 | 175.9 |
| ഡിസംബർ | | 209 | 91 | 176 | 77 | 52 | 237.17 |

| നടന്ന മാസം | മാപ്പത്തോൺ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളില്ലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ഒക്ടോബർ | 9 | 46 | 41 | 215 | 302 | 0 | 0 | 1 | 31 | 22 | 180 |
| നവംബർ | 12 | 93 | 67 | 103 | 263 | 1 | 58 | 1 | 10 | 51 | 55 |
| ഡിസംബർ | 21 | 103 | 136 | 275 | 514 | 1 | 150 | 0 | 0 | 57 | 46 |
| ആകെ | 42 | 242 | 244 | 593 | 1079 | 2 | 208 | 2 | 41 | 130 | 281 |

## 5) പച്ചത്തുരുത്തുകൾ

പച്ചത്തുരുത്ത് പദ്ധതിയുടെ ഭാഗമായി ഡിസംബർ മാസത്തിൽ 2.15 ഏക്കർ സ്ഥലത്തു 26 പുതിയ പച്ചത്തുരുത്തുകൾ സ്ഥാപിച്ചു. ഇതു ഉൾപ്പെടെ 2019 ജൂൺ മാസം മുതൽ ഇതുവരെ 841

ഏക്കർ സ്ഥലത്ത് 2902 പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.

- ❖ തിരുവനന്തപുരം ജില്ലയിൽ 26.6 സെന്റ് ആകെ വിസ്തൃതിയിൽ 6 പുതിയ പച്ചത്തുരുത്തുകളും, കാസർഗോഡ് ജില്ലയിൽ 23.5 സെന്റ് ആകെ വിസ്തൃതിയിൽ 11 പുതിയ പച്ചത്തുരുത്തുകളും തുടങ്ങിയിട്ടുള്ളതാണ് ഡിസംബർ മാസത്തിലെ ശ്രദ്ധേയമായ പ്രവർത്തനം.
- ❖ ഡിസംബർ മാസം 103 പച്ചത്തുരുത്തുകളിൽ പുനർ സന്ദർശനം നടത്തി അവസ്ഥ പരിശോധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുനർ സന്ദർശനം നടത്തിയ പച്ചത്തുരുത്തുകളിൽ 23 ഇടങ്ങളിലായി 425 പുതുതൈകൾ നട്ടിട്ടുണ്ട്. പുനർ സന്ദർശനം നടത്തിയ പച്ചത്തുരുത്തുകളിൽ 34 പച്ചത്തുരുത്തുകളിൽ ജൈവവേലി സ്ഥാപിച്ചിട്ടുള്ളതായും 51 പച്ചത്തുരുത്തുകളിൽ സംഘാടക സമിതി രൂപീകരിച്ചിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
- ❖ കൊല്ലം ജില്ലയിൽ ഡിസംബർ മാസം പുതിയതായി തൊടിയൂർ, ആദിച്ചനല്ലൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലായി 2 പച്ചത്തുരുത്തുകൾ കൂടി ആരംഭിച്ചിട്ടുണ്ട്.
- ❖ തിരുവനന്തപുരം കോർപ്പറേഷൻ പൂങ്കുളംവാർഡ് ഇ.എം.എസ്.നഗറിൽ പച്ചത്തുരുത്ത് ആരംഭിച്ചു.
- ❖ കാസർഗോഡ് ജില്ലയിൽ ഡിസംബർ 2 ന് പച്ചത്തുരുത്ത് ജില്ലാ തല ശിൽപ്പശാല ജില്ലാ പഞ്ചായത്ത് ഹാളിൽ വെച്ച് നടന്നു. വിവിധ ഏജൻസികൾ മുഖേന പുതിയ പച്ചത്തുരുത്തുകൾ ഉണ്ടാക്കുന്നതിനും പച്ചത്തുരുത്തുകൾ വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമാണ് ശിൽപ്പശാല സംഘടിപ്പിച്ചത്.
- ❖ കോട്ടയം ജില്ലയിൽ മണർകാട് ഗ്രാമപഞ്ചായത്തിലെ ഗവ. യു.പി സ്കൂളിൽ ഫലവൃക്ഷ പച്ചത്തുരുത്ത ഉദ്ഘാടനം നടന്നു. കടപ്ലാമറ്റം ഗ്രാമപഞ്ചായത്തിലെ എസ്.കെ.വി ഗവ യു.പി സ്കൂളിൽ ഔഷധ സസ്യ തോട്ടം ആരംഭിച്ചു.
- ❖ കോട്ടയം ജില്ലയിൽ പൊൻകുന്നം ഹൈസ്കൂളിലെ പഴയകെട്ടിടം നീക്കം ചെയ്തതിന്റെയും, പച്ചത്തുരുത്തിൽ റോഡിലേക്ക് നിന്ന വലിയ വൃക്ഷങ്ങൾ മുറിച്ചു മാറ്റിയതിന്റെയും, ഭാഗമായി പച്ചത്തുരുത്തിലെ തൈകൾ എല്ലാം നഷ്ടമായിരിക്കുകയാണ്. 20 ഓളം ഫലവൃക്ഷങ്ങളും, മറ്റ് ഔഷധ സസ്യങ്ങളും ഉണ്ടായിരുന്ന പച്ചത്തുരുത്തിൽ നിലവിൽ 3 തൈകൾ മാത്രമാണ് ഉള്ളത്.

### പച്ചത്തുരുത്ത് ത്രൈമാസ അവലോകനവും

| പച്ചത്തുരുത്ത് | | | | | |
|---|---|---|---|---|---|
| സ്ഥാപിച്ച പച്ചത്തുരുത്തുകൾ | സെപ്റ്റംബർ വരെ | ഒക്ടോബർ | നവംബർ | ഡിസംബർ | ആകെ |
| എണ്ണം | 2703 | 59 | 114 | 26 | 2902 |
| വിസ്തൃതി (ഏക്കർ) | 816.76 | 8.25 | 14 | 2.151 | 841.17 |
| പച്ചത്തുരുത്ത്-റീവിസിറ്റ് | | 40 | 76 | 103 | |

| പച്ചത്തുരുത്ത് | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| നടന്ന മാസം | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ഒക്ടോബർ | 104 | 110 | 312 | 250 | 672 | 11 | 192 | 2 | 7 | 151 | 34 |
| നവംബർ | 55 | 85 | 96 | 269 | 450 | 2 | 65 | 0 | 0 | 218 | 301 |
| ഡിസംബർ | 63 | 82 | 160 | 112 | 354 | 2 | 76 | 2 | 24 | 157 | 228 |
| ആകെ | 222 | 277 | 568 | 631 | 1476 | 15 | 333 | 4 | 31 | 526 | 563 |

### 5.1 വിലയിരുത്തൽ

- ❖ കഴിഞ്ഞ മൂന്ന് മാസത്തിൽ 24.4 ഏക്കർ വിസ്തൃതിയിൽ 199 പുതിയ പച്ചത്തുരുത്തുകൾ സംസ്ഥാനത്ത് സ്ഥാപിക്കുവാൻ ഹരിത കേരളം മിഷന്റെ ശ്രമഫലമായി സാധിച്ചിട്ടുണ്ട്. കാസർഗോഡ്, കൊല്ലം, പാലക്കാട്, തിരുവനന്തപുരം ജില്ലകളിൽ പച്ചത്തുരുത്തുമായി ബന്ധപ്പെട്ട്

കൂടുതൽ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. എന്നിരുന്നാലും മറ്റ് പല ജില്ലകളിലും നാമമാത്രമായ പ്രവർത്തനങ്ങളാണ് നടന്നിട്ടുള്ളത്.

- ❖ നടീൽ തൈകളുടെ ലഭ്യത കുറവ് മറ്റൊരു പ്രധാന കാരണമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ പാലോട് ബൊട്ടാണിക്കൽ ഗാർഡൻ, KFRI തൃശ്ശൂർ എന്നിവിടങ്ങളിൽ നിന്നുമാണ് തൈകൾ പ്രധാനമായും ലഭ്യമാക്കുന്നത് ഈ സ്ഥാപങ്ങളിൽ നിന്നും വിദൂര ജില്ലകളിൽ തൈകൾ എത്തിക്കുക എന്നതും പ്രായോഗിക ബുദ്ധിമുട്ടുളവാകുന്നു. വിവിധ സ്ഥാപനങ്ങളെ ചുമതലപെടുത്തിയും തൊഴിലുറപ്പ് വഴി നഴ്സറികൾ ആരംഭിച്ചും ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്.
- ❖ പച്ചത്തുരുത്തിന്റ പരിപാലനത്തിനു സംഘാടക സമിതി രൂപീകരിക്കാത്തതും, രൂപീകരിച്ചവ കുറ്റമറ്റരീതിയിൽ പ്രവർത്തിക്കാത്തതും സ്ഥാപിച്ച പല പച്ചത്തുരുത്തുകളും നശിച്ചു പോകാൻ കാരണമായിട്ടുണ്ട്. സ്ഥാപിച്ച പച്ചതുരുത്തുകളിൽ പുനർ സന്ദർശനം നടത്തി പച്ചത്തുരുത്ത് വീണ്ടെടുക്കുവാനുള്ള പ്രവർത്തനങ്ങൾ ഹരിത കേരളം മിഷൻ ഏറ്റെടുത്തിട്ടുണ്ട്.

## 6) കാർഷിക മേഖലയിലെ ഇടപെടലുകൾ

ബഹു മുഖ്യമന്ത്രിയുടെ സംസ്ഥാനതല മിഷൻ അവലോകന യോഗതീരുമാന പ്രകാരം ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്ന ഹരിത സമൃദ്ധി വാർഡ്, തരിശ്ശു രഹിത ഗ്രാമം, ദേവഹരിതം, വ്യവസായ സ്ഥാപനങ്ങളിലെ കൃഷി, പച്ചക്കറി വ്യാപന പരിപടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കൃഷിയോഗ്യമായ തരിശ്ശു ഭൂമി കണ്ടെത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കൃഷി ചെയ്തു തരിശ്ശുരഹിത ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി ഓരോ ബ്ലോക്കിലുംപെട്ട ഒരു ഗ്രാമപഞ്ചായത്തിനെ തിരഞ്ഞെടുത്തിട്ടുണ്ട്. റിപ്പോർട്ട് മാസം വരെ 164 ഗ്രാമപഞ്ചായത്തുകളെ തരിശ്ശുരഹിതമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. നിലവിൽ 5 ഗ്രാമപഞ്ചായത്തുകളെ തരിശ്ശു രഹിത ഗ്രാമമായി പ്രഖ്യാപിച്ചിട്ടുണ്ട്.

ഒരു വാർഡിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി നടപ്പാക്കുന്ന ഹരിത സമൃദ്ധി വാർഡ് പദ്ധതി നടപ്പിലാക്കുന്നതിനായുള്ള പ്രവർത്തനം റിപ്പോർട്ട് മാസം വരെ 1888 വാർഡുകളിൽ നടന്നു വരുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, എറണാകുളം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലായി 171 ഹരിത സമൃദ്ധി വാർഡുകളുടെ പ്രഖ്യാപനം നടത്തി. ആരാധനാലയങ്ങളിലെ തരിശ്ശുഭൂമി കൃഷി ചെയ്യുന്നതിനായുള്ള ദേവഹരിതം പദ്ധതി റിപ്പോർട്ട് മാസം വരെ 59 ദേവാലയങ്ങളിൽ നടന്നു വരുന്നു.

- ❖ തിരുവന്തപുരം ജില്ലയിൽ കുളത്തൂർ ഗ്രാമ പഞ്ചായത്ത് തരിശരഹിത, ഹരിത സമൃദ്ധിപ്രഖ്യാപനം നടത്തി. കുളത്തൂർ ഗ്രാമപഞ്ചായത്തിലെ ഏറ്റവും മികച്ച ഹരിത വിദ്യാലയമായി എൽ എം എസ് എൽപിഎസ് കാക്കറ വിളയും, മികച്ച ഹരിത ഓഫീസായി ഫാമിലി ഹെൽത്ത് സെന്റർ പൊഴിയൂർ, ആയുർവേദ ആശുപത്രി കുളത്തൂർ എന്നീ സ്ഥാപനങ്ങളെയും തിരഞ്ഞെടുത്തു.
- ❖ കൊല്ലം ജില്ലയിൽ അലയമൺ ഗ്രാമപഞ്ചായത്തിൽ കണ്ണങ്കോട്, ചണ്ണപ്പേട്ട, പുത്തയം എന്നീ വാർഡുകൾ 28/12/23-ന് ഹരിത സമൃദ്ധി വാർഡുകളായി പ്രഖ്യാപിച്ചു.
- ❖ കൊല്ലം ജില്ലയിൽ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിൽ ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ പാടശേഖരസമിതിയുമായി ചേർന്ന് 5 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ആരംഭിച്ചു. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡിലേക്കും കുറ്റിപ്പയറിന്റെ വിത്ത് വിതരണം ചെയ്തു വരുന്നു.
- ❖ കൊല്ലം ജില്ലയിൽ പവിത്രേശ്വരം കൃഷിഭവനിലെ വിവിധ പാടശേഖരങ്ങളിൽ കൃഷി വിജ്ഞാന കേന്ദ്രം സദാനന്ദപുരം, FACT എന്നിവയുടെ ആഭിമുഖ്യത്തിൽ ഡ്രോൺ സാങ്കേതിക വിദ്യ ഉപയോഗിച്ച് വളപ്രയോഗം നടത്തി. നൂതന സാങ്കേതിക വിദ്യകൾ കർഷകർക്ക് നേരിട്ട് കാണുന്നതിനും മനസിലാക്കുന്നതിനും വേണ്ടിയാണ് ഇത്തരം പരിപാടികൾ നടത്തിവരുന്നത്. 1 ഏക്കർ സ്ഥലത്തെ നെൽകൃഷിക്ക് 8 മിനിറ്റ് മതി ഡ്രോൺ ഉപയോഗിച്ച് വള പ്രയോഗം നടത്താൻ.

- ❖ കൊല്ലം ജില്ലയിൽ ദേവഹരിതം പദ്ധതിയുടെ ഭാഗമായി കരീപ്ര ഗ്രാമപഞ്ചായത്തിലെ ഗുരുനാഥൻമുകൾ മഹാദേവർക്ഷേത്രത്തിൽ 50 സെൻറ് വിസ്തൃതിയിൽ 80 ഫലവൃക്ഷ തൈകൾ നട്ടുകൊണ്ട് 10/12/23-ന് ഉദ്ഘാടനം നടത്തി.
- ❖ കണ്ണൂർ ജില്ലയിൽ ചെമ്പിലോട് ഗ്രാമപഞ്ചായത്തിലെ വെള്ളച്ചാൽ വാർഡിനെ ഹരിത സമൃദ്ധി വാർഡായി പ്രഖ്യാപിച്ചു.
- ❖ കാസർഗോഡ് 4 വാർഡുകളെ ഇതുവരെ ഹരിത സമൃദ്ധി വാർഡുകളായി പ്രഖ്യാപിച്ചു.
- ❖ വയനാട് ജില്ലയിൽ 15 ഗ്രാമപഞ്ചായത്തുകളിലായി 30 വാർഡുകൾ ഡിസംബർ മാസം സ്ഥാപനമായി പ്രഖ്യാപിച്ചു.

**കാർഷിക മേഖലയിലെ ഇടപെടലുകൾ ത്രൈമാസ അവലോകനം**

| നടന്ന മാസം | കാർഷിക മേഖലയിലെ ഇടപെടലുകൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ഒക്ടോബർ | 98 | 426 | 345 | 687 | 1458 | 10 | 478 | 0 | 0 | 185 | 456 |
| നവംബർ | 69 | 300 | 208 | 774 | 1282 | 1 | 30 | 0 | 1 | 189 | 286 |
| ഡിസംബർ | 61 | 143 | 125 | 275 | 543 | 0 | 0 | 0 | 0 | 83 | 61 |
| ആകെ | 228 | 869 | 678 | 1736 | 3283 | 11 | 508 | 0 | 1 | 457 | 803 |

| | തരിശുരഹിത ഗ്രാമം | | ഹരിതസമൃദ്ധി വാർഡുകൾ | |
|---|---|---|---|---|
| ജില്ല | Target | തെരഞ്ഞെടുത്ത ത.സ്വ.ഭ.സ എണ്ണം (Net Zero GP Included) | Target | തെരഞ്ഞെടുത്ത വാർഡുകളുടെ എണ്ണം |
| TVM | 11 | 10 | 220 | 287 |
| KLM | 11 | 23 | 220 | 226 |
| PTA | 8 | 6 | 160 | 68 |
| ALP | 12 | 12 | 240 | 230 |
| KYM | 11 | 7 | 220 | 32 |
| IDK | 8 | 6 | 160 | 43 |
| ERM | 14 | 7 | 280 | 0 |
| TSR | 16 | 15 | 320 | 89 |
| PKD | 13 | 17 | 260 | 199 |
| MLP | 15 | 15 | 300 | 268 |
| KZD | 12 | 12 | 240 | 275 |
| WYD | 4 | 6 | 80 | 52 |
| KNR | 11 | 16 | 220 | 46 |
| KSD | 6 | 12 | 120 | 73 |
| Total | 152 | 164 | 3040 | 1888 |

## 7) ജലഗുണനിലവാര നിർണ്ണയ ലാബ്

ജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനോടൊപ്പം കുടിക്കുന്ന വെള്ളം ശുദ്ധവും സുരക്ഷിതവുമാണെന്ന് ഉറപ്പാക്കുന്നതിനുവേണ്ടി ജലസാമ്പിളുകൾ പരിശോധിക്കാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഉള്ള ഒരു ഹയർ സെക്കൻഡറി സ്കൂളിലും ഒരു ജല ഗുണനിലവാര നിർണ്ണയ ലാബ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. വളരെ എളുപ്പത്തിലും വലിയ പണച്ചിലവ് ഇല്ലാതെയും പൊതുജനങ്ങൾക്ക് ഇത്തരം സംവിധാനങ്ങൾ ഉപയോഗിക്കുവാൻ

ലക്ഷ്യമിട്ടാണ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജലഗുണ പരിശോധന ലാബുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യം ഹരിത കേരളം മിഷൻ മുന്നോട്ട് വെച്ചത്.

534 ഹയർ സെക്കൻഡറി സ്കൂളുകളിൽ ജല ഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഡിസംബർ മാസം വരെ ആകെ 207 സ്കൂളുകളിൽ ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. ലാബുകൾ സ്ഥാപിച്ച 194 സ്കൂളുകളിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. 327 ഹയർ സെക്കൻഡറി സ്കൂളുകളിൽ ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഡിസംബർ മാസത്തെ 2422 ജലസാമ്പിളുകൾ പരിശോധിച്ചത് ഉൾപ്പെടെ 22490 ജലസാമ്പിളുകൾ ഈ ലാബുകളിൽ നാളിതുവരെ പരിശോധിച്ചിട്ടുണ്ട്.

❖ തിരുവനന്തപുരം ജില്ലയിൽ വാമനപുരം നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന സ്കൂളുകളിൽ ഡിസംബർ 15 വരെ ക്യാമ്പയിൻ അടിസ്ഥാനത്തിൽ നടത്തിയ ലാബ് ടെസ്റ്റുകളുടെ ഭാഗമായി 992 ലാബ് ടെസ്റ്റുകൾ ഡിസംബർ മാസത്തിൽ നടത്താൻ സാധിച്ചു.
❖ കണ്ണൂർ ജില്ലയിലെ ധർമ്മടം മണ്ഡലത്തിലെ ജല ഗുണതാ ലാബുകളിൽ തുടർ പരിശോധനകൾ നടത്താൻ ആവശ്യമായ കെമിക്കലുകൾ, മൾട്ടി പരാമീറ്റർ, മറ്റു സാമഗ്രികൾ തുടങ്ങിയവയുടെ സാമ്പിൾ എസ്റ്റിമേറ്റ് തയ്യാറാക്കി മുഖ്യമന്ത്രിയുടെ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്. ഹരിത കേരളം ജില്ലാ മിഷൻ തയ്യാറാക്കി നൽകിയ സാമ്പിൾ എസ്റ്റിമേറ്റ് പ്രകാരം CSR ഫണ്ട് ലഭ്യമാക്കി ലാബുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രിയുടെ മണ്ഡലം ഓഫീസ് അറിയിച്ചിട്ടുണ്ട്.
❖ കാസർഗോഡ് ജില്ലയിൽ ബളാംന്തോട് സ്കൂളിലെ ജലഗുണനിലവാര പരിശോധന ലാബ് ഉദ്ഘാടനം ചെയ്തു.
❖ ഡിസംബർ 1 ന് ഉദുമ ഗവ ഹയർസെക്കണ്ടറി സ്കൂളിൽ വെച്ച് ജലഗുണനിലവാര പരിശോധന പരിശീലനം സംഘടിപ്പിച്ചു. 11 സ്കൂളിൽ നിന്നും ടീച്ചർമാരുടെ പങ്കാളിത്തം ഉണ്ടായിരുന്നു.
❖ പാലക്കാട് ജില്ലയിൽ ചിറ്റൂർ നിയോജകമണ്ഡലത്തിലെ 10 സ്കൂളുകളിലാണ് ആദ്യഘട്ടത്തിൽ ലാബ് സ്ഥാപിച്ചിട്ടുള്ളത്. നിലവിൽ ചിറ്റൂർ നഗരസഭയിലെ ഗവ. വിക്ടോറിയ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ മാത്രമാണ് ജലഗുണനിലവാര പരിശേധനകൾ നടന്നു വരുന്നത്.

**ജലഗുണനിലവാര നിർണ്ണയ ലാബ് ത്രൈമാസ അവലോകനം**

| ജില്ലാ | പ്രവർത്തന സജ്ജമായ ലാബുകൾ | വാട്ടർ ടെസ്റ്റിംഗ് | | | | |
|---|---|---|---|---|---|---|
| | | സെപ്റ്റംബർ വരെ | ഒക്ടോബർ | നവംബർ | ഡിസംബർ | ആകെ |
| തിരുവനന്തപുരം | 13 | 262 | 18 | 288 | 806 | 1374 |
| കൊല്ലം | 11 | 535 | 50 | 342 | 54 | 981 |
| പത്തനംതിട്ട | 0 | 4 | 0 | 2 | 1 | 7 |
| ആലപ്പുഴ | 22 | 15 | 0 | 159 | 375 | 549 |
| കോട്ടയം | 0 | 101 | 4 | 4 | 6 | 115 |
| ഇടുക്കി | 35 | 1392 | 156 | 90 | 53 | 1,691 |
| എറണാകുളം | 0 | 71 | 1 | 8 | 3 | 83 |
| തൃശ്ശൂർ | 54 | 11305 | 856 | 801 | 986 | 13,948 |
| പാലക്കാട് | 10 | 149 | 5 | 4 | 16 | 174 |
| മലപ്പുറം | 0 | 87 | 4 | 3 | 1 | 95 |
| കോഴിക്കോട് | 29 | 1700 | 17 | 52 | 1 | 1,770 |
| വയനാട് | 0 | 15 | 0 | 0 | 0 | 15 |
| കണ്ണൂർ | 21 | 1561 | 0 | 0 | 3 | 1,564 |
| കാസർഗോഡ് | 12 | 7 | 0 | 0 | 117 | 124 |
| ആകെ | 207 | 17204 | 1111 | 1753 | 2422 | 22490 |

### 7.1 വിലയിരുത്തൽ

1. ജില്ലകളിൽ ടാർജറ്റ് പ്രകാരമുള്ള ടെസ്റ്റുകൾ നടത്തുന്നതിനായി സാധിച്ചിട്ടില്ല. കെമിക്കൽ കിറ്റുകൾ ഡേറ്റ് കഴിഞ്ഞതും, കെമിക്കൽ ഇല്ലാത്തതും ടെസ്റ്റിന്റെ എണ്ണത്തെ ബാധിച്ചു. ചില ഗ്രാമപഞ്ചായത്തുകളിൽ കെമിക്കൽ വാങ്ങുന്നതിനായി ഈ സാമ്പത്തിക വർഷം പ്രോജക്റ്റ് ഏറ്റെടുത്തിട്ടുണ്ട്. ആയത് ടെണ്ടർ നടപടികളിലേക്ക് നീങ്ങിയിട്ടുണ്ട്. മറ്റ് ഗ്രാമപഞ്ചായത്തുകളിൽ അടുത്ത ഡി.പി.സിയിൽ പ്രോജക്റ്റ് ഏറ്റെടുക്കാനും, കെമിക്കലും കിറ്റും വാങ്ങി പ്രവർത്തനം നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.
2. എൻഎസ്എസ് വളണ്ടീയർമാരുടെ സേവനം ഉപയോഗിച്ചു കൊണ്ട് പരിശോധന സാമ്പിളുകൾ ശേഖരിക്കാൻ ജില്ലകളിലുള്ള എല്ലാ സ്കൂളിലും ഇടപെടൽ നടത്തിയിട്ടുണ്ട്. സ്കൂൾ തലത്തിൽ പരീക്ഷയും ക്രിസ്തുമസ് അവധിയുമായതിനാൽ വേണ്ടത്ര പുരോഗതി ഉണ്ടായിട്ടില്ല. എൻഎസ്എസ് ക്യാമ്പുകൾ മറ്റ് പ്രദേശങ്ങളിലായതിനാൽ സാമ്പിൾ ശേഖരണം വിജയിച്ചില്ല. ജനുവരി മാസത്തിൽ പ്രത്യേകമായ കാമ്പയിനിലൂടെ ലക്ഷ്യം പൂർത്തിയാക്കാൻ കഴിയും.
3. എം.എൽ.എ മാർ അനുവദിച്ച പുതിയ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള കാല താമസം ജില്ലകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിർവഹണ ഏജൻസിയുടെ ഭാഗത്തു നിന്നും ഉള്ള കാലതാമസമാണ് ലാബുകൾ സ്ഥാപിക്കുന്നതിനുള്ള പ്രധാന പ്രശ്നം.

## 8) ഹരിത സ്ഥാപനം

ഹരിത കേരളം മിഷനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി യോജിച്ചു കൊണ്ട് കേരളത്തിലെ എല്ലാ ജില്ലകളിലും ഉൾപ്പെടുന്ന 7943 തിരഞ്ഞെടുത്ത വിദ്യാലയങ്ങൾ, കോളേജുകൾ, ഓഫീസുകൾ, ഓഫീസ് കോംപ്ലക്സുകൾ എന്നിവ മുൻഗണനാ ക്രമത്തിൽ മാതൃക ഹരിത സ്ഥാപനമായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

### ഹരിത സ്ഥാപനം ത്രൈമാസ അവലോകനം

| ഹരിത സ്ഥാപനം | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| നടന്ന മാസം | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ഒക്ടോബർ | 1310 | 1932 | 4042 | 3208 | 9182 | 47 | 2184 | 32 | 1470 | 691 | 2736 |
| നവംബർ | 600 | 889 | 1535 | 4683 | 7107 | 39 | 2075 | 13 | 833 | 1495 | 1876 |
| ഡിസംബർ | 1131 | 970 | 2468 | 2538 | 5871 | 32 | 220 | 33 | 916 | 1772 | 3415 |
| ആകെ | 3041 | 3791 | 8045 | 10429 | 22160 | 118 | 4479 | 78 | 3219 | 3958 | 8027 |

| ഹരിത സ്ഥാപനം - പ്രവർത്തന പുരോഗതി | | | | | | |
|---|---|---|---|---|---|---|
| | ഒക്ടോബർ | % | നവംബർ | % | ഡിസംബർ | % |
| ഹരിത സ്ഥാപനമായി മാറ്റുന്നതിനു തിരഞ്ഞെടുത്ത സ്ഥാപനങ്ങൾ | 7943 | | | | | |
| പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ച സ്ഥാപനങ്ങൾ | 5351 | 67.36% | 6054 | 76.21% | 7878 | 99.18% |
| നോഡൽ ഓഫീസർമാരെ നിയമിച്ച സ്ഥാപനങ്ങൾ | 4525 | 56.96% | 5295 | 66.66% | 6938 | 87.35% |
| ഒറ്റതവണ ഉപയോഗ സാധനങ്ങളുടെ ഉപയോഗം പൂർണമായും ഒഴിവാക്കിയ സ്ഥാപനങ്ങൾ | 4936 | 62.14% | 5639 | 70.99% | 6978 | 87.85% |
| മോണിറ്ററിങ് നടത്തിയ സ്ഥാപനങ്ങൾ | 1917 | 24.13% | 1101 | 13.86% | 1956 | 24.63% |

| | | | | | | |
|---|---|---|---|---|---|---|
| അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ഹരിതകർമസേനക്ക് കൈമാറുന്ന സ്ഥാപനങ്ങൾ | 5321 | 66.98% | 5907 | 74.36% | 7191 | 90.53% |
| പ്ലാസ്റ്റിക് ബദൽ സംവിധാനങ്ങൾ ലഭ്യമാക്കിയിട്ടുള്ള സ്ഥാപനങ്ങൾ | 3287 | 41.38% | 3825 | 48.15% | 5298 | 66.70% |
| ജൈവമാലിന്യങ്ങൾ കമ്പോസ്റ്റ്/ബയോഗ്യാസ് ആക്കാൻ സംവിധാനമുള്ള സ്ഥാപനങ്ങൾ | 2834 | 35.67% | 3186 | 40.11% | 4630 | 58.29% |
| ഇ വേസ്റ്റ്, ഹസാർഡസ് വേസ്റ്റ് എന്നിവ ക്ളീൻ കേരള കമ്പനിക്ക് കൈമാറുന്ന സ്ഥാപനങ്ങൾ | 2065 | 25.99% | 2325 | 29.27% | 3711 | 46.72% |
| ഗ്രീൻ പ്രോട്ടോകോൾ പാലിച്ച് മാത്രം പരിപാടികൾ സംഘടിപ്പിക്കുന്ന സ്ഥാപനങ്ങൾ | 4119 | 51.85% | 4735 | 59.61% | 6455 | 81.27% |
| ഇ ഫയലിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ | 2047 | 25.77% | 2468 | 31.07% | 4155 | 52.31% |
| വൃത്തിയുള്ള ശുചിമുറി സംവിധാനം ലഭ്യമായ സ്ഥാപനങ്ങൾ | 5631 | 70.89% | 6001 | 75.55% | 7449 | 93.78% |
| മലിനജലം നിർമാർജനം ചെയ്യാൻ സംവിധാനമുള്ള സ്ഥാപനങ്ങൾ | 3325 | 41.86% | 3908 | 49.20% | 5450 | 68.61% |

ജില്ലകളിൽ തിരഞ്ഞെടുത്ത സ്ഥാപനങ്ങളെ നിർദിഷ്ട പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തിയിട്ടുണ്ട്. വിലയിരുത്തൽ ഫോറം ഹരിതകേരളം മിഷൻ തയ്യാറാക്കി നല്കിയിട്ടുണ്ട്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പരിശോധന കമ്മിറ്റി ജില്ല അടിസ്ഥാനത്തിൽ രൂപീകരിച്ചാണ് വിവിധ തലത്തിലെ ഓഫീസുകൾ വിലയിരുത്തി ഗ്രേഡിംഗ് നല്കിയത്.

- ❖ തിരുവനന്തപുരം ജില്ലയിലെ കുളത്തൂർ ഗ്രാമപഞ്ചായത്തിലെ 59 സ്ഥാപനങ്ങളെ ഹരിത ഓഫീസ് ആയി പ്രഖ്യാപിച്ചു, 15 സ്കൂളുകളെ ഹരിത വിദ്യാലയമായി പ്രഖ്യാപിച്ചു.
- ❖ ഡിസംബർ മാസത്തിൽ കൊല്ലം ജില്ലയിൽ 6 വിദ്യാലയങ്ങളെ ഹരിത വിദ്യാലയങ്ങളായി പ്രഖ്യാപിച്ചു. ഹരിത ഓഫീസ് പ്രഖ്യാപനങ്ങളുടെ ഭാഗമായി ജില്ലയിൽ 296 ഓഫീസുകളിൽ പരിശോധനയും ഗ്രേഡിങ്ങും പൂർത്തീകരിച്ചു. 46 സ്ഥാപനങ്ങൾക്ക് എ-പ്ലസ്സ് ഗ്രേഡും, 125 സ്ഥാപനങ്ങൾക്ക് എ ഗ്രേഡും, 93 സ്ഥാപനങ്ങൾക്ക് ബി-ഗ്രേഡും കരസ്ഥമാക്കി.
- ❖ പത്തനംതിട്ട ജില്ലയിൽ കോഴഞ്ചേരി സെന്റ് തോമസ് കോളേജിലും കാതോലിക്കേറ്റ് കോളേജിലും ഹരിത ക്യാമ്പസ് വിലയിരുത്തലും, ഗ്രേഡിംഗും പൂർത്തീകരിച്ചു. A+ ഗ്രേഡ് ലഭിച്ച രണ്ട് കോളേജുകളിലും ഹരിത ക്യാമ്പസ് പ്രഖ്യാപനവും ഹരിതക്യാമ്പസ് സാക്ഷ്യപത്രം നൽകലും നടന്നു.
- ❖ കോട്ടയം ജില്ലയിൽ വാഴപ്പള്ളി ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് യു.പി സ്കൂൾ ബഹു എം.എൽ.എ ശ്രീ അഡ്വക്കേറ്റ് ജോബ് മൈക്കിൾ ഹരിത സ്ഥാപനമായി പ്രഖ്യാപിച്ചു. ഇതോടൊപ്പം വാഴൂർ ബ്ലോക്കിലെ 6 സ്കൂളുകളും വെച്ചൂർ ഗവൺമെന്റ് ഹൈ സ്കൂളും ഹരിത സ്ഥാപനമായി പ്രഖ്യാപിച്ചു.

### 8.1. അവസ്ഥാ വിശകലനം

- ❖ ഹരിത സ്ഥാപനങ്ങളാക്കി മാറ്റാൻ തെരഞ്ഞെടുത്ത 7943 സ്ഥാപനങ്ങളിൽ കഴിഞ്ഞ 6 മാസക്കാലയളവിൽ ജില്ലകളിൽ വിവിധ ഇടപെടലുകൾ നടത്തുകയും 7497 സ്ഥാപനങ്ങളിൽ പരിശോധന നടത്തി അവയ്ക്ക് മാർക്കും ഗ്രേഡും നൽകുകയും ചെയ്തിട്ടുണ്ട്.
- ❖ ആകെ 4365 സ്ഥാപനങ്ങളെയാണ് എ/എ പ്ലസ് ഗ്രേഡുകൾ ലഭ്യമായി ഹരിതസ്ഥാപനം പദവിയിലേക്ക് എത്തിക്കാൻ കഴിഞ്ഞിട്ടുള്ളത്. 2092 സ്ഥാപനങ്ങൾക്ക് ബി ഗ്രേഡും ലഭിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങളെ ചെറിയ ഇടപെടലുകളിലൂടെ എ/എ പ്ലസ് ഗ്രേഡുകളിലേക്ക് ഉയർത്താൻ സാധിക്കും.
- ❖ ഒരു ഗ്രേഡും ലഭിക്കാത്ത (80 ൽ താഴെ മാത്രം മാർക്ക് ലഭിച്ച) 1034 സ്ഥാപനങ്ങളെയാണ് കണ്ടെത്തിയിട്ടുള്ളത്. ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ മറ്റു ഏജൻസികളെയും

വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ട്, അടുത്ത 3 മാസ കാലയളവിൽ ഈ സ്ഥാപനങ്ങളെ ഉയർന്ന ഗ്രേഡുകളിലേക്ക് എത്തിക്കേണ്ട പ്രവർത്തനങ്ങൾ ജില്ലകളിൽ നടത്തുന്നതാണ്.

| ജില്ല | പരിശോധനകൾ നടത്തിയ സ്ഥാപങ്ങൾ | ഹരിതസ്ഥാപനം പദവിയിലേക്ക് എത്തിക്കാൻ കഴിഞ്ഞ സ്ഥാപനങ്ങൾ | ശതമാനം (%) | ബി ഗ്രേഡ് ലഭിച്ച സ്ഥാപനങ്ങൾ | ശതമാനം (%) | ഗ്രേഡ് ലഭിക്കാത്ത സ്ഥാപനങ്ങൾ | ശതമാനം (%) |
|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 1321 | 656 | 49.66% | 434 | 32.85% | 231 | 17.49% |
| കൊല്ലം | 742 | 421 | 56.74% | 203 | 27.36% | 119 | 16.04% |
| പത്തനംതിട്ട | 394 | 199 | 50.51% | 122 | 30.96% | 72 | 18.27% |
| ആലപ്പുഴ | 544 | 335 | 61.58% | 150 | 27.57% | 59 | 10.85% |
| കോട്ടയം | 307 | 224 | 72.96% | 52 | 16.94% | 31 | 10.10% |
| ഇടുക്കി | 355 | 205 | 57.75% | 100 | 28.17% | 48 | 13.52% |
| എറണാകുളം | 758 | 312 | 41.16% | 270 | 35.62% | 170 | 22.43% |
| തൃശ്ശൂർ | 168 | 107 | 63.69% | 61 | 36.31% | 0 | 0.00% |
| പാലക്കാട് | 523 | 271 | 51.82% | 146 | 27.92% | 106 | 20.27% |
| മലപ്പുറം | 151 | 74 | 49.01% | 53 | 35.10% | 24 | 15.89% |
| കോഴിക്കോട് | 616 | 319 | 51.79% | 203 | 32.95% | 94 | 15.26% |
| വയനാട് | 148 | 51 | 34.46% | 57 | 38.51% | 40 | 27.03% |
| കണ്ണൂർ | 1061 | 918 | 86.52% | 130 | 12.25% | 13 | 1.23% |
| കാസർകോട് | 409 | 273 | 66.75% | 111 | 27.14% | 25 | 6.11% |
| ആകെ | 7497 | 4365 | 58.22% | 2092 | 27.90% | 1032 | 13.77% |

## 8.2 വിലയിരുത്തൽ

പരിശോധന നടത്തിയ സ്ഥാപനങ്ങളിലെ ഗ്യാപ് പരിശോധിക്കുമ്പോൾ ആകെ പരിശോധന നടത്തിയ സ്ഥാപനങ്ങളിൽ 30% സ്ഥാപനങ്ങളിലും (1876 സ്ഥാപനങ്ങൾ) ജൈവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ലഭ്യമല്ലാത്തതായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ 843 സ്ഥാപനങ്ങളിൽ ദ്രവമാലിന്യ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടില്ല. 986 സ്ഥാപനങ്ങളിൽ ഇ മാലിന്യം, ഫർണിച്ചർ മാലിന്യം എന്നിവ കൃത്യമായ ഇടവേളകളിൽ നീക്കം ചെയ്യാൻ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. 544 സ്ഥാപനങ്ങളിൽ ജൈവ അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കാൻ ആവശ്യത്തിന് ബിന്നുകൾ ലഭ്യവുമല്ല, 635 സ്ഥാപനങ്ങളിൽ ജീവനക്കാർ ബിന്നുകളിൽ തരംതിരിച്ച് നിക്ഷേപിക്കാറുമില്ല എന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

**ഗ്യാപ് അസ്സെസ്സ്മെന്റ് - സംസ്ഥാനതലം**

| വിലയിരുത്തൽ ചോദ്യം | ആകെ | ശതമാനം |
|---|---|---|
| ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കാൻ നോഡൽ ഓഫീസറെ നിയമിച്ചിട്ടില്ല | 207 | 3.35% |
| ഗ്രീൻ പ്രോട്ടോകോൾ പാലിച്ച് പരിപാടികൾ നടത്താറില്ല | 228 | 3.68% |
| ജൈവ അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കാൻ ആവശ്യത്തിന് ബിന്നുകൾ ലഭ്യമല്ല | 544 | 8.79% |
| ജീവനക്കാർ ബിന്നുകളിൽ തരംതിരിച്ച് നിക്ഷേപിക്കാറില്ല | 635 | 10.26% |
| ജൈവമാലിന്യം സംസ്കരിക്കുന്നതിനു ഉപാധികൾ സ്ഥാപിച്ചിട്ടില്ല | 1876 | 30.32% |
| അജൈവ പാഴ് വസ്തുക്കൾ തരംതിരിച്ചു വക്കാനും സൂക്ഷിക്കുന്നതിനും കൈമാറാനും സംവിധാനം ഒരുക്കിയിട്ടില്ല | 369 | 5.96% |
| ഒറ്റത്തവണ ഉപയോഗ വസ്തുക്കളുടെ ഉപയോഗം നിരോധിച്ചിട്ടില്ല | 114 | 1.84% |

| | | |
|---|---|---|
| സ്ഥിര ഉപയോഗത്തിനായി കഴുകി ഉപയോഗിക്കാൻ കഴിയുന്ന പാത്രങ്ങൾ ആവശ്യത്തിനനുസരിച്ച് സജ്ജീകരിച്ചിട്ടില്ല | 145 | 2.34% |
| പുനരുപയോഗിക്കാവുന്ന പാത്രങ്ങൾ ജീവനക്കാർ കൊണ്ട് വരുന്നില്ല | 76 | 1.23% |
| വൃത്തിയായി പരിപാലിക്കുന്ന ശുചിമുറി സംവിധാനം ഇല്ല | 153 | 2.47% |
| ദ്രവമാലിന്യ സംസ്കരണത്തിന് സംവിധാനം ഇല്ല | 843 | 13.62% |
| ഇ മാലിന്യം, ഫർണിച്ചർ മാലിന്യം എന്നിവ കൃത്യമായ ഇടവേളകളിൽ നീക്കം ചെയ്യാൻ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല | 986 | 15.93% |
| പൊതുശുചിത്വ നിലവാരം കുറഞ്ഞവ | 254 | 4.10% |
| ഇ ഫയലിംഗ് സംവിധാനം നടപ്പിലാക്കിയിട്ടില്ല | 796 | 12.86% |
| ക്ലബ്/ കമ്മിറ്റി രൂപീകരണം നടന്നിട്ടില്ല | 1359 | 21.96% |
| ഹരിത ഓഫീസ് നിർദേശക ബോർഡുകൾ സ്ഥാപിച്ചിട്ടില്ല | 1709 | 27.62% |
| ജൈവപച്ചക്കറി തോട്ടം, പൂന്തോട്ടം തുടങ്ങിയവ ഇല്ല | 1948 | 31.48% |
| ഊർജ സംരകഷണ പ്രവർത്തനങ്ങൾ നടക്കുന്നില്ല | 1947 | 31.46% |
| ജലസംരക്ഷണ പ്രവർത്തനങ്ങൾ നടക്കുന്നില്ല | 2322 | 37.52% |
| ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ നടക്കുന്നില്ല | 2215 | 35.80% |
| മറ്റുള്ള പ്രവർത്തനങ്ങൾ ഒന്നും തന്നെയില്ല | 1885 | 30.46% |

## 9) വിനോദ സഞ്ചാര മേഖലയിലെ ഇടപെടലുകൾ

### 9.1) ഹരിത ടൂറിസം

- ❖ ഹരിത കേരളം മിഷനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി യോജിച്ചു കൊണ്ട് കേരളത്തിലെ എല്ലാ ജില്ലകളിലും ഉൾപ്പെടുന്ന 76 തിരഞ്ഞെടുത്ത ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ മുൻഗണനാ ക്രമത്തിൽ മാതൃക ഹരിത ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- ❖ ഹരിത ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിനോടൊപ്പം പ്രത്യേക ഇടപെടലുകളിലൂടെ പ്രാദേശിക ജനങ്ങളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും അവരുടെ ജീവിത നിലവാരവും സാമ്പത്തിക സ്ഥിതിയും മെച്ചപ്പെടുത്തുന്നതിനുമായിട്ടുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്.
- ❖ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ ഹരിത പെരുമാറ്റച്ചട്ടത്തിന്റെ മാർഗ്ഗരേഖ (കരട്) അവലംബിച്ചുള്ള പ്രവർത്തനങ്ങളാണ് സ്വീകരിച്ചു വരുന്നത്.
- ❖ ഹരിത ഡെസ്റ്റിനേഷൻ ആക്കി മാറ്റുന്നതോടൊപ്പം നിലവിൽ വിനോദ സഞ്ചാരികൾക്കു ലഭിക്കുന്ന സംവിധാനങ്ങളുടെ ഗുണനിലാവരം മെച്ചപ്പെടുത്തുന്നതിനും സാധ്യമായ പുതു സംവിധാനങ്ങൾ സൃഷ്ടിക്കുവാനും പദ്ധതി ലക്ഷ്യമിടുന്നു.
- ❖ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ കൂടുതൽ ആകർഷകമാക്കാനും ഹരിത ചട്ടം പാലിച്ച് ഹരിത ടൂറിസം നടപ്പിലാക്കുവാനുള്ള പ്രവർത്തനങ്ങൾക്കാണ് പരിഗണന നൽകുന്നത്.
- ❖ ഹരിത ടൂറിസവുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് കമ്പനികളുടെ CSR ഫണ്ട് ലഭ്യമാക്കുവാൻ വേണ്ട നടപടികൾ നവകേരളം കർമപദ്ധതി സ്വീകരിച്ചു വരുന്നു.
- ❖ തിരഞ്ഞെടുത്ത ടൂറിസം കേന്ദ്രങ്ങൾ ഹരിത ടൂറിസം കേന്ദ്രങ്ങൾ ആക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനായി മാർഗ്ഗരേഖ ജില്ലാ മിഷനുകളിലേക്ക് നൽകിയിട്ടുണ്ട്.
- ❖ വിനോദ സഞ്ചാരകേന്ദ്രത്തിന്റെ അവസ്ഥാ പഠനം എല്ലാ ജില്ലകളിലും നടന്നു. വിനോദ സഞ്ചാരകേന്ദ്രത്തിന്റെ നിലവിലുള്ള സ്ഥിതി, സാധ്യത, പരിമിതി എന്നിവയും നിലവിലുള്ള പ്രശ്നങ്ങളുടെ പരിഹാരത്തിനുള്ള മുൻഗണന നിശ്ചയിക്കലും സൗകര്യങ്ങളുടെ കുറവ് കണ്ടു പിടിക്കുന്നതിനുമാണ് അവസ്ഥാ പഠനം നടത്തിയത്.
- ❖ അവസ്ഥാ പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ ചർച്ചയും

അവതരണവും നടന്നു വരുന്നു. പല സൗകര്യങ്ങളും ഉണ്ടെങ്കിലും അവ പര്യാപ്തമല്ലാത്തതും അല്ലെങ്കിൽ ഉപയോഗിക്കാൻ സാധിക്കാത്ത രീതിയിലുമാണുള്ളത് എന്നതാണ് അവസ്ഥ പഠനത്തിൽ നിന്നും മനസിലാക്കിയത്.

- ❖ ഹരിതകേരളം മിഷനും ജില്ലാ പഞ്ചായത്തും സംയുക്തമായി അടിമാലി ഗവ.ഹൈസ്കൂളിനോട് ചേർന്ന് ഒരുക്കിയിട്ടുള്ള 'നീലക്കുറിഞ്ഞി' ജൈവവൈവിധ്യ വിജ്ഞാനകേന്ദ്രത്തിൽ മൂന്നാറിലും പരിസര പ്രദേശങ്ങളിലും എത്തുന്നവർ സന്ദർശിച്ചു തുടങ്ങി. സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നുള്ള വിനോദയാത്രസംഘങ്ങളെ നീലക്കുറിഞ്ഞി വിജ്ഞാനകേന്ദ്രത്തിലേയ്ക്ക് ആകർഷിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണി വരെയാണ് നീലക്കുറിഞ്ഞി കേന്ദ്രത്തിന്റെ പ്രവർത്തന സമയം. തിങ്കളാഴ്ച അവധിയായിരിക്കും. കുട്ടികൾക്ക് 10 രൂപയും മുതിർന്നവർക്ക് 20 രൂപയുമാണ് ടിക്കറ്റ് നിരക്ക്.
- ❖ തിരുവനന്തപുരം ജില്ല പൊഴിയൂർ ഹരിത ടൂറിസം പദ്ധതി നടപ്പിലാകുന്നതുമായി ബന്ധപെട്ട വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് കൊണ്ട് ഡിപിആർ, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് മുഖാന്തിരം കണ്ടൽക്കാടും കാറ്റാടി മരവും, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് മുഖാന്തിരം ബോട്ട് സർവീസ്, റിസോർട്ട് സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി ബിന്നുകൾ, മാസ് ക്ലീനിങ്, CSR ഫണ്ട് ലഭ്യമാക്കിയുള്ള സംയുക്ത പ്രോജക്ട് എന്നീ കാര്യങ്ങൾ തീരുമാനിച്ചു.
- ❖ കൊല്ലം ജില്ലയിൽ ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണം ഉറപ്പു വരുത്തുന്നതിനയി ടൂറിസം കേന്ദ്രങ്ങളുടെ ചുമതലയുള്ള വകുപ്പുകളുടെയും ഏജൻസികളുടെയും യോഗം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 16/12/2023 ചേർന്നു.
- ❖ കൊല്ലം ജില്ലയിൽ നവകേരളം കർമ പദ്ധതി സംസ്ഥാന മിഷന്റെ നേതൃത്വത്തിൽ 14/12/2023-ന് തെന്മല ഗ്രാമപഞ്ചായത്തു സന്ദർശിച്ചു. ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ, ഇക്കോ ടൂറിസത്തിന്റെ നിയന്ത്രണം, ഡാംടൂറിസം നിലവിലെ അവസ്ഥ എന്നിവ ചർച്ച ചെയ്തു.
- ❖ കൊല്ലം ജില്ലയിൽ ഇടമുളയ്ക്കൽ ചെമ്പകരാമനല്ലൂർ ചിറയിൽ. മ്യൂസിക്കൽ ഫൗണ്ടന്, ലൈറ്റനിംഗ്, ഓപ്പൺ ഓഡിറ്റോറിയം, ഓപ്പൺ ജിംനീഷ്യം, ചിൽഡ്രൻസ് പാർക്ക്, കഫ്തെരിയ, ടോയ്ലറ്റ് ബ്ലോക്ക്, കുട്ടവഞ്ചി തുടങ്ങിയ പദ്ധതികളുടെ പ്രാഥമിക സാദ്ധ്യതകൾ വിലയിരുത്തി.
- ❖ കൊല്ലം ജില്ലയിൽ ചക്കുവള്ളി ചിറയിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊണ്ട്, ചിറ ടൂറിസം മേഖലയായി മാറ്റുന്നതിന് ആവശ്യമായ സ്കെച്ച് / പ്ലാൻ തയ്യാറാക്കുന്നതിനായി ബ്ലോക്ക് AE, പഞ്ചായത്ത് AE എന്നിവരെ ചുമതലപ്പെടുത്തി. പ്രൊജക്റ്റിൽ വെച്ച് അടിയന്തരമായി ചെയ്യേണ്ട വർക്കുകളും, സ്കെച്ച് / പ്ലാൻ സൈറ്റ് തയ്യാറാക്കി. ജനുവരിയിൽ രണ്ട് പഞ്ചായത്ത് പ്രസിഡന്റ്മാരുടെ നേതൃത്വത്തിൽ ഒരു മീറ്റിംഗ് വിളിച്ച് പ്രൊജക്റ്റ് പ്രൊപ്പോസലുകൾ വെച്ച് പ്ലാനുകൾ അവതരിപ്പിച്ച് വർക്കുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചു.
- ❖ കൊല്ലം ജില്ലയിൽ ചിറ്റുമല ചിറയിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാതയുടെ നിർമ്മാണവും സൗന്ദര്യവൽക്കരണവും പുരോഗമിക്കുന്നു. താമരകൃഷി ജനുവരി 15 മുൻപായി ആരംഭിക്കും. വിശദമായ ഡി.പി.ആർ തയ്യാറാക്കുന്നതിനായി ജനുവരി 12-ന് ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ജനപ്രതിനിധികളുടെയും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെയും യോഗം ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ട്.
- ❖ പത്തനംതിട്ട ജില്ലയിൽ അടവി ഇക്കോ ടൂറിസം സെന്റർ, കോന്നി ആനക്കൂട് എന്നിവിടങ്ങളിലെ അവസ്ഥാ പഠന റിപ്പോർട്ട് ബന്ധപ്പെട്ട പഞ്ചായത്തുകളിൽ അവതരിപ്പിച്ചു. 29/12/2023 ന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പ് മേധാവികളെ പങ്കെടുപ്പിച്ച് ഹരിത ടൂറിസം കേന്ദ്രങ്ങളുടെ അവസ്ഥാ റിപ്പോർട്ട് വിശകലനം നടത്തി. ജനുവരി 15 ന് മുൻപ് ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം തദ്ദേശ സ്ഥാപനതലത്തിൽ വിളിച്ച് ചേർത്ത് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിന് തീരുമാനിച്ചു.
- ❖ കോട്ടയം ജില്ലയിൽ മാർമല അരുവി അവസ്ഥാ പഠന റിപ്പോർട്ട് പഞ്ചായത്തിൽ അവതരിപ്പിച്ചു. പ്രദേശം അപകട മേഖല ആയതിനാൽ ഹരിത കേരളം മിഷൻ ഇടപെട്ട് അടിയന്തരമായി

സുരക്ഷ ഉദ്യോഗസ്ഥർ / നീന്തൽ വിദഗ്ധരെ നിയമിച്ചു. ഹരിത ചെക്ക് പോസ്റ്റ്, പച്ചത്തുരുത്തുകൾ, റോഡ് സൈഡുകളിൽ പൂക്കൾ / ചെടികൾ വെച്ചുപിടിപ്പിക്കുക, സന്ദർശകർക്കുള്ള സുരക്ഷ സൈഡ് ബാറുകൾ സ്ഥാപിക്കുക, ഹരിത കർമ്മ സേന അംഗങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുക, ബിന്നുകൾ സ്ഥാപിക്കുക, ടേക്ക് എ ബ്രേക്ക നിർമ്മിക്കുക, കുട്ടികൾക്കായുള്ള പാർക്കും നിർമ്മിക്കുക, എന്നീ കാര്യങ്ങൾ തീരുമാനിച്ചു.

- ❖ തൃശ്ശൂർ ജില്ലയിൽ പീച്ചി ഡാമിലെയും വാഴാനി ഡാമിലെയും ഹരിത ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് പാണഞ്ചേരി പഞ്ചായത്തിലും തെക്കുംകര ഗ്രാമപഞ്ചായത്തിലും ഏകദിന ശില്പശാലകൾ സംഘടിപ്പിച്ചു. വിനോദസഞ്ചാര കേന്ദ്രത്തിലെ പുതിയ സാധ്യതകളെക്കുറിച്ചും, സംയോജിപ്പിക്കേണ്ട വകുപ്പുകൾ, അടിയന്തരമായി നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ / പ്രോജക്ടുകൾ, സാദ്ധ്യമായ സാമ്പത്തിക സ്രോതസ്സുകൾ, പദ്ധതിയുടെ സമയക്രമം. എന്നിവയിൽ തീരുമാനങ്ങൾ കൈക്കൊണ്ടു. ശുചിത്വമിഷൻ ഫണ്ട് ഉപയോഗിച്ച് ശുചിമുറി, ബോർഡുകൾ, ബോട്ടിൽ ബൂത്ത്, ബസ് സ്റ്റാൻഡ് ശുചിത്വയജ്ഞം, കുടുംബശ്രീ ഭക്ഷണശാലകളിൽ ഗ്രീൻ പ്രോട്ടോകോൾ എന്നിവയിൽ തീരുമാനമെടുത്തു.
- ❖ മലപ്പുറം ജില്ലയിൽ ഹരിതടൂറിസത്തിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ നിലമ്പൂർ തേക്ക് മ്യൂസിയം പറവണ്ണ ബീച്ച്, മിനി ഊട്ടി, എന്നീ മൂന്ന് ടൂറിസ്റ്റ് കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിനുള്ള ആദ്യഘട്ട പ്രവർത്തനങ്ങൾ നടന്നു.
- ❖ പാലക്കാട് ജില്ലയിൽ ഹരിത ടൂറിസത്തിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ മലമ്പുഴ, കാഞ്ഞിരപുഴ, പോത്തുണ്ടി, മംഗലം ഡാം, വെള്ളിയാങ്കല്ല് എന്നീ 5 ടൂറിസം കേന്ദ്രങ്ങൾ മാലിന്യമുക്തം ആകുന്നതിനുള്ള ഭാഗമായി ജില്ലാതല ഉദ്യോഗസ്ഥരുടെ ആദ്യഘട്ട യോഗം പൂർത്തിയായി.
- ❖ വയനാട് ജില്ലയിൽ കാരാപ്പുഴ ഹരിത ടൂറിസത്തിന്റെ ഭാഗമായി വഴിയോരങ്ങളിൽ ടൂറിസ്റ്റുകൾ മാലിന്യം വലിച്ചെറിയുന്നതിനെതിരെ ബോധവൽക്കരണ പരിപാടികൾ, ടൂറിസം കേന്ദ്രത്തിലേക്കുള്ള റോഡ് നിർമ്മാണം, Take A Break നിർമാണത്തിനു ജലസേചന വകുപ്പിന്റെ ഭൂമി വിട്ടുകിട്ടേണ്ടതിനുള്ള നടപടികൾ, ഹരിതകർമസേന പ്രവർത്തനം കാര്യക്ഷമമാക്കൽ, പച്ചത്തുരുത്ത് നിർമ്മാണം, ഭക്ഷണ ശാല നിർമ്മാണം എന്നിവ പഞ്ചായത്തുതല യോഗത്തിൽ തീരുമാനമായി.
- ❖ വയനാട് ജില്ലയിൽ എടയ്ക്കൽ ഗുഹ ഹരിത ടൂറിസത്തിന്റെ ഭാഗമായി നടന്ന സ്റ്റേക്ക് ഹോൾഡേഴ്സ് യോഗത്തിൽ, കുടിവെള്ളത്തിനായി കുഴൽകിണറിന് യോജിച്ച സ്ഥലം കണ്ടെത്തൽ, ടോയ്ലെറ്റ് നവീകരണം, ഇരിപ്പിടങ്ങളിൽ റെയിൻ ഷെൽട്ടർ നിർമ്മാണം, പാർക്കിംഗ് സൗകര്യം വിപുലീകരിക്കൽ, ഹരിതകർമസേനപ്രവർത്തനം വിപുലീകരിക്കൽ, മിനി എം.സി.എഫ് നിർമ്മാണം, ജൈവ മാലിന്യ സംസ്കരണത്തിന് ശാസ്ത്രീയമായ സംവിധാനം, നാപ്കിൻ വേസ്റ്റ് നശിപ്പിക്കുന്നതിനായി ഇൻസിനിറേറ്ററിന് പദ്ധതി, സ്ഥാപിച്ച സ്ട്രീറ്റ് ലൈറ്റുകളുടെ ഉദ്ഘാടനം, ഹരിത പ്രോട്ടോക്കോൾ സൈൻ ബോർഡ്, ടൂറിസം കേന്ദ്രത്തിലെ കടകളിൽ പരിശോധന, സമഗ്ര വികസന ഫണ്ട് ഫല പ്രദമായി വിനിയോഗിക്കൽ എന്നീ കാര്യങ്ങളിൽ തീരുമാനം കൈക്കൊണ്ടു.
- ❖ വയനാട് ജില്ലയിൽ ബാണാസുരസാഗർ ഡാം ഹരിത ടൂറിസത്തിന്റെ ഭാഗമായി നടന്ന സ്റ്റേക്ക് ഹോൾഡേഴ്സ് യോഗത്തിൽ, Take a Break നിർമ്മാണം, ടൂറിസം കേന്ദ്രത്തിലെ കടകളിൽ പരിശോധന, ഹരിത ചെക്ക്പോസ്റ്റ് സംവിധാനം, ജൈവ മാലിന്യ സംസ്കരണ സംവിധാനം, ടൂറിസം കേന്ദ്രത്തിലെ കുടിവെള്ളതിനായി കേന്ദ്രത്തിനുള്ളിലെ കിണറിലെ വെള്ളം ശുദ്ധീകരിക്കുന്നതിനുള്ള ഫിൽട്ടർ സംവിധാനം, ശുചിമുറി നിർമ്മാണം, ടൂറിസം കേന്ദ്രത്തോട് അടുത്തുള്ള പാലം നവീകരണം എന്നീ കാര്യങ്ങളിൽ തീരുമാനം കൈക്കൊണ്ടു.
- ❖ വയനാട് ജില്ലയിൽ പൂക്കോട് തടാകം ഹരിത ടൂറിസത്തിന്റെ ഭാഗമായി നടന്ന സ്റ്റേക്ക് ഹോൾഡേഴ്സ് യോഗത്തിൽ ശാസ്ത്രീയ ജൈവ മാലിന്യ സംസ്കരണം ഒരുക്കൽ, റോഡരികിൽ ഭക്ഷണശാലകളിൽ ഗ്രീൻ പ്രോട്ടോകോൾ, അനധികൃത കടകളെ ഒഴിപ്പിക്കൽ, യൂസർ ഫീ

നിരക്ക് വർദ്ധന, ഫോറസ്റ്റ് പരിധിയിലുള്ള സ്ഥലത്തെ മാലിന്യം നീക്കം ചെയ്യൽ, മാലിന്യ സംസ്കരണ പരിശോധനയ്ക്കായി സംയുക്ത ടീം എന്നീ കാര്യങ്ങളിൽ തീരുമാനം കൈക്കൊണ്ടു.

- ❖ കോഴിക്കോട് ജില്ലയിൽ ജാനകിക്കാട് ഹരിത ടൂറിസത്തിന്റെ ഭാഗമായി ശില്പശാല സംഘടിപ്പിച്ചു.
- ❖ കാസർഗോഡ് ജില്ലയിൽ പൊസടിഗുമ്പയിൽ ഡിസംബർ 7 ന് ജനപങ്കാളിത്തത്തോടെ ശുചീകരണം നടന്നു. പ്രത്യേക ഇടപെടലിന്റെ ഭാഗമായി 50 സെന്റ് റവന്യൂ ഭൂമി ഡിടിപിസിക്ക് ലഭ്യമാക്കുകയും കാസർഗോഡ് വികസന പാക്കേജ് മുഖേന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.
- ❖ കാസർഗോഡ് ജില്ലയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെയും ജില്ലാ കളക്ടറുടെയും അദ്ധ്യക്ഷതയിൽ ടൂറിസ്റ്റ് കേന്ദ്രങ്ങൾ സീറോ വെസ്റ്റ് സോണുകളാക്കി മാറ്റുന്നതിന്റെ മുന്നോടിയായ അവസ്ഥാ വിശകലനത്തിനും തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും വേണ്ടി യോഗം ചേർന്നു.
- ❖ കണ്ണൂർ ജില്ലയിൽ കേളകം, ചെറുമാവിലായി റെഗുലേറ്റർ കം ബ്രിഡ്ജ്, അഴീക്കോട് ചാൽ ബീച്ച് എന്നീ കേന്ദ്രങ്ങൾ ഉൾകൊള്ളുന്ന തദ്ദേശ സ്ഥാപനങ്ങളിൽ അവതരണം നടത്തുകയും മുൻഗണന ക്രമത്തിൽ ചെയ്യേണ്ട കാര്യങ്ങളുടെ ലിസ്റ്റ് തയാറാക്കുകയും ചെയ്തിട്ടുണ്ട്.
- ❖ കണ്ണൂർ ജില്ലയിൽ കേളകം പഞ്ചായത്തിൽ ജനകീയ പങ്കാളിത്തത്തോടെ ഹരിത ടൂറിസം വികസനം ലക്ഷ്യമിട്ട് കേളകം ഇക്കോ ടൂറിസം സൊസൈറ്റി പ്രവർത്തനം ആരംഭിച്ചു. സൊസൈറ്റിയുടെ നേതൃത്വത്തിലുള്ള ആദ്യ സംരംഭമായ ജേ ത്രി ഓഡിറ്റോറിയവും ഉദ്ഘാടനം ചെയ്തു. സൊസൈറ്റിയുടെയും ടൂറിസം വെബ്സൈറ്റിന്റെയും മൊബൈൽ ആപ്പിന്റെയും സോഫ്റ്റ് ലോഞ്ചിങ്ങും അംഗത്വ സർട്ടിഫിക്കറ്റ് വിതരണവും യോഗത്തിൽ നടന്നു. ജില്ലയിലെ പ്രവർത്തനങ്ങൾക്ക് ഊർജ്ജം നൽകുന്നതാണ് കേളകം ഇക്കോ ടൂറിസം സൊസൈറ്റിയുടെ രൂപീകരണം. കേളകത്തെ പ്രകൃതി രമണീയതയും ജൈവവൈവിധ്യവും പരമാവധി പ്രയോജനപ്പെടുത്തി കൊണ്ട് പാല് കാച്ചി മല കേന്ദ്രീകരിച്ച ഹരിത ടൂറിസം വികസിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

**ഹരിത ടൂറിസം ത്രൈമാസ അവലോകനം**

| ഹരിത ടൂറിസം | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| നടന്ന മാസം | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ഒക്ടോബർ | 47 | 155 | 187 | 113 | 455 | 1 | 11 | 1 | 10 | 74 | 112 |
| നവംബർ | 34 | 195 | 219 | 1061 | 1475 | 0 | 0 | 0 | 0 | 30 | 94 |
| ഡിസംബർ | 49 | 242 | 320 | 230 | 792 | 9 | 423 | 0 | 0 | 72 | 260 |
| ആകെ | 130 | 592 | 726 | 1404 | 2722 | 10 | 434 | 1 | 10 | 176 | 466 |

## 10) ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ

ജൈവമാലിന്യത്തിന് ഉറവിട മാലിന്യ സംസ്കരണവും അജൈവ മാലിന്യത്തിന് വാതിൽപ്പടി ശേഖരണവും കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളാണ് ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നത്.

| പ്രവർത്തനങ്ങൾ | ഒക്ടോബർ | നവംബർ | ഡിസംബർ |
|---|---|---|---|
| വാതിൽപ്പടി ശേഖരണം നടത്തുന്ന വീടുകളുടെ എണ്ണം (ലക്ഷം) (വാർ റൂം) | 79.81 | 77.09 | 77.09 |
| സംസ്ഥാനത്തു ഹരിത കർമ്മസേന വാതിൽപ്പടി ശേഖരണം നടത്തുന്ന സ്ഥാപനങ്ങൾ (ലക്ഷം) (വാർ റൂം) | 7.5 | 7.1 | 7.1 |

| | | | |
|---|---|---|---|
| ശേഖരിച്ച അജൈവ പാഴ് വസ്തുക്കളിൽ ക്ളീൻ കേരള കമ്പനിക്ക കൈമാറിയ തരം തിരിച്ച പ്ലാസ്റ്റിക് (ടൺ) | 911.762 | 974.918 | 989.98 |
| ശേഖരിച്ച അജൈവ പാഴ് വസ്തുക്കളിൽ ക്ളീൻ കേരള കമ്പനിക്ക കൈമാറിയ നിഷ്ക്രിയ മാലിന്യം (ടൺ) | 1780.03 | 1825.33 | 1947.25 |
| ശേഖരിച്ച അജൈവ പാഴ് വസ്തുക്കളിൽ ക്ളീൻ കേരള കമ്പനിക്ക കൈമാറിയ ഇ-മാലിന്യം (ടൺ) | 64.517 | 10.806 | 6.494 |
| യൂസർഫീ ഇനത്തിൽ ഹരിത കർമ്മ സേനക്ക് ലഭിച്ചിട്ടുള്ള വരുമാനം(കോടി) (വാർ റൂം) | 27.47 | 29.74 | 29.87 |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള MCFകളുടെ എണ്ണം | 1313 | 1313 | 1313 |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള MINI MCFകളുടെ എണ്ണം | 16114 | 16465 | 16465 |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള (ആർ.ആർ.എഫ്) കേന്ദ്രങ്ങൾ | 138 | 138 | 138 |
| മാലിന്യ ഓൺലൈൻ മോണിട്ടറിംഗ് ഹരിതമിത്രം ആപ്പ് നടപ്പിലാക്കിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം | 621 | 653 | 653 |

- 16465 മിനി മെറ്റീരിയൽ കളക്ഷൻ സെൻററുകൾ (എം.സി.എഫ്)
- 1313 മെറ്റീരിയൽ കളക്ഷൻ സെൻററുകൾ (എം.സി.എഫ്)
- 138 റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്)
- ഡിസംബർ മാസത്തിൽ 989.98 ടൺ തരം തിരിച്ച പ്ലാസ്റ്റിക്കും 1947.25 ടൺ നിഷ്ക്രിയ മാലിന്യങ്ങളും 6.494 ടൺ ഇ-മാലിന്യങ്ങളും 179.560 ടൺ ചില്ല് മാലിന്യവും 11.870 ടൺ തുണി മാലിന്യവും 1.722 ടൺ ആപൽക്കരമായ മാലിന്യവും ക്ലീൻ കേരള കമ്പനിക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ 16.74 ടൺ പ്ലാസ്റ്റിക് ഷ്രെഡ് ചെയ്യുകയും ചെയ്തു.
- റിപ്പോർട്ട് മാസത്തിൽ യൂസർഫീ ഇനത്തിൽ 29.87 കോടി രൂപയുടെ വരുമാനം ഹരിത കർമ്മ സേനക്ക് ലഭിച്ചിട്ടുണ്ട്. റിപ്പോർട്ട് മാസത്തിൽ ഒരു ഹരിത കർമ്മസേന അംഗത്തിന് 8449 രൂപ ശരാശരി പ്രതിമാസ വരുമാനമായി ലഭിച്ചതായി കണക്കാക്കുന്നു. ഇതുകൂടാതെ ക്ലീൻ കേരള കമ്പനിയും സ്വകാര്യ ഏജൻസികൾക്കും പാഴ് വസ്തുക്കൾ നൽകുന്നത് വഴിയും വരുമാനം ഹരിതകർമ്മ സേനാംഗങ്ങൾക്ക് ലഭിക്കുന്നുണ്ട്.
- ഡിസംബർ മാസത്തെ വാർ റൂം ഡാറ്റാ പ്രകാരം കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള 77.09 ലക്ഷം വീടുകളിൽ നിന്നും ഹരിത കർമ്മസേന വാതിൽപ്പടി ശേഖരണം നടത്തുന്നുണ്ട് കൂടാതെ സംസ്ഥാനത്തെ 7.1 ലക്ഷം സ്ഥാപനങ്ങളിൽ നിന്നും ഹരിത കർമ്മ സേന വാതിൽപ്പടി ശേഖരണം നടത്തുന്നുണ്ട്.
- മാലിന്യത്തിന്റെ ഉറവിടം മുതൽ സംസ്കരണം വരെ ട്രാക്ക് ചെയ്യുന്നതിനുള്ള ഓൺലൈൻ മോണിട്ടറിംഗ് ഹരിതമിത്രം ആപ്പ് 653 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നു.
- ഹരിതമിത്രം അപ്ലിക്കേഷൻ മുഖേന 63.36 ലക്ഷം കെട്ടിടങ്ങളിൽ അപ്ലിക്കേഷൻ വഴിയുള്ള സർവീസ് നൽകുന്നുണ്ട്.
- കോഴി/പൗൾട്ടി അറവു മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ജില്ലകളിൽ സ്വകാര്യ പങ്കാളിത്തത്തോടെ 40 റെൻററിംഗ് പ്ലാൻറുകൾ പ്രവർത്തിച്ചുവരുന്നു.
- യുണിസെഫിന്റെ സഹായത്തോടെ കൊല്ലം ജില്ലയിൽ തദ്ദേശ സ്ഥാപനങ്ങളിലെ ശുചീകരണ തൊഴിലാളികൾക്കുള്ള ആദ്യ പരിശീലനം ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിൽ പൂർത്തീകരിച്ചു. അഞ്ചൽ, അലയമൺ, ഏരൂർ എന്നിവിടങ്ങളിൽ ഈ മാസം തന്നെ പൂർത്തീകരിക്കും. മറ്റ് തദ്ദേശ സ്ഥാപനങ്ങളിലും പരിശീലനം ആസൂത്രണം ചെയ്തു വരുന്നു.

### 10.1 മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ

കേരളത്തെ 2024ഓടെ സമ്പൂർണ മാലിന്യമുക്ത സംസ്ഥാനമാക്കുക എന്ന ലക്ഷ്യത്തോടെ

2023 മാർച്ചിൽ ആരംഭിച്ച മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ സംസ്ഥാനത്ത് ശ്രദ്ധേയമായ മുന്നേറ്റം ഉണ്ടാക്കിയിട്ടുണ്ട്.

മാലിന്യമുക്ത നവകേരളം ക്യാമ്പയിൻ കാര്യക്ഷമമായും സമയബന്ധിതമായും ജില്ലകളിൽ മുന്നോട്ടു പോകുന്നുണ്ട്. യൂസർഫീ കളക്ഷൻ, പൊതു ഇടങ്ങളുടെയും ജലാശയങ്ങളുടെയും ശുചീകരണം, അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കൽ, ജനകീയ പങ്കാളിത്തം വർദ്ധിപ്പിച്ചുള്ള പൗര വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, തദ്ദേശ അടിസ്ഥാനത്തിലും മണ്ഡലാടിസ്ഥാനത്തിലുമുള്ള കാമ്പയിനുകൾ വലിച്ചെറിയൽ മുക്ത കാമ്പയിൻ പ്രഖ്യാപനം എന്നിവ ഇതിനോടകം സംഘടിപ്പിച്ചിട്ടുണ്ട്. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഹരിതസഭ പൂർത്തീകരിക്കുകയും ഹരിത ഓഡിറ്റിങ്ങും റിപ്പോർട്ട് തയ്യാറാക്കലും അവതരണവും പൂർത്തീകരിച്ചു. ഇടുക്കി ജില്ലയിൽ ഹരിത ടൂറിസം കേന്ദ്രമായ അഞ്ചുരുളിയിൽ ജെപിഎം കോളേജിലെ വിദ്യാർത്ഥികളുടെ സഹായത്തോടെ മാലിന്യ മുക്ത കേരളം ക്യാമ്പയിനുമായി ബന്ധപ്പെട്ട് പൊതു ശുചികരണയജ്ഞം നടന്നു.

- ❖ ഇടുക്കി ജില്ലയിൽ പള്ളിവാസൽ മാലിന്യമുക്ത നവകേരളം യൂത്ത് പ്രതിനിധികളുടെ പ്രവർത്തനങ്ങളുടെ ഭാഗമായി യൂത്ത് വോളണ്ടിയർമാരെ ഉൾപ്പെടുത്തി പള്ളിവാസൽ വെയ്റ്റിംഗ് ഷെഡ് ശുചീകരണ പ്രവർത്തനവും സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങളും നടത്തി.
- ❖ നവകേരള സദസ്സുമായി ബന്ധപ്പെട്ട് തിരുവനന്തപുരം മണ്ഡലം നവനഗരം ശുചിത്വവും ഭംഗിയുള്ള നഗരം സെമിനാർ സംഘടിപ്പിച്ചു. യോഗം തിരുവനന്തപുരം കോർപ്പറേഷൻ മേയർ ഉദ്ഘാടനം ചെയ്തു. നവകേരള സദസ്സിനോടാനുബന്ധിച്ച് നാടൻ രുചിമേള ഒരുക്കി ആറ്റിങ്ങൽ നഗരസഭ ഹരിതകർമസേന അംഗങ്ങൾ.
- ❖ വേദിയും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിൽ നഗരസഭ ക്ലീനിങ് വിഭാഗത്തിനൊപ്പം ഹരിതകർമസേന അംഗങ്ങളും പരിശ്രമം നടത്തുകയും, സദസ്സ് അവസാനിച്ചപ്പോൾ ആറ്റിങ്ങൽ, കിളിമാനൂർ, വർക്കല, ചിറയിൻകീഴ് ബ്ലോക്കുകളിലെ 250 ഓളം ഹരിതകർമസേന അംഗങ്ങൾ ഒത്തുചേർന്ന് ക്ലീൻ ഡ്രൈവ് നടത്തി 15 മിനിറ്റ് കൊണ്ട് വേദിയും പരിസരവും വൃത്തിയാക്കുകയും ചെയ്തു.
- ❖ കൊല്ലം ജില്ലയിൽ മാലിന്യമുക്തം നവകേരളം ക്യാമ്പയിനുമായി ബന്ധപ്പെട്ട് കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ വച്ച് 01/12/2023 തീയതിയിൽ കില ആർ പി മാർ, ശുചിത്വമിഷൻ ആർ പി മാർ, നവകേരളം കർമ്മപദ്ധതി ആർ പി മാർ, എന്നിവർക്കായി ട്രെയിനിങ് നടന്നു.
- ❖ കൊല്ലം ജില്ലയിൽ അലയമൺ ഗ്രാമപഞ്ചായത്തിൽ പുതിയതായി ആരംഭിച്ച MCF-ന്റെ ഉദ്ഘാടനം 29/12/23 –ന് നടന്നു.
- ❖ സംസ്ഥാനത്ത് ആദ്യമായി ഹരിതമിത്രം ആപ്ലിക്കേഷൻ ഉപയോഗിച്ചുള്ള ഹരിതകർമ്മസേനയുടെ പ്രവർത്തനം അലയമൺ ഗ്രാമപഞ്ചായത്തിൽ 100% പൂർത്തീകരിച്ചു. ഹരിതമിത്രം ആപ്ലിക്കേഷൻ ഉപയോഗിച്ച് 100% കളക്ഷൻ പൂർത്തീകരിച്ച അലയമൺ ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേന അംഗങ്ങളെ നവകേരളം കർമ്മപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ.ടി.എൻ.സീമ ആദരിച്ചു.
- ❖ കൊല്ലം ജില്ലയിൽ ആര്യങ്കാവ് പഞ്ചായത്തിൽ ഹരിത കർമ സേനയ്ക്ക് CDS ന്റെ CEF ൽ നിന്നും 12 പേർക്ക് ഫോൺ വാങ്ങി വിതരണം ചെയ്തു.
- ❖ എറണാകുളം ജില്ലയിൽ കുട്ടികൾക്കുള്ള മാലിന്യ സംസ്കരണ വിദ്യാഭ്യാസ കാമ്പയിൻ ആയ ശുചിത്വോത്സവം ഡിസംബർ മാസം 3 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 സ്കൂളുകളിൽ നടത്തപ്പെട്ടു. നിലവിൽ ശുചിതോത്സവം കാമ്പയിനിലൂടെ ഇതുവരെ 49 സ്കൂളുകളിലെ 6208 കുട്ടികളിൽ മാലിന്യ സംസ്കരണത്തെ പറ്റി കൃത്യമായ അവബോധം നൽകാൻ സാധിച്ചു. ഡിസംബർ മാസം 343 കുട്ടികൾക്ക് ശുചിത്വ മാലിന്യ സംസ്കരണത്തെപ്പറ്റിയുള്ള ക്ലാസുകൾ നൽകി. വിദ്യാർഥികൾക്ക് ജൈവ മാലിന്യ സംസ്ക്കരണം, അജൈവ പാഴ് വസ്തു ശേഖരണം തരം തിരിക്കൽ, പുനരുപയോഗ വസ്തുക്കളുടെ നിർമ്മാണ രീതി പരിചയപ്പെടുത്തൽ ഉൾപ്പെടെ

പ്രവർത്തന അധിഷ്ഠിത ക്ലാസുകൾ നൽകിയത്. എല്ലാ സ്കൂളുകളിലും ശുചിത്വോത്സവത്തെ തുടർന്ന് പാഴ് വസ്തു പുതുക്കൽ മേള നടത്തി. ശുചിത്വ സ്ക്വാഡ് കുട്ടികൾ അവതരിപ്പിച്ചു.

- ❖ തൃശ്ശൂർ ജില്ലയിലെ മാലിന്യമുക്തം നവകേരളം-സമ്പൂർണ്ണ ശുചിത്വം-തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഒരു വാർഡിൽ നിന്നും 10,000 രൂപയും നഗരസഭകളിൽ ഒരു ഡിവിഷനിൽ നിന്നും 15,000 രൂപയും കോർപറേഷൻ ഒരു ഡിവിഷനിൽ നിന്നും 25,000 രൂപയും യൂസർഫീ ലഭിച്ചിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തൃശ്ശൂർ ജില്ലാ കളക്ടർ "Collector's Trophy" യും ബന്ധപ്പെട്ട വാർഡ്/ഡിവിഷൻ മെമ്പർമാർക്ക് അനുമോദനപത്രവും നൽകി.
- ❖ തൃശ്ശൂർ ജില്ലയിലെ ഹരിതകർമ്മസേനയുടെ അവലോകനയോഗത്തിൽ യൂസർ ഫീ കളക്ഷനിൽ കുറവാണ് ഉണ്ടായിട്ടുള്ളതെന്നും വരവിനെക്കാളും കൂടുതൽ ചിലവാണ് ഉണ്ടായിട്ടുള്ളതെന്നും. കൃത്യമായ രീതിയിൽ അജൈവ പാഴ് വസ്തുക്കളുടെ കൈമാറ്റം നടത്താത്തതും സെഗ്രിഗേഷൻ ശരിയായ രീതിയിൽ നടക്കാത്തതും മൂലം എം സി എഫ് മാലിന്യം കൊണ്ട് നിറഞ്ഞിരിക്കുകയാണ് എന്നും ആയതിനു നടപടികൾ സ്വീകരിക്കണം എന്നും മിഷൻ ആവശ്യപ്പെട്ടിട്ടുണ്ട്.
- ❖ തൃശ്ശൂർ ജില്ലയിലെ ബ്ലോക്ക് തലത്തിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പ്രോജക്റ്റുകൾക്ക് സാങ്കേതിക അനുമതി നൽകാൻ രൂപീകൃതമായ ബ്ലോക്ക് തല സങ്കേത സമിതിയുടെ (ബി.ടി.എസ്.സി) പ്രാഥമിക യോഗം 22.12.2023ന് കൊടകര ബ്ലോക്ക് പഞ്ചായത്തിൽ വച്ച് നടന്നു.
- ❖ പാലക്കാട് ജില്ലയിലെ 17 ഗ്രാമപഞ്ചായത്തുകളിൽ ഹരിതകർമ്മസേന അംഗങ്ങളുടെ കുറവു ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. 8 ഗ്രാമപഞ്ചായത്തുകളിൽ മിനി എം.സി.എഫുകൾ ഇല്ല എന്നും മൂന്ന് ഗ്രാമപഞ്ചായത്തുകളിൽ യൂസർ ഫീ കളക്ഷൻ 10 % ൽ താഴെ എന്നും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.
- ❖ പാലക്കാട് ജില്ലയിൽ തൊഴിലുറപ്പ് പദ്ധതി 3151 കമ്പോസ്റ്റ് പിറ്റുകളും 3322 സോക്പിറ്റ്കളും നിർമിച്ചിട്ടുണ്ട്
- ❖ പാലക്കാട് ജില്ലയിൽ 1096 ഖരമാലിന്യസംസ്കരണ പദ്ധതികളും, 557 ദ്രവമാലിന്യ സംസ്കരണ പദ്ധതികളും, 1020 ശുചിത്വ പ്രോജക്റ്റുകളും ഉൾപ്പെടെ 2673 പദ്ധതികൾ നിലവിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.
- ❖ കാസർഗോഡ് ജില്ലയിൽ ചെറുവത്തൂർ ഗ്രാമപഞ്ചായത്തിൽ മാലിന്യ പ്ലാന്റ് സ്ഥാപിക്കുമ്പോഴുള്ള ആശങ്ക മാറ്റുന്നതിന് ഗ്രാമപഞ്ചായത്തും ശാസ്ത്ര സാഹിത്യ പരിഷത്ത് സംയുക്തമായി ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു.
- ❖ കാസർഗോഡ് ജില്ലയിൽ ഡിസംബർ മാസത്തിൽ ജില്ലാ കാമ്പയിൻ സെക്രട്ടറിയേറ്റിന്റെയും ഏകോപനസമിതിയുടെയും സംയുക്തയോഗം 3 തവണകളായി ചേർന്നു. അതിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടിന്റെയും ജില്ലാ കളക്ടറുടെയും അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ പ്രധാന അജണ്ട ടൂറിസ്റ്റ് കേന്ദ്രങ്ങൾ സീറോ വെസ്റ്റ് സോണുകളാക്കി മാറ്റുന്നതിന്റെ മുന്നോടിയായ അവസ്ഥാ വിശകലനത്തിനും തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും വേണ്ടിയായിരുന്നു.
- ❖ കാസർഗോഡ് ജില്ലയിൽ 38 സ്നേഹാരമങ്ങൾ എൻ.എസ്.എസ് സപ്തദിന ക്യാമ്പുകളിൽ തയ്യാറാക്കിയിട്ടുണ്ട്.
- ❖ കണ്ണൂർ ജില്ലയിൽ 66 ഗ്രാമ പഞ്ചായത്തുകളും 2 നഗരസഭകളും ക്ലീൻ കേരള കമ്പനിയുമായി കരാറിൽ ഏർപ്പെട്ടാണ് പ്രവർത്തിക്കുന്നത്. കോർപ്പറേഷൻ ഉൾപ്പെടെയുള്ള 8 നഗരസഭകളിൽ സ്വകാര്യ ഏജൻസികൾ ആണ് അജൈവ മാലിന്യ സംസ്കരണം നടത്തുന്നത്.
- ❖ ഇടുക്കി ജില്ലയിൽ മാലിന്യ മുക്തം നവകേരളം - MCF/RRF സംവിധാനങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് കട്ടപ്പന, അഴുത, ഇടുക്കി, നെടുംകണ്ടം ബ്ലോക്കുകളിലെയും കട്ടപ്പന മുൻസിപ്പലിറ്റിയിലെയും ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്കും ഹരിത കർമ സേന കോൺസർഷ്യം ഭാരവാഹികൾക്കും ജില്ലാതല പരിശീലന പരിപാടി ഇരട്ടയാർ ഗ്രാമപഞ്ചായത്ത് ഹാളിൽ നടന്നു.
- ❖ തൃശ്ശൂർ ജില്ലയിൽ നടത്തറ ഗ്രാമപഞ്ചായത്തിലെ ജി യു പി എസ് മൂർക്കനിക്കരയിൽ സംഘടിപ്പിച്ച

സഹവാസ ക്യാമ്പിൽ നവകേരളം കർമ്മ പദ്ധതിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് മാലിന്യ സംസ്കരണം, പ്രകൃതിവിഭവസംരക്ഷണം, ഹരിത പെരുമാറ്റചട്ടം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ക്ലാസ് നടത്തി. മാലിന്യം എങ്ങനെ തരംതിരിക്കണം എന്നതിനെക്കുറിച്ചും പ്രകൃതിവിഭവങ്ങൾ എങ്ങനെ പാഴാക്കാതെ ഉപയോഗിക്കണം എന്നതിനെക്കുറിച്ചും ഹരിത പെരുമാറ്റ ചട്ടം എങ്ങനെ പാലിക്കണം എന്നതിനെക്കുറിച്ചും വിശദമായി കുട്ടികൾക്ക് പറഞ്ഞു കൊടുത്തു. സ്കൂളുകളിൽ ഹരിത പെരുമാറ്റ ചട്ടം പാലിക്കുന്നതിന് സഹായകരമായ വസ്തുക്കൾ പ്രദർശിപ്പിക്കുകയും ചെയ്തു.

- തൃശ്ശൂർ ജില്ലയിൽ ഹരിത കേരളം മിഷൻന്റെ പ്രതേക ഇടപെടലുകളുടെ ഭാഗമായി ആരംഭിച്ച "സീറോ പാർക്കിങ് MCF" പരിപാടി CKCLന്റെ സഹകരണത്തോടെ പാഴ് വസ്തുക്കൾ കൃത്യമായി നീക്കം ചെയ്തു വരുന്നു. MCFൽ എത്തുന്ന അജൈവ പാഴ് വസ്തുക്കൾ അതാതു മാസം തരം തിരിച്ച് CKCLനോ അംഗീകൃത ഏജൻസികൾക്കോ നൽകി കൊണ്ട് MCFൽ പാഴ് വസ്തുക്കൾ അടിഞ്ഞു കൂടാതെ (പാർക്ക് ചെയ്യാതെ) പരിപാലിക്കുന്ന രീതിയാണ് Zero Parking MCF കൊണ്ട് ഉദ്ദേശിക്കുന്നത്. നെൻമണിക്കര, ചാഴൂർ, വല്ലച്ചിറ, ഏങ്ങണ്ടിയൂർ, വാടാനപ്പിള്ളി, ഗുരുവായൂര് നഗരസഭ, പഴയന്നൂർ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഈ പ്രവർത്തനങ്ങൾ നടന്നുവരുന്നു.
- മലപ്പുറം ജില്ലയിൽ നിലമ്പൂർ മുൻസിപ്പാലിറ്റിയുടെ പരിധിയിൽ വരുന്ന കരിംമ്പുഴ ഫോറെസ്റ്റ് റോഡിന്റെ ഇരുവശവുമുള്ള മാലിന്യ കൂമ്പാരങ്ങൾ നീക്കം ചെയ്തു. ഹരിത കേരള മിഷൻ, ശുചിത്വ മിഷൻ, നിലമ്പൂർ നഗരസഭ. അസ്സബാഹ് ആർട്ട്സ് ആൻഡ് സയൻസ് കോളേജ് വളയംകുളം എന്നിവയുടെ നേതൃത്വത്തിലാണ് ശുചീകരണ പ്രവർത്തനം നടപ്പാക്കിയത്.
- മലപ്പുറം ജില്ലയിൽ പാലേമാട് ശ്രീ വിവേകാനന്ദ ആർട്സ് ആൻഡ് സയൻസ് കോളേജിലെ 50 ഓളം വരുന്ന എൻഎസ്എസ് വിദ്യാർത്ഥികൾ ചാലിയാർ എം. സി. എഫ് സന്ദർശിച്ച് തരം തിരിക്കൽ പ്രക്രിയയിൽ പങ്കാളികളായി. 150 കിലോയോളം അജൈവ മാലിന്യങ്ങൾ റീസൈക്കിൾ പ്രക്രിയക്ക് വേണ്ടി തരംതിരിച്ച് ഹരിത കർമ്മ സേനയ്ക്ക് കൈമാറി. ഈ വിദ്യാർത്ഥികൾ ക്ലീൻ ചാലിയാർ യജ്ഞത്തിലും പങ്കാളികളായി. ചാലിയാർ പഞ്ചായത്തിലെ എടിവണ്ണ കോളനി, അങ്ങാടി, പരിസര പ്രദേശങ്ങൾ എന്നിവിടെമെല്ലാം ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയത്. 35 ഓളം വരുന്ന വിദ്യാർത്ഥികൾ ചേർന്ന് 600 കിലോയിലേറെ വലിച്ചെറിയപ്പെട്ട അജൈവ മാലിന്യങ്ങൾ റീസൈക്കിൾ പ്രക്രിയക്ക് വേണ്ടി തരംതിരിച്ച് ഹരിത കർമ്മ സേനയ്ക്ക് കൈമാറി കൂടാതെ വീട്ടുകളിലും കടകളിലും മാലിന്യങ്ങൾ വലിച്ചെറിയാതെ ഹരിത കർമ്മസേനക്ക് കൈമാറാനുള്ള ബോധവൽകരണവും നടത്തി.
- മലപ്പുറം ജില്ലയിൽ ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ എം ഐ സി ആർട്സ് ആൻഡ് സയൻസ് കോളേജ് മഞ്ചേരിയിലെ വിദ്യാർത്ഥികൾ എ.എം.എൽ.പി സ്കൂൾ ചെമ്പൻ കൊല്ലിയിൽ 10 സെന്റോളം വരുന്ന ഭൂമിയിൽ ജൈവ പച്ചക്കറിത്തോട്ടം നിർമ്മിച്ചു.
- ഹരിതകർമ്മസേനയ്ക്ക് ആരോഗ്യ പരിശോധന - കോഴിക്കോട് ജില്ലാ മിഷൻ യോഗത്തിന്റെ തീരുമാനത്തിന്റെ ഭാഗമായി ആർദ്രം മിഷനുമായി ചേർന്ന് ഹരിതകർമ്മസേനയ്ക്ക് ആരോഗ്യ പരിശോധന ഇത് വരെ 14 ഗ്രാമ പഞ്ചായത്തുകളിൽ ക്യാമ്പ് നടത്തിയിട്ടുണ്ട്.
- കണ്ണൂർ ജില്ലയിൽ എടത്തൊട്ടി ഡീപോൾ കോളേജ് - ഹരിതകേരളം മിഷൻ - ഗ്രീൻ ബ്രിഗേഡ് നേതൃത്വത്തിൽ കേളകം പാലുകാച്ചിമലയിൽ പ്രകൃതിപഠന ക്യാമ്പും ശാന്തിഗിരി മുതൽ പാലുകാച്ചി വരെ പാതയോര ശുചീകരണവും നടത്തി. മയ്യിൽ ITM കോളേജിൽ 20 പേരെ ഉൾപ്പെടെ ഗ്രീൻ ബ്രിഗേഡ് രൂപീകരിച്ചു. നെരുവമ്പ്രം അപ്ലൈഡ് സയൻസ് കോളേജിൽ 25 പേരടങ്ങുന്ന ഗ്രീൻ ബ്രിഗേഡ് രൂപീകരിച്ചു
- കാസറഗോഡ് ജില്ലയിൽ ലോക എയ്ഡ്സ് ദിനാചരണത്തിന്റെ ഭാഗമായി ഹരിത കേരള മിഷനുമായി സഹകരിച്ച് ഹോസ്ദുർഗ്ഗ് ജില്ലാ ജയിലിൽ അന്തേവാസികൾ വിവിധ തരത്തിലുള്ള പൂച്ചെടികൾ കൊണ്ട് എയ്ഡ്സിനെതിരെ റിബൺ ഒരുക്കി തീർത്തു.

❖ കാസറഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് ജില്ലാ ജയിൽ, വിമുക്തി കാസർഗോഡ്, നവകേരള മിഷൻ കാസർഗോഡ്, റോട്ടറി കാഞ്ഞങ്ങാട് എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ ഹോസ്ദുർഗ്ഗ് ജില്ലാ ജയിൽ പരിസരത്ത് വെച്ച് ലഹരിക്കെതിരെ 2024 തിരി തെളിയിച്ചു.

**ശുചിത്വ-മാലിന്യ സംസ്കരണ ത്രൈമാസ അവലോകനം**

| നടന്ന മാസം | ശുചിത്വ-മാലിന്യ സംസ്കരണ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ഒക്ടോബർ | **605** | **3178** | **4153** | **7318** | **14649** | **72** | **6326** | **69** | **5720** | **632** | **127566** |
| നവംബർ | **1454** | **3110** | **4431** | **39883** | **47424** | **22** | **2257** | **76** | **4094** | **1062** | **1685** |
| ഡിസംബർ | **434** | **1314** | **1933** | **4897** | **8144** | **17** | **791** | **28** | **2023** | **203** | **2423** |
| ആകെ | **2493** | **7602** | **10517** | **52098** | **70217** | **111** | **9374** | **173** | **11837** | **1897** | **131674** |

## 11) ക്ഷീരഭവനം സുന്ദരഭവനം

കണ്ണൂർ ജില്ലയിലെ ഡയറി ഫാമുകൾക്കും പശുത്തൊഴുത്തുക്കൾക്കും ശുചിത്വത്തിന്റെയും ഹരിത പെരുമാറ്റ ചട്ട പാലനത്തിന്റേയും അടിസ്ഥാനത്തിൽ ഹരിതപദവി നൽകാനൊരുങ്ങി ക്ഷീര വികസന വകുപ്പും ഹരിത കേരളം മിഷനും നടപ്പാക്കുന്ന സവിശേഷ പ്രവർത്തനമാണിത്. പശുവളർത്തലിനോടൊപ്പം ശുചിത്വ - മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് ഉയർന്ന പ്രാധാന്യം നൽകാൻ കർഷകരെയും സമൂഹത്തെയും പ്രേരിപ്പിക്കാനാണ് ഡയറി ഫാമുകൾക്കും പശു തൊഴുത്തുകൾക്കും ഹരിത പദവി നൽകാൻ തീരുമാനിച്ചത്. ഡയറി ഫാമുകളുടെ നടത്തിപ്പ് (management) ശാസ്ത്രീയമാക്കാൻ കൂടി സഹായിക്കുന്ന ഇടപെടലാണ് ഡയറി ഫാമുകളുടെ ഹരിതപദവി നേടുക എന്നത്. ക്ഷീര വികസന വകുപ്പ്, ഹരിത കേരള മിഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ "ക്ഷീരഭവനം സുന്ദരഭവനം" എന്ന പേരിലെ ക്യാമ്പയിൻ ഫാമുകളുടെ ശുചിത്വം എന്താണെന്നും അതെങ്ങിനെ സുസ്ഥിരമായി നേടാമെന്നും ക്ഷീര കർഷകരെ ബോധവല്ക്കരിക്കുന്നു. ഹരിതവും ശുചിത്വവുമായ ഡയറിഫാമുകൾ എന്ന ലക്ഷ്യം നേടുന്നതിന് തീറ്റ, മൃഗങ്ങളുടെ വെള്ളം മുതലായ ഫാമിലേക്ക് വരുന്ന എല്ലാ ഘടകങ്ങളും നിരീക്ഷിക്കുന്നതോടൊപ്പം ഫാമിൽ നിന്ന് പുറത്തുപോകുന്ന പാൽ, വളം, മൃഗങ്ങൾ മുതലായ ഘടകങ്ങളും കൃത്യമായും സൂക്ഷ്മമായും നിരീക്ഷിക്കാൻ സംവിധാനം ഏർപ്പെടുത്താനും ലക്ഷ്യമിട്ടാണ് ഈ ക്യാമ്പയിൻ. ജില്ലയിലെ മുഴുവൻ ഡയറി ഫാമുകളും ഹരിത പദവി നേടുക എന്നതാണ് ഈ ക്യാപയിൻ കൊണ്ട് ലക്ഷ്യമാക്കുന്നത്.

ഡയറി ഫാമുകളുടെയും തൊഴുത്തുകളുടെയും ഹരിത പദവി ഒരുക്കുന്നതിന് ക്ഷീര വികസന വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള മാർഗ്ഗരേഖ ചുവടെ പറയും പ്രകാരമാണ്.

❖ ഡയറിഫാമും പരിസരപ്രദേശങ്ങളും ശുചിത്വ പൂർണമായിരിക്കണം.
❖ തൊഴുത്ത് / ഫാം എല്ലാ ദിവസവും വൃത്തിയായി സൂക്ഷിക്കണം.
❖ തൊഴുത്തോ ഫാമോ വൃത്തിയാക്കാനോ മൃഗങ്ങളെ കുളിപ്പിക്കാനോ ഉപയോഗിക്കുന്ന വെള്ളം ഒരു സോക്കേജ് പിറ്റിൽ ശേഖരിക്കപ്പെടുന്ന സംവിധാനം ഉണ്ടായിരിക്കണം.
❖ ഫാമിലെ ഗോമൂത്രം ശേഖരിച്ച് സൂക്ഷിക്കാനോ അവ സുരക്ഷിതമായി സോക്കേജ് പിറ്റ് പോലുള്ള സംവിധാനങ്ങളിലേക്ക് മാറ്റാനോ സ്ഥിരം സൗകര്യം ഉണ്ടായിരിക്കണം.
❖ മഴവെള്ളം കയറാത്ത വിധം ചാണകക്കുഴികൾ കല്ല് വെച്ച് പടുത്തുയർത്തണം.
❖ കറവ ഉപകരണങ്ങൾ പതിവായി വൃത്തിയാക്കാനും അണുവിമുക്തമാക്കാനും ശ്രദ്ധിക്കണം.
❖ ഫാമിലേക്കു പുതുതായി കൊണ്ടു വരുന്ന മൃഗങ്ങളെയും രോഗബാധിതരായ മൃഗങ്ങളെയും ക്വാറൻറൈൻ ചെയ്യാൻ പ്രത്യേക സംവിധാനം ഒരുക്കണം.
❖ ധാതുക്കളുടെ പാക്കറ്റുകൾ എന്നിവ സുരക്ഷിതമായി സൂക്ഷിക്കാനും ഹരിത കർമ്മ സേനക്ക്

കൈമാറാൻ സംവിധാനം ഒരുക്കിയിരിക്കണം.
- ഫാമുകളിൽ നിലം വൃത്തിയായി സൂക്ഷിക്കുക.
- ഫാം, തൊഴുത്ത് എന്നിവ കാറ്റും വെളിച്ചവും കടക്കുന്ന വിധത്തിലുള്ളവയായിരിക്കണം.
- തൊഴുത്തുകൾ പശു സൗഹൃദമാക്കുക.
- തൊഴുത്തിന്റെ നിർമ്മാണത്തിൽ കൂടുതൽ വായുസഞ്ചാരം വരുന്ന രീതികൾ ഉറപ്പു വരുത്തുക.
- തൊഴുത്തിനകത്തെ ചൂട് കുറക്കാനുള്ള മാർഗ്ഗങ്ങൾ അവലംബിക്കുക.
- ഓട്ടോമാറ്റിക് ഡ്രിംഗിങ്ങ് ബൗൾ, ഡയറി ഫാം യന്ത്രവൽക്കരണം എന്നിവ നടപ്പിലാക്കണം.
- അണുനശീകരണ പ്രവർത്തനങ്ങൾ കൂടുതലായി നടപ്പിലാക്കണം (teat dip, foot dip, chlorination etc).
- കീടനിയന്ത്രണ നടപടികൾ നടപ്പിലാക്കണം.
- പശുക്കളുടെ ആരോഗ്യ സംരക്ഷണത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കണം.

മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി ഡയറി ഫാമുകളിൽ പരിശോധന ആരംഭിച്ചു.

## 12) ഗ്രീൻ പ്രോട്ടോകോൾ

- പത്തനംതിട്ട ജില്ലയിലെ പന്തളം മുനിസിപ്പാലിറ്റിയിൽ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് വിശുദ്ധ സേനയിൽ നിന്ന് 13 സാനിറ്റേഷൻ വർക്കേഴ്സും, മുൻസിപ്പാലിറ്റിയിൽ നിന്ന് 15 ശുചീകരണ തൊഴിലാളികളും ദിവസേന ശുചീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സാനിറ്റേഷൻ പ്രവർത്തകർ ദിവസേന മൂന്ന് വട്ടം ശുചീകരണം ചെയ്യുകയും ബ്ലീച്ചിങ് പൗഡർ പരിസരങ്ങളിൽ ഉപയോഗിക്കുകയും ചെയ്യുന്നു, ദിവസേന ശേഖരിക്കുന്ന ഭക്ഷണപദാർത്ഥങ്ങളുടെ അവശിഷ്ടങ്ങൾ മുൻസിപ്പാലിറ്റിയിലെ തുമ്പൂർമുഴിയിൽ സംസ്കരിക്കുന്നു, അമ്പലത്തിന് ചുറ്റും പ്രവർത്തിച്ചുവരുന്ന കടകളിൽ നിന്നുള്ള അജൈവമാലിന്യങ്ങൾ ദിവസേന ഹരിത കർമ്മ സേനകൾ ശേഖരിച്ച് തരംതിരിക്കുന്നു. ഭക്തജനങ്ങൾക്ക് വേണ്ടത്ര ടോയിലറ്റ് സൗകര്യങ്ങളും മുൻസിപ്പാലിറ്റിയുടെ ഭാഗത്തുനിന്ന് തയ്യാറാക്കി കൊടുത്തിട്ടുണ്ട്.
- പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമപഞ്ചായത്തിലെ കളമല ജുമാ മസ്ജിദ് ചന്ദനക്കുടത്തോട് അനുബന്ധിച്ച് ഹരിത പ്രോട്ടോക്കോൾ പാലിച്ച് പരിപാടികൾ നടത്തുന്ന പ്രവർത്തനം നടത്തുകയുണ്ടായി. അജൈവ മാലിന്യങ്ങൾ തരം തിരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയും ചെയ്തു.
- ശിവഗിരി തീർത്ഥാടനത്തോടനുബന്ധിച്ച് ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ സ്റ്റാൾ പ്രവർത്തനം ആരംഭിച്ചു. ഹരിത കേരളം മിഷനും നഗരസഭയും ചേർന്ന് തീർത്ഥാടനവുമായി ബന്ധപ്പെട്ട് ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നു. തീർത്ഥാടനത്തോടനുബന്ധിച്ച് ഉണ്ടായ മാലിന്യങ്ങൾ ഹരിത കർമ്മ സേന മെഗാ ക്ലീൻ ഡ്രൈവിലൂടെ ശേഖരിച്ച് വർക്കല മുൻസിപ്പാലിറ്റിക്ക് കൈമാറി.
- കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ അനുസരിച്ചുകൊണ്ട് നവകേരള സദസ്സ് നടത്തുന്നതിന് കോട്ടയം മൗണ്ട് കാർമൽ ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥികൾ ആവശ്യമായ ജൈവ ബിന്നുകൾ നിർമ്മിച്ച് മിഷന് കൈമാറി. ജൈവ ബിൻ നിർമാണ പരിശീലനം ഹരിത കേരളം മിഷൻ വിദ്യാർത്ഥികൾക്കു നൽകിയിരുന്നു.
- കോട്ടയം ജില്ലയിലെ കറുകച്ചാൽ ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള നെത്തല്ലൂർ ദേവീ ക്ഷേത്രത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ രീതികൾ അവലംബിക്കുന്നുണ്ട്. ക്ഷേത്രത്തിനുള്ളിലെ എല്ലാ ആവശ്യങ്ങൾക്കും സ്റ്റീൽ പാത്രങ്ങൾ ആണ് ഉപയോഗിക്കുന്നത്. കൂടാതെ ഉത്സവ സമയത്ത് എല്ലാവർക്കും ഭക്ഷണം നൽകുന്നതിന് ആവശ്യമായിട്ടുള്ള സ്റ്റീൽ പാത്രങ്ങളും ഗ്ലാസുകളും നിലവിലുണ്ട്. പൂജ ആവശ്യത്തിനായുള്ള പൂക്കൾക്ക് വേണ്ടി ചെടികൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. വൃക്ഷങ്ങളും ചെടികളും വച്ച് പിടിപ്പിച്ചു കൊണ്ടുള്ള ദേവഹരിത പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

❖ ബഹു: മുഖ്യമന്ത്രിയും മറ്റ മന്ത്രിമാരും പങ്കെടുത്ത നവ കേരള സദസ്സ് വിവിധ ജില്ലകളിൽ ഹരിത പെരുമാറ്റ ചട്ടം പാലിച്ച് നടന്നു. ലക്ഷ കണക്കിന് ആളുകൾ ആണ് വിവിധ മണ്ഡലങ്ങളിൽ നവകേരള സദസ്സിൽ പങ്കെടുത്തത്. ഒറ്റതവണ ഉപയോഗിക്കുന്ന വസ്തുക്കളുടെ ഉപയോഗം പരമാവധി കുറച്ചു. നവ കേരള സദസ്സിൽ ഉണ്ടായ മാലിന്യങ്ങൾ ഹരിത കർമ്മ സേനയുടെ സഹായത്തോടെ ക്ലീൻ ഡ്രൈവ് നടത്തി തരം തിരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറി.

❖ എറണാകുളം ജില്ലയിൽ തൃപ്പൂണിത്തുറ വൃശ്ചികോത്സവം പൂർണ്ണമായും ഹരിത പ്രോട്ടോക്കോൾ പാലിച്ച് നടത്തി. ആലുവ തിരുവൈരാണിക്കുളം നടതുറപ്പ് മഹോത്സവം, കാഞ്ഞൂർ സെന്റ് മേരീസ് ഫോറോന പള്ളി തിരുന്നാൾ എന്നിവ ഹരിത പ്രോട്ടോക്കോൾ പാലിച്ച് നടന്നു വരുന്നു.

## 13) തനതു പ്രവർത്തനങ്ങൾ

❖ **പാഥേയം പദ്ധതി** - തിരുവനന്തപുരം ചെങ്കൽ ഗ്രാമപഞ്ചായത്തും നെയ്യാറ്റിൻകര റോട്ടറി ക്ലബ്ബും സംയുക്തമായി നടപ്പിലാക്കുന്ന പാഥേയം പദ്ധതിയിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്റ്റീൽ പാത്രങ്ങൾ 78 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു.

❖ **സുസ്ഥിര തൃത്താല** - പാലക്കാട് തൃത്താല അസംബ്ലി നിയോജക മണ്ഡലത്തിൽ പരിസ്ഥിതി, കൃഷി, ജലസംരക്ഷണം, ശുചിത്വം, മാലിന്യ സംസ്കരണം, ഹരിത ടൂറിസം എന്നീ മേഖലകൾ സംയോജിപ്പിച്ച് സുസ്ഥിരവും സമഗ്രവുമായ വികസനം ഉറപ്പാക്കുന്നതിന് നടപ്പിലാക്കുന്ന സംയോജിത പദ്ധതിയാണ് സുസ്ഥിര തൃത്താല. പദ്ധതികളുടെ ഏകോപനം ഹരിത കേരളം മിഷൻ നടത്തുന്നു. തൃത്താല നിയോജക മണ്ഡലത്തിൽ ജലബജറ്റ് പ്രവർത്തനം അന്തിമഘട്ടത്തിലാണ്. ജലബജറ്റ് നിയോജക മണ്ഡലതല കൺവെൻഷനും 8 ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമപഞ്ചായത്ത് തല സാങ്കേതിക സമിതി യോഗവും നടത്തി. ജലബജറ്റ് തയാറാക്കാൻ വേണ്ട വിവരശേഖരണവും ഡാറ്റ എൻട്രിയും പൂർത്തീകരിച്ചു. തൃത്താല നിയോജകമണ്ഡല ജലബജറ്റ് റിപ്പോർട്ട് തയ്യാറാക്കി കഴിഞ്ഞു. ഡിസംബർ മാസം സുസ്ഥിര തൃത്താല – നീർത്തടാധിഷ്ഠിത പദ്ധതിയുടെ ഏകദിന ശിൽപ്പശാല നടന്നു. സുസ്ഥിര തൃത്താല പ്രത്യേക പരിപാടിയുടെ പ്രവർത്തനങ്ങളുടെ അവലോകനവും നടന്നു. കാർഷിക മേഖലയിലെ സ്ഥിതി വിവരങ്ങൾ, സാധ്യതകൾ, കൺവെർജൻസ് എന്നിവയുടെ റിപ്പോർട്ട് തയ്യാറാക്കുവാൻ മണ്ണ്സംരക്ഷണം വകുപ്പിനെ ചുമതലപ്പെടുത്തി. ഉപേക്ഷിക്കപ്പെട്ട ക്വാറികൾ ഉപയോഗപ്പെടുത്തി കൃഷി, മത്സ്യ കൃഷി എന്നീ മേഖലകളിലെ വികസനം ഉറപ്പാക്കാൻ മണ്ഡലത്തിലെ ക്വാറികളുടെ കണക്ക് എടുക്കാൻ മൈനിംഗ് & ജിയോളജി വകുപ്പിനെ ചുമതലപ്പെടുത്തി. പച്ചത്തുരുത്തുകളുടെ നിർമ്മാണം ഊർജ്ജിതമാക്കുന്നതിനു വനംവകുപ്പിന്റെ സേവനം ഉപയോഗപ്പെടുതാനും തീരുമാനിച്ചു.

❖ **മഞ്ഞപ്പുഴ രാമൻപുഴ സമഗ്രവികസന പദ്ധതി** - കോഴിക്കോട് ബാലുശ്ശേരി നിയോജക മണ്ഡലം എം.എൽ.എ യുടെ നേതൃത്വത്തിൽ മഞ്ഞപ്പുഴ രാമൻ പുഴ സമഗ്ര വികസനത്തിനായി ഏറ്റെടുത്ത പ്രവർത്തനത്തിൽ ഹരിതകേരളം മിഷൻ സംസ്ഥാന ടീം പരിശോധന നടത്തുകയും മണ്ഡലം ശിൽപശാലയ്ക്ക് തുടർച്ചയായി ഗ്രാമപഞ്ചായത്ത് തല ശിൽപശാലകൾ പൂർത്തീകരിച്ച് റിപ്പോർട്ട് പ്രവർത്തനം നടന്നുവരുന്നു. ഡിസംബർ മാസത്തിൽ പനങ്ങാട്, കോട്ടൂർ, ബാലുശ്ശേരി, ഉള്ള്യേരി എന്നീ ഗ്രാമപഞ്ചായത്തുകളിൽ ശിൽപശാലകൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ മണ്ഡലത്തിലെ ദുരന്ത നിവാരണ പ്രവർത്തകരുടെ യോഗവും നടന്നു.

❖ കണ്ണൂർ ജില്ലയിലെ ആന്തൂർ നഗരസഭയെ ബീക്കൺ നഗരസഭയാക്കി മാറ്റിയെടുക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി 11-12-2023-ന് ശിൽപശാല സംഘടിപ്പിച്ചു. ഊർജ ഗ്രാമം പ്രഖ്യാപനവുമായി ബന്ധപ്പെട്ട് വീടുകളിൽ സർവ്വേ നടത്തി. തരിശ് രഹിത ആന്തൂർ - എന്ന ലക്ഷ്യവുമായി ബന്ധപ്പെട്ട് വയൽ പ്രദേശങ്ങൾ എല്ലാം തന്നെ കൃഷി ചെയ്യുന്നുണ്ട്. കരപ്രദേശത്തെ തരിശ് രഹിതമാക്കുന്നതിനുള്ള പ്രവർത്തനം നടന്നു വരുന്നു. ഹാപ്പിനെസ്സ് ഫെസ്റ്റ് - നടത്തുന്നതിന്റെ ഭാഗമായുണ്ടാവുന്ന അജൈവ മാലിന്യങ്ങൾ പരമാവധി തരം

തിരിച്ചെടുക്കുന്ന രീതിയിൽ ആക്കാനും, റിജക്ട് വെയ്സ്റ്റുകൾ കുറക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. പറശ്ശിനി ടൗൺ മാതൃകാ ടൗൺ ആക്കൽ, ശുചിത്വവുമായി ബന്ധപ്പെട്ട ബോർഡുകൾ സ്ഥാപിക്കൽ, മാതൃകാ വിദ്യാലയങ്ങൾ, മാതൃകാ വെയിറ്റിംഗ് ഷെൽട്ടറുകൾ തുടങ്ങിയ കാര്യങ്ങൾ ശിൽപശാലയിൽ ചർച്ച ചെയ്തു.

- ❖ കൊല്ലം ജില്ലയിലെ കരീപ്ര പാറക്വാറി റീചാർജ്ജ് വിജയകരമായ സാഹചര്യത്തിൽ പാറക്വാറികളിലെ ജലം റീചാർജ് ചെയ്ത് കൃഷി/കുടിവെള്ളത്തിന് ഉപയോഗിക്കുന്നതിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതുമായി ബന്ധപെട്ട 2024-25 സാമ്പത്തിക വർഷത്തിൽ ജില്ലയിലെ 10 പാറക്വാറികൾ റീചാർജ്ജ് ചെയ്യുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാറക്വാറി റീചാർജ്ജിന്റെ ഭാഗമായി കരീപ്ര ഗ്രാമപഞ്ചായത്ത് ഉളകോട് പമ്പ് ഹൗസിൽ നിന്നും പ്രതിദിനം 30 ലക്ഷം റോ വാട്ടർ ഡിസ്ട്രിബ്യൂഷൻ കേന്ദ്രത്തിലേക്ക് വിടുന്നു. ഇത് പ്യൂരിഫൈ ചെയ്തു 25 ലക്ഷം വാട്ടർ വാർഡുകളിൽ എത്തിക്കുന്നു.
- ❖ പാലക്കാട് ജില്ലയിൽ ഉപേക്ഷിക്കപ്പെട്ട ക്വാറികൾ ഉപയോഗപ്പെടുത്തി കൃഷി, മത്സ്യ കൃഷി എന്നീ മേഖലകളിലെ വികസനം ഉറപ്പാക്കാൻ തീരുമാനിച്ചു. മണ്ഡലത്തിലെ ക്വാറികളുടെ കണക്ക് എടുക്കാൻ നിർദ്ദേശം നൽകി.

# ലൈഫ് മിഷൻ

**ഭൗതികനേട്ടം - ഒറ്റനോട്ടത്തിൽ**

ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ഭാഗമായി 2017 മുതൽ 31.12.2023 വരെ 3,67,867 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

**ലൈഫ് പുരോഗതി ഒറ്റനോട്ടത്തിൽ 2017 മുതൽ 31.12.2023 വരെ**

| നം | ലൈഫ് മിഷൻ/ വകുപ്പുകൾ | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|
| 1 | ലൈഫ് ഒന്നാംഘട്ടം (പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം) | 52,680 |
| 2 | ലൈഫ്രണ്ടാംഘട്ടം (ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണം), പി.എം.എ.വൈ-ലൈഫ് (അർബൻ, റൂറൽ), വിവിധ വകുപ്പുകൾമുഖേന | 2,64,724 |
| 3 | ലൈഫ് മൂന്നാംഘട്ടം (ഭൂരഹിത ഭവനരഹിതരിൽ നിന്നും ഭൂമിയാർജ്ജിച്ചവർ) | 23,871 |
| 4 | അഡീഷണൽ ലിസ്റ്റ് (എസ്സി/എസ്.ടി/ ഫിഷറീസ്) | 25706 |
| 5 | ഭവന സമുച്ചയങ്ങളിലൂടെ പുനരധിവസിപ്പിക്കപ്പെട്ടവർ | 886 |
| ആകെ | | 3,67,867 |

**ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി 2023-24 വർഷത്തെ പുരോഗതി വിശദാംശം**

**വ്യക്തിഗത ഭവനം**

ഭൗതികലക്ഷ്യം 2023-24 (ബജറ്റ് പ്രഖ്യാപനം) - 71,861

കരാറിലേർപ്പെട്ടവരുടെ എണ്ണം - 1,46,191

2023-24 വർഷം പൂർത്തീകരിച്ച വീടുകൾ - 25,491

നിർമ്മാണ പുരോഗതിയിലുള്ള വീടുകൾ - 1,20,700

| | | |
|---|---|---|
| റൂഫ് | - | 16,862 |
| ലിൻറിൽ | - | 15,169 |
| ബേസ്മെൻറ് | - | 18,541 |
| നിർമ്മാണം ആരംഭിച്ചവർ | - | 70,128 |
| **ആകെ** | - | **1,20,700** |

| 2023 നവംബർ വരെ | 2023 ഡിസംബർ മാസം | 2023 ഡിസംബർ മാസം വരെ |
|---|---|---|
| 3,58,610 | 9,257 | 3,67,867 |

**അതിദാരിദ്ര്യ വിഭാഗത്തിൽപ്പെട്ടവർ (EPEP)**

ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടവർ

വീട് വേണ്ടവർ - 8,342

വീടും സ്ഥലവും വേണ്ടവർ - 7,018

**ആകെ** - 15,360

അതിദരിദ്ര്യ നിർണ്ണയ പ്രക്രിയിലൂടെ കണ്ടെത്തിയ ഗുണഭോക്താക്കളിൽ ഭവനനിർമ്മാണത്തിനായി കരാർവെച്ച 3,270 പേരിൽ 907 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

### ലൈഫ് 2020

ഗുണഭോക്താക്കളുടെ എണ്ണം

| | |
|---|---|
| ഭൂമിയുള്ള ഭവനരഹിതർ | 3,69,262 |
| ഭൂരഹിത ഭവനരഹിതർ | 1,96,446 |
| **ആകെ** | 5,65,708 |

ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുള്ള ഭവനരഹിതരിൽ 2023 ഡിസംബർ വരെ 79,990 ഗുണഭോക്താക്കൾ കരാറിലേർപ്പെട്ടിട്ടുണ്ട്.

### ലൈഫ് 2020 കരാർവയ്ക്കൽ പുരോഗതി - ജില്ലതിരിച്ച്

| ജില്ല | അർഹരായവർ | കരാർ വച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 43240 | 8534 |
| കൊല്ലം | 33675 | 5876 |
| പത്തനംതിട്ട | 10399 | 3937 |
| ആലപ്പുഴ | 30512 | 6134 |
| കോട്ടയം | 17394 | 4590 |
| ഇടുക്കി | 26299 | 2227 |
| എറണാകുളം | 23345 | 5069 |
| തൃശ്ശൂർ | 27916 | 5852 |
| പാലക്കാട് | 57949 | 6414 |
| മലപ്പുറം | 33631 | 15377 |
| കോഴിക്കോട് | 20894 | 6266 |
| വയനാട് | 17322 | 2238 |
| കണ്ണൂർ | 12236 | 4411 |
| കാസർഗോഡ് | 14450 | 3065 |
| **ആകെ** | 369262 | 79990 |

### മനസ്സോടിത്തിരി മണ്ണ്

മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമായി2023 ഡിസംബർ മാസം വരെ 2834.654 സെൻറ് ഭൂമി ലൈഫ് മിഷന് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 1541.987 സെൻറ് ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്/ ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്.

### ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി

ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി സർക്കാർ ആരംഭിച്ച മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമായി കെ.ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 1000 ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമിവാങ്ങുന്നതിന് ഒരു കുടുംബത്തിന് പരമാവധി 2.5 ലക്ഷം രൂപ നിരക്കിൽ 25 കോടി രൂപ ധനസഹായം നൽകുന്നതിന് സർക്കാരുമായി 2021 ഡിസംബറിൽ ധാരണാപത്രം ഒപ്പിട്ടിരുന്നു. അതിൻപ്രകാരം 1000 ഭൂരഹിതർക്കും ഭൂമി ലഭ്യമാക്കി.

### ഭവനസമുച്ചയ നിർമ്മാണ പുരോഗതി

27 ഭവനസമുച്ചയങ്ങളിൽ 4 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 23 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. 886 കുടുംബങ്ങളെ ഭവന സമുച്ചയങ്ങളിലൂടെ പുനരധിവസിപ്പിക്കപ്പെട്ടിട്ടുണ്ട്.

# വിദ്യാകിരണം

## ഭൗതിക സൗകര്യ വികസനം

പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുന്നതിന്റെ ഭാഗമായി വിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിന് 5 കോടി, 3 കോടി, 1 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി തുക അനുവദിച്ചിരുന്നു. നിജസ്ഥിതി ചുവടെ ചേർക്കുന്നു.

5 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട 141 സ്കൂളുകളിൽ 137 സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായി. ശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.

3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട 386 സ്കൂളുകളിൽ 166 സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായി. ശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്

1 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട 446 സ്കൂളുകളിൽ 165 സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായി. 45 സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായി ഉദ്ഘാടനത്തിന് സജ്ജമായിട്ടുണ്ട്. PRICE SOFTWARE ലുള്ള പ്രശ്നം കാരണം ഏതാണ്ട് 115 ഓളം സ്കൂളുകൾക്ക് അനുമതി നൽകാൻ കഴിയാത്ത സാഹചര്യമുണ്ടായിരുന്നു. ഇത് പരിഹരിക്കുന്നതിനുള്ള ശ്രമം ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് നടന്നു വരുന്നു. കോട്ടയം ജില്ലയിൽ നീണ്ടൂർ SKV ഗവ ഹയർ സെക്കന്ററി സ്കൂളിൽ KIFB ഫണ്ട് 1 കോടി ഉപയോഗിച്ച് നിർമ്മാണം പൂർത്തിയാക്കിയ സ്കൂൾ കെട്ടിട ഉദ്ഘാടനം സഹകരണ, തുറമുഖ വകുപ്പ് മന്ത്രി ശ്രീ. വി. എൻ.വാസവൻ നിർവ്വഹിച്ചു. ഗവ.ഹയർ സെക്കന്ററി സ്കൂൾ കടവെച്ചൂർ മികവിന്റെ കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി അനുവദിച്ച 3.9 കോടിയുടെ ബഹുനില സ്കൂൾ മന്ദിരത്തിന്റെ ശിലാസ്ഥാപനം വൈക്കം MLA ശ്രീമതി C.K.ആശ നിർവ്വഹിച്ചു.

## അക്കാദമിക പ്രവർത്തനങ്ങൾ

### ശിശു സൗഹൃദ ഗണിത ശാസ്ത്രപഠനം - മഞ്ചാടി

സമഗ്രശിക്ഷ കേരളം, കെ-ഡിസ്ക്, എസ്.സി.ഇ.ആർ.ടി, പൊതുവിദ്യാഭ്യാസ വകുപ്, വിദ്യാകിരണം മിഷൻ എന്നീ ഏജൻസികളുടെ ഏകോപനത്തോടെ സംസ്ഥാനത്തെ തെരഞ്ഞെടുത്ത 101 സ്കൂളുകളിൽ നടപ്പിലാക്കി വരുന്ന ഗണിതപരിപാടി ശിശുസൗഹൃദ ഗണിതശാസ്ത്ര പഠനം - മഞ്ചാടിയുടെ ഈ വർഷത്തെ ആദ്യഘട്ടത്തിന്റെ അവലോകനവും, 2024 ജനുവരിയിൽ ആരംഭിക്കുന്ന രണ്ടാം ഘട്ടവുമായി സംബന്ധിച്ച ചർച്ചയും ബന്ധപ്പെട്ട ബി.പി സിമാരും ട്രയിനർമരും പ്രധാനധ്യാപകരും പങ്കെടുത്ത ഏകദിന യോഗം 2023 ഡിസംബർ7 ന് അഗ്രികൾചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരത്ത് വച്ച് നടന്നു.

ശില്പശാലയിൽ ചെറുവത്തൂർ, മുണ്ടേരി കൊയിലാണ്ടി കാട്ടാക്കട പരിധിയിൽപെട്ട എല്ലാ ബി.പി.സിമാരും ട്രെയിനർമരും പങ്കെടുത്തു. ചില സ്കൂളുകളിൽ നിന്നുള്ള പ്രധാനാധ്യപകരും, ഗണിതാധ്യാപകരും യോഗത്തിൽ പങ്കെടുക്കുകയുണ്ടായി.

ഒന്നാംഘട്ട കുട്ടികളുടെ ഭിന്നസംഖ്യാധാരണ മനസ്സിലാക്കുന്നതിനായി ഒരു ഹ്രസ്വ വിലയിരുത്തൽ ഡിസംബറിൽ നടന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും രണ്ടാംഘട്ട പ്രവർത്തനത്തിന്റെ പ്ലാനിങ് നടക്കുന്നത്.

ജനുവരി 15നുള്ളിൽ 101 സ്കൂളുകളിലെ എല്ലാ അഞ്ചാം തരത്തിലെ അധ്യാപകരെയും ബന്ധപ്പെട്ട ബിആർസി അംഗങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ട് രണ്ടാംഘട്ട പരിശീലന ശില്പശാല നടത്തണമെന്ന് തീരുമാനിച്ചു. ശില്പശാലയ്ക്ക് തീയതികൾ നിശ്ചയിച്ചു.

നവകേരള സദസ്സിനോടനുബന്ധിച്ച് തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട മണ്ഡലത്തിൽ നടപ്പിലാക്കിയ വിദ്യാഭ്യാസ എക്സിബിഷനിൽ ശിശു സൗഹൃദ ഗണിതശാസ്ത്ര പഠനം - മഞ്ചാടിയുടെ പ്രത്യേക സ്റ്റാൾ ഉണ്ടായിരുന്നു. വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ ഒരു അവതരണം നടത്താൻ ഇത് ഉപകാരപ്പെട്ടു.

**ചലച്ചിത്രോത്സവം** : പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ചലച്ചിത്ര പഠനത്തെ

പ്രോത്സാഹിപ്പിക്കാനുതകുന്ന ചലച്ചിത്ര ക്യാമ്പുകൾ ജില്ലകളിൽ നടന്നു. ചലച്ചിത്രോത്സ വങ്ങളിലെ പഠന സാധ്യതകളിലൂടെ സ്കൂൾതല, ബ്ലോക്ക് തല, ജില്ലാതല ചലച്ചിത്രോത്സവങ്ങൾ എല്ലാ ജില്ലയിലും നടന്നു. തുടർന്ന് സംസ്ഥാനതല ചലച്ചിത്രക്യാമ്പ് കോട്ടയത്ത് പൂർത്തിയായി.

**പ്രാദേശിക പ്രതിഭാ കേന്ദ്രം**

കോട്ടയം ജില്ലയിൽ പാർശ്വവൽകൃത മേഖലകളിലായി ആകെ 45 പ്രതിഭാ കേന്ദ്രങ്ങൾ ആരംഭിച്ചു. 45 എജ്യൂക്കേഷണൽ വാളണ്ടിയേഴ്സിനെയും ഇതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. സമഗ്ര ശിക്ഷാ കേരളയുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. അതിനോടൊപ്പം തന്നെ ആദിവാസി മേഖലയിലെ അക്കാദമിക പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി ഊരുവിദ്യാകേന്ദ്രങ്ങളും പ്രവർത്തിക്കുന്നു.

**യങ് ഇന്നവേറ്റേഴ്സ് പ്രോഗ്രാം ( YIP) ശാസ്ത്രപഥം:**

ഹൈസ്കൂൾ, ഹയർസെക്കന്ററി വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് തങ്ങളുടെ നൂതന ആശയങ്ങൾ അവതരിപ്പിക്കാനുള്ള അവസരമൊരുക്കുന്ന പരിപാടി. അതോടൊപ്പം അവിടെ തെരഞ്ഞെടുക്കപ്പെടുന്ന ആശയങ്ങൾക്ക് അത് പ്രാവർത്തികമാക്കാൻ വേണ്ട മെന്ററിങ്, സാമ്പത്തിക, സാങ്കേതിക സഹായങ്ങൾ എന്നിവ കെ-ഡിസ്കും സമഗ്രശിക്ഷ കേരളയും വിവിധ ഘട്ടങ്ങളിലായി കുട്ടികൾക്ക് നൽകുകയും ചെയ്യും. വിവിധ ജില്ലകളിൽ വിദ്യാകിരണം കോർഡിനേറ്റർമാർ YIPയുടെ ഭാഗമായി സജീവപ്രവർത്തനം നടത്തി വരുന്നു.

**ജലഗുണതാ പരിശോധന ലാബുകൾ**

ഹരിതകേരളം മിഷനുമായി ചേർന്ന് വിദ്യാലയങ്ങളിൽ ജലഗുണതാ പരിശോധന ലാബുകളിൽ ടെസ്റ്റുകൾ നടക്കുന്നതിനുള്ള ശ്രമങ്ങൾ പുരോഗമിക്കുന്നു. വിദ്യാലയങ്ങളിലെ NSS യൂണിറ്റുകളുടെ സഹകരണത്തോടെ 500 ടെസ്റ്റുകളെങ്കിലും ഒരു സ്കൂളിൽ നടത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്.

**ജില്ലാ വികസന സമിതിയോഗങ്ങൾ (DDC)**

നിർമ്മാണ ഏജൻസികളുടെ പ്രിതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് കളക്ടർമാരുടെ അധ്യക്ഷതയിൽ നടക്കുന്ന ജില്ലാ വികസനസമിതി യോഗങ്ങൾ എല്ലാ ജില്ലകളിലും നടക്കുന്നുണ്ട്.

**വർണ്ണക്കൂടാരം**

പ്രീപ്രൈമറി സ്കൂളുകളുടെ ഭൗതിക സൗഹചര്യം വർണ്ണാഭമാക്കുന്ന സമഗ്രശിക്ഷ കേരളയുടെ പദ്ധതിയാണിത്. ശാസ്ത്രീയ പ്രീസ്കൂളിങ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി അംഗീകൃത പ്രീസ്കൂളിന് 10 ലക്ഷം രൂപ വീതം നൽകിക്കൊണ്ട് 13 പ്രവർത്തന ഇടങ്ങളും ശിശുസൗഹൃദ ഫർണിച്ചറുകളും ഒരുക്കുന്നതാണ് ഈ പദ്ധതി. മലപ്പുറത്ത് 55, പത്തനതിട്ട32, തൃശ്ശൂർ 57, വയനാട് 30, ആലപ്പുഴ42, കോട്ടയം 30 എന്നിങ്ങനെ എല്ലാ ജില്ലകളിലും പദ്ധതി നടപ്പിലാക്കി ക്കൊണ്ടിരിക്കുന്നു.

# ആർദ്രം മിഷൻ

## 1) ആരോഗ്യ സ്ഥാപനങ്ങളുടെ പരിവർത്തന പ്രവർത്തനങ്ങൾ

| ഘട്ടം | തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ | നിർമ്മാണം പൂർത്തിയായവ | നിർമ്മാണം പുരോഗമിക്കുന്നവ |
|---|---|---|---|
| മെഡിക്കൽ കോളേജുകളിലെ ഒ.പി പരിവർത്തനം | 8 | 8 (100%) | 0 |
| ജില്ലാ ആശുപത്രികളിലെ ഒ.പി പരിവർത്തനം | 17 | 14 (82%) | 0 |
| **താലൂക്ക് ആശുപത്രികളുടെ ഒ. പി പരിവർത്തനം** | | | |
| ഒന്നാം ഘട്ടം | 8 | 6 (75%) | 0 |
| രണ്ടാം ഘട്ടം | 27 | 6 (22%) | 14 |
| മൂന്നാം ഘട്ടം | 8 | 0 | 5 |
| **ആകെ** | 43 | 12 (25%) | 19 |
| **സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി** | | | |
| ഒന്നാം ഘട്ടം | 76 | 48 (63%) | 13 |
| രണ്ടാം ഘട്ടം | 75 | 8 (10%) | 22 |
| **ആകെ** | 151 | 56 (37%) | 35 |
| **പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി** | | | |
| ഒന്നാം ഘട്ടം | 170 | 166 (97%) | 1 |
| രണ്ടാം ഘട്ടം | 504 | 429 (85%) | 21 |
| മൂന്നാം ഘട്ടം | 212 | 68 (32%) | 41 |
| **ആകെ** | 886 | 663 (75%) | 63 |

## 2) വാർഷിക ആരോഗ്യ പരിശോധന (അൽപ്പം ശ്രദ്ധ ആരോഗ്യം ഉറപ്പ് ക്യാമ്പയിൻ )

- 30 വയസ്സിന് മുകളിലുള്ള എല്ലാ വ്യക്തികളേയും വർഷത്തിൽ ഒരിക്കലെങ്കിലും ജീവിതശൈലീ രോഗങ്ങൾ സ്ക്രീൻ ചെയ്യാൻ ഒരു സംവിധാനം ഒരുക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച വാർഷിക ആരോഗ്യ പരിശോധനയിൽ, 01/12/23 മുതൽ 31/12/23 വരെ 2,49,593 വ്യക്തികളുടെ സർവേ പൂർത്തിയായി. ഇതിൽ 15,176 (6%) പേർക്ക് ക്യാൻസർ സാധ്യത ഉള്ളതായും, 22,374 (9%) പേർക്ക് പ്രമേഹ/രക്താതിമർദ്ദ സാധ്യത ഉള്ളതായും, 682 (0.3%) പേർക്ക് ക്ഷയരോഗ സാധ്യത ഉള്ളതായും, 2,366 (0.9%) പേർക്ക് ശ്വാസകോശ രോഗങ്ങൾക്കുള്ള സാധ്യത ഉള്ളതായും കണ്ടെത്തി കൂടുതൽ പരിശോധനകൾക്കായി റഫർ ചെയ്തിട്ടുണ്ട്.
- ഇത് കൂടാതെ നിലവിൽ രക്താതിമർദ്ദം മാത്രമുള്ള 12,595 (5%) പേരുടേയും പ്രമേഹം മാത്രമുള്ള 12,595 (5%) പേരുടേയും പ്രമേഹവും രക്താതിമർദ്ദവുമുള്ള 5,617 (2%) പേരുടേയും രോഗവിവരങ്ങൾ കൂടി ശൈലി ആപ് വഴി രേഖപ്പെടുത്തിയിട്ടുണ്ട്.
- സ്ക്രീനിംഗ് വഴി രോഗസാധ്യത കണ്ടെത്തിയ വ്യക്തികളെ പരിശോധിച്ച് രോഗനിർണ്ണയം നടത്താനുള്ള പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും നടന്ന് വരുന്നു. ശൈലി ആപ് ഉപയോഗിച്ച് സർവേ നടത്തുവാനുള്ള പരിശീലനം എല്ലാ ജില്ലകളിലേയും ആശമാർക്ക് നൽകിയിട്ടുണ്ട്.
- പ്രമേഹ/രക്താതിമർദ്ദ സാധ്യത ഉള്ള വ്യക്തികളുടെ സ്ക്രീനിംഗ് ജനകീയാരോഗ്യ കേന്ദ്രങ്ങൾ വഴി നടത്തി രക്തത്തിലെ പഞ്ചസാരയുടെ അളവും രക്തസമ്മർദ്ദവും രേഖപ്പെടുത്തുവാനുള്ള സംവിധാനം ശൈലി ആപ്പിൽ പ്രവർത്തനക്ഷമമായിട്ടുണ്ട്. ഇതുവരെ ജീവിതശൈലീ രോഗസാധ്യത കണ്ടെത്തിയ 27,81,450 പേരെ ജനകീയാരോഗ്യ കേന്ദ്രങ്ങൾ വഴി സ്ക്രീൻ

ചെയ്തതിലൂടെ പുതിയതായി 6,35,747 പേർക്ക് രക്താതിമർദ്ദവും 55,745 പേർക്ക് പ്രമേഹവും കണ്ടെത്തിയിട്ടുണ്ട്.

- ❖ വാർഷിക പരിശോധനാ പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയും പത്തനംതിട്ട ജില്ലയും മുപ്പത് വയസ്സിനു മുകളിൽ പ്രായമുള്ള മുഴുവൻ വ്യക്തികളുടേയും സർവ്വേ പൂർത്തിയാക്കി.

### 3) ക്യാൻസർ നിയന്ത്രണ പദ്ധതി

- ❖ വാർഷിക ആരോഗ്യ പരിശോധനയിൽ, 01/12/23 മുതൽ 31/12/23 വരെ 2,49,593 വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 10,518 (4%) പേർക്ക് ക്യാൻസർ സാധ്യത കണ്ടെത്തി.
- ❖ ക്യാൻസർ രോഗ സാധ്യത ഉള്ളവരെ കുടുംബാരോഗ്യ കേന്ദ്ര തലം മുതലുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തി ആവശ്യമുള്ളവരുടെ സാമ്പിൾ ശേഖരിച്ച് ജില്ലയിലെ ലാബുകളിൽ അയച്ച് രോഗനിർണ്ണയം നടത്തുവാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.
- ❖ കേരളത്തിലെ ആശുപത്രികളെ ബന്ധിപ്പിച്ച് ക്യാൻസർ ഗ്രിഡ് സംവിധാനം തയ്യാറായിട്ടുണ്ട്.
- ❖ ക്യാൻസർ രോഗ സാധ്യതയുള്ളവരുടെ വിശദമായ ക്ലിനിക്കൽ, ലാബ് പരിശോധനകൾക്കായി വികസിപ്പിച്ച ക്യാൻസർ സ്ക്രീനിങ് പോർട്ടൽ വഴി നടത്തുന്ന പരിശോധനകളുടെ എണ്ണം 42,807 ആയി.
- ❖ കോട്ടയം ജില്ലയിൽ "ക്യാൻ കോട്ടയം" എന്ന പേരിൽ ക്യാൻസർ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി ക്യാമ്പയിൻ നടന്നുവരുന്നു.
- ❖ കാസർഗോഡ് ജില്ലയിൽ ഇതുവരെ 95 ക്യാൻസർ നിർണയ ക്യാമ്പുകൾ സംഘടിപ്പിച്ച് 3000 പേരുടെ പരിശോധന പൂർത്തിയാക്കി. ഇതിന്റെ ഭാഗമായി പാപ് സ്മിയർ സാമ്പിളുകൾ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ പരിശോധിക്കുകയും തുടർ പരിശോധനകൾ ഉറപ്പാക്കി വരുകയും ചെയ്യുന്നു.

### 4) നിർണ്ണയ - ഹബ്ബ് ആൻഡ് സ്പോക്ക് മോഡൽ ലാബ് നെറ്റ്‌വർക്ക്

- ❖ എറണാകുളം ജില്ലയിൽ പൂർണ്ണമായും മറ്റ് ജില്ലകളിൽ ഭാഗികമായും ഹബ്ബ് ആൻഡ് സ്പോക്ക് മാതൃകയിൽ ലാബുകളെ ബന്ധിപ്പിച്ച് കൊണ്ടുള്ള നെറ്റ്‌വർക്കിംഗ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. AMR പരിശോധന, കാൻസർ സ്ക്രീനിങ്, ക്ഷയരോഗ സ്ക്രീനിങ്, നവജാത ശിശു സ്ക്രീനിങ് മുതലായവ ഈ സംവിധാനം വഴി പരിശോധിക്കാനാകും.
- ❖ ഹബ്ബ് ലാബുകളുടെയും സ്പോക്കുകളുടെയും മാപ്പിംഗ് ജില്ലാ തലത്തിൽ പൂർത്തിയായി.
- ❖ ഹബ്ബ് & സ്പോക്ക് ലാബുകൾക്കായുള്ള ഗതാഗത മാതൃകകൾ ജില്ലാ ആവശ്യങ്ങൾക്കനുസരിച്ച് വികസിപ്പിക്കുന്നു.
- ❖ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി സ്റ്റേറ്റ്/റീജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളിലും ജില്ലാ പബ്ലിക്ക് ഹെൽത്ത് ലാബുകളിലും ലാബ് ഡെവലപ്മെന്റ്, ലാബ് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുവാനുള്ള മാർഗരേഖ സർക്കാർ ഉത്തരവായി പുറത്തിറങ്ങിയിട്ടുണ്ട്.

### 5) വയോജന-സാന്ത്വന പരിചരണം

- ❖ പാലിയേറ്റീവ് കെയർ പോളിസിയെ അടിസ്ഥാനപ്പെടുത്തി സാന്ത്വന പരിചരണത്തിനായുള്ള സമഗ്രമായ പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ തയ്യാറാക്കി.
- ❖ നിലവിൽ സംസ്ഥാനത്ത് 1,141 പ്രാഥമിക പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 2,41,755 രോഗികൾക്കും 344 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 38,417 രോഗികൾക്കും സാന്ത്വന പരിചരണം നൽകി വരുന്നു. ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിന്റെ (ISM) ന്റെ കീഴിൽ 44 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളും ഹോമിയോ ഡിപാർട്ട്മെന്റിന്റെ കീഴിൽ 18 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളും പ്രവർത്തിക്കുന്നു.
- ❖ വാർഷിക ആരോഗ്യ പരിശോധനയുടെ ഭാഗമായുള്ള കണക്ക് പ്രകാരം 1/12/23 മുതൽ 31/12/23 വരെ 2,49,593 പേരുടെ സ്ക്രീനിംഗ് പൂർത്തിയായതിൽ, 1,651 കിടപ്പുരോഗികളും 2,209 ഹോം

ബൌണ്ട് വ്യക്തികളും അറുപത് വയസ്സിനു മുകളിൽ പ്രായമുള്ള 59,381 വ്യക്തികളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇവരുടെ പഞ്ചായത്ത്/വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിച്ച് പാലിയേറ്റീവ് പരിചരണം ആവശ്യമുള്ള രോഗികൾക്ക് പരിശീലനം സിദ്ധിച്ച സന്നദ്ധ പ്രവർത്തകന്റെ സേവനം ലഭ്യമാക്കുവാനും സാധിക്കുന്നതാണ്.

- ❖ കേരള സർക്കാരിന്റെ കീഴിലുള്ള സ്റ്റേറ്റ് കേരളയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ സഹകരണത്തോടെ നടത്തുന്ന ആറു മാസത്തെ ഹോം നഴ്സിംഗ് കോഴ്സ് (ഡിപ്ലോമ ഇൻ ഡൊമിസിലിയറി നേഴ്സിങ് കെയർ) നുള്ള പ്രവേശന വിജ്ഞാപനം പുറപ്പെടുവിച്ചു. സർക്കാരിന്റെ ആഭിമുഖ്യത്തിൽ ഈ മേഖലയിൽ ആദ്യമായി ആണ് ഇങ്ങനെ ഒരു കോഴ്സ് ആരംഭിക്കുന്നത്.
- ❖ പാലിയേറ്റീവ് കെയർ ദിനത്തോടനുബന്ധിച്ച് ഒരാഴ്ച നീണ്ടു നിൽക്കുന്ന പാലിയേറ്റീവ് കെയർ ക്യാമ്പയിൻ സംഘടിപ്പിക്കുവാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു.

### 6) ഏകാരോഗ്യ സമീപനം (One Health Initiative)

- ❖ വൺ ഹെൽത്ത് പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും ആരംഭിച്ചു.
- ❖ വൺ ഹെൽത്ത് പ്രവർത്തനങ്ങൾക്കായുള്ള പ്രത്യേക മാർഗ്ഗരേഖ തയ്യാറാക്കി.
- ❖ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ വൺ ഹെൽത്ത് പ്രവർത്തനങ്ങൾക്ക് കേരള പുനർനിർമ്മാണ പദ്ധതിയുടേയും (RKI) ലോക ബാങ്കിന്റെയും സഹായം ലഭ്യമായിട്ടുണ്ട്. ഈ നാല് ജില്ലകളിലും നോഡൽ ഓഫീസർമാരെ നിയമിക്കുകയും ചെയ്തു.
- ❖ ആർദ്രം രണ്ടാം ഘട്ടത്തിന്റെ ഭാഗമായി കർസാപ് - വൺ ഹെൽത്ത് -ആർ.കെ.ഐ ഇനിഷ്യേറ്റീവ് എന്നിവയുമായി സഹകരിച്ച് പദ്ധതി നടപ്പാക്കി വരുന്നു.
- ❖ സംസ്ഥാനത്ത് ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയുന്നതിന് രാജ്യത്ത് ആദ്യമായി ബ്ലോക്ക്തല ആന്റി മൈക്രോബിയൽ റസിസ്റ്റൻസ് കമ്മിറ്റികൾക്കുള്ള എസ്.ഒ.പി. പുറത്തിറക്കി. ബ്ലോക്ക്തല എ.എം.ആർ. കമ്മിറ്റികളുടെ രൂപീകരണം, ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ, നിരീക്ഷണം എന്നിവ സംബന്ധിച്ച സമഗ്ര മാർഗരേഖയാണ് പുറത്തിറക്കിയത്.
- ❖ സംസ്ഥാന തലത്തിൽ സെന്റർ ഫോർ വൺ ഹെൽത്ത് പ്രവർത്തനമാരംഭിച്ചു. ജില്ലാ തലത്തിൽ District Programme Management & Support Unit (DPMSU)-കളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.
- ❖ പത്തനംതിട്ട ജില്ലയിൽ ലോക ബാങ്ക് ആദ്യ വർഷത്തേക്ക് നിശ്ചയിച്ച എല്ലാ സൂചകങ്ങളും ജില്ല നേടിയെടുത്തിട്ടുണ്ട്, വൺ ഹെൽത്ത് ജില്ലാ മെൻറ്റർമാരെ നിയോഗിച്ചു. 50 തദ്ദേശ സ്ഥാപനങ്ങളിൽ വൺ ഹെൽത്ത് കമ്മിറ്റി രൂപീകരിച്ചു.
- ❖ കോട്ടയം ജില്ലയിൽ ജില്ലാ എ.എം.ആർ ലാബ് ആരംഭിച്ചു. ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് പ്രവർത്തനങ്ങളുടെ ഭാഗമായി പ്രിസ്ക്രിപ്ഷൻ കൂടാതെ മരുന്നുകൾ നൽകരുതെന്ന നിർദ്ദേശം മെഡിക്കൽ ഷോപ്പുകൾക്ക് നൽകിയിട്ടുണ്ട്. എല്ലാ മെഡിക്കൽ ഷോപ്പുകളിലും ഇത് സംബന്ധിച്ച ബോർഡുകൾ സ്ഥാപിച്ചു. ആഫ്രിക്കൻ ഒച്ചുകളുടെ ശല്യം രൂക്ഷമായ സ്ഥലങ്ങളിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ "പാഠം ഒന്ന് ഒച്ച്" എന്ന ക്യാമ്പയിൻ നടത്തി.
- ❖ മലപ്പുറം ജില്ലയിൽ എല്ലാ ബ്ലോക്കിലും എ എം ആർ കമ്മിറ്റി രൂപീകരിച്ചു. പബ്ലിക് ഹെൽത്ത് ലാബിൽ എ എം ആർ ലാബ് സംവിധാനം സ്ഥാപിച്ച് കൾച്ചർ ടെസ്റ്റുകൾ ആരംഭിച്ചു.
- ❖ കോഴിക്കോട് ജില്ലയിൽ വൺ ഹെൽത്ത് സെൻററർ ഫോർ നിപ റിസർച്ച് മെഡിക്കൽ കോളേജ് കേന്ദ്രീകരിച്ച് ആരംഭിച്ചു. ഇതിന്റെ ഭാഗമായി ഏകാരോഗ്യവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ ശക്തമായി നടന്നു വരുന്നു. ഏകാരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ജന്തുജന്യ രോഗങ്ങൾക്കെതിരായ നിരീക്ഷണവും പ്രതിരോധ പ്രവർത്തനങ്ങളും ശക്തമായി നടന്നു വരുന്നു. കോഴിക്കോട് ജില്ലയിൽ നിപ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കി, 2023 ഒക്ടോബറിൽ സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചിരുന്നു. ഇത് പ്രകാരം വിവിധ വകുപ്പുകളുടെ

സഹകരണത്തോടെ തുടർച്ചയായ സർവൈലൻസ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്.

- ❖ വയനാട് ജില്ലയിൽ ഏകാരോഗ്യവുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ COHEART സെന്ററുമായി ചേർന്ന് ആരംഭിച്ചിട്ടുണ്ട്. ജില്ലാ തലത്തിൽ വിവിധ വകുപ്പുകളുടെ ആലോചനാ യോഗം നടത്തി.
- ❖ എറണാകുളം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ഏകാരോഗ്യവുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.
- ❖ കോഴിക്കോട് ജില്ലയിലെ കക്കോടി കുടുംബാരോഗ്യ കേന്ദ്രം AMR സ്മാർട്ട് അംഗീകാരം നേടി.
- ❖ നിലവിൽ വൺ ഹെൽത്ത് പദ്ധതി നടന്നു വരുന്ന പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിലായി 48 ജില്ലാ മെന്റർമാരെ നിയമിച്ചു, അവർക്ക് 4 ദിവസത്തെ ഇൻഡക്ഷൻ പരിശീലനം നൽകി.
- ❖ 2024 ജനുവരി അവസാനത്തോടെ കമ്മ്യൂണിറ്റി ബേസ്ഡ് സർവൈലൻസ് സിസ്റ്റം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വോളണ്ടിയർമാരുടെ പരിശീലനം നാലു ജില്ലകളിലും ആരംഭിച്ചു.

## 7) രോഗ നിവാരണ പ്രവർത്തനങ്ങൾ (Disease elimination)

- ❖ മന്ത്, മലേറിയ, ക്ഷയം, കാലാ അസാർ തുടങ്ങിയ രോഗങ്ങൾ നിവാരണം ചെയ്യുന്നതിന് വേണ്ടി ഫീൽഡ് തല പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ എല്ലാ ജില്ലകളിലും ആരോഗ്യ പ്രവർത്തകർക്ക് പരിശീലനം നൽകിയിട്ടുണ്ട്.
- ❖ കൊല്ലം ജില്ലയിൽ മന്ത് രോഗം, കാലാ അസാർ എന്നീ രണ്ട് രോഗങ്ങളുടെ എലിമിനേഷൻ പ്രക്രിയ പൂർത്തിയാക്കി.
- ❖ പത്തനംതിട്ട ജില്ലയിൽ വാർഡ്, പഞ്ചായത്ത് തല മലേറിയ എലിമിനേഷൻ പ്രവർത്തനങ്ങൾ പൂർത്തിയായി.
- ❖ കോട്ടയം ജില്ലയിലെ 77 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മലമ്പനി മുക്തമാണ്.
- ❖ ആലപ്പുഴ ജില്ലയിൽ രോഗനിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി മന്ത് രോഗ നിയന്ത്രണ ക്ലിനിക്കുകൾ, വെക്റ്റർ നിയന്ത്രണ പ്രവർത്തനങ്ങൾ, സർവ്വേ, സ്ക്രീനിംഗ് തുടങ്ങിയവ കൃത്യമായി നടന്നു വരുന്നു.
- ❖ ഇടുക്കി ജില്ലയിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കനുസൃതമായി 2021-22 ൽ 40% ന് മുകളിൽ ക്ഷയരോഗത്തിന്റെ ഇൻസിഡൻസ് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഇതിന് സബ്-നാഷണൽ സർട്ടിഫിക്കേഷനിൽ സിൽവർ മെഡൽ ലഭിക്കുകയുണ്ടായി.
- ❖ തൃശ്ശൂർ ജില്ലയിൽ കാലാ അസർ കേസുകൾ ഈ വർഷം റിപ്പോർട്ട് ചെയ്തിട്ടില്ല. മന്ത്, മലേറിയ നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി സൗജന്യ ചികിത്സ. മൈഗ്രന്റ് സ്ക്രീനിംഗ്, വെക്ടർ സർവെയിലൻസ് എന്നിവ നടന്നു വരുന്നു. മിസ്റ്റ് ടീം ഡേ നൈറ്റ് ക്യാമ്പുകൾ നടത്തിവരുന്നു.
- ❖ പാലക്കാട് ജില്ലയിൽ മന്ത് രോഗ നിവാരണവുമായി ബന്ധപ്പെട്ട് എംഡിഎ അസ്സെസ്സ്മെന്റ് സർവേയിൽ എം എഫ് നിരക്ക് 1% കൂടുതലുള്ള 2 ബ്ലോക്കുകളിൽ ഒരു റൗണ്ട് എംഡിഎ തുടരാൻ തീരുമാനിച്ചു. ജില്ലയിൽ 2022 ൽ തദ്ദേശീയമായ കേസ് കണ്ടെത്തിയതിനെ തുടർന്ന് മലേറിയ എലിമിനേഷൻ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമായി നടന്നു വരുന്നു. ജില്ലയിൽ അവസാന കാലാ അസർ കേസ് കണ്ടെത്തിയത് 2021 ലാണ്. തുടർന്ന് ഫീൽഡ് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി, 2022-ൽ നടത്തിയ തുടർ സർവേയിൽ പുതിയ കേസുകളൊന്നും കണ്ടെത്തിയിട്ടില്ല.

## 8) സാംക്രമിക രോഗനിയന്ത്രണത്തിനുള്ള ഭൗതിക സാഹചര്യങ്ങൾ (Infectious disease Infrastructure)

സംസ്ഥാനത്തെ 82 സ്ഥലങ്ങളിൽ ഐസോലേഷൻ വാർഡ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. 50 സ്ഥലങ്ങളിൽ നിർമ്മാണം പൂർത്തിയായി. 32 സ്ഥാപനങ്ങളിൽ നിർമ്മാണം പുരോഗമിക്കുന്നു.

| നിലവിലെ അവസ്ഥ | എണ്ണം |
|---|---|
| നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നടന്നവ | 10 |
| നിർമ്മാണം പൂർത്തിയായി ഉദ്ഘാടനത്തിന് സജ്ജമായവ | 40 |
| നിർമ്മാണം പുരോഗമിക്കുന്നവ | 32 |

## 9) ഹെൽത്തി ലൈഫ് ക്യാമ്പയിൻ

- മലപ്പുറം ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സമഗ്ര കാൻസർ ജീവിതശൈലീ രോഗനിയന്ത്രണ പരിപാടിയായ "ആരോഗ്യഭേരി" നല്ല രീതിയിൽ നടന്നു വരുന്നു. മലപ്പുറം ജില്ലയെ സമ്പൂർണ്ണ ആരോഗ്യ സുരക്ഷിത ജില്ലയാക്കുക, സമ്പൂർണ്ണ കാൻസർ നിയന്ത്രിത ജില്ലയാക്കുക, സമ്പൂർണ്ണ ജീവിതശൈലീ രോഗ നിർണ്ണയ/നിയന്ത്രിത ജില്ലയാക്കുക, ആധുനിക രോഗനിർണ്ണയത്തിലും കാൻസർ-ജീവിതശൈലീ രോഗങ്ങൾ എന്നിവയുടെ ചികിത്സാ സംവിധാനങ്ങളിലും സ്വയം പര്യാപ്ത ജില്ലയാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.
- കോഴിക്കോട് ജില്ലയിൽ സമഗ്ര ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതിയായ "ജീവതാളം" ക്യാമ്പയിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ പുരോഗമിക്കുന്നു. ക്യാമ്പയിന്റെ ഭാഗമായി ആരോഗ്യകരമായ ഭക്ഷണരീതിയും ഭക്ഷണ സംസ്കാരവും പ്രോൽസാഹിപ്പിക്കുക, കൃഷി പ്രോൽസാഹിപ്പിക്കുക, വ്യായാമവും മറ്റ് ജീവിതശൈലീ മാറ്റങ്ങളും പ്രോൽസാഹിപ്പിക്കുക, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, പരിശീലനങ്ങൾ എന്നീ പ്രവർത്തനങ്ങൾ നടന്നു.
- കോഴിക്കോട് ജില്ലയിൽ ഹരിതകേരള മിഷനും ആർദ്രം മിഷനും സംയുക്തമായി ഹരിതകർമ്മസേന അംഗങ്ങൾക്ക് വേണ്ടി സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പ് നവംബർ മാസത്തിൽ ആരംഭിച്ചു. 70 ഗ്രാമ പഞ്ചായത്തുകളിലും ആരോഗ്യ പരിശോധന നടന്നു വരുന്നു. 19 ഗ്രാമ പഞ്ചായത്തുകളിൽ പരിശോധന പൂർത്തിയാക്കി.
- ഇടുക്കി ജില്ലയിൽ "ആരോഗ്യജീവനം" ഹെൽത്തി ലൈഫ് ക്യാമ്പയിൻ അടിമാലി, ദേവിയാർ കോളനി കുടുംബാരോഗ്യ കേന്ദ്രത്തിൽ ആരംഭിച്ചു.
- വയനാട് ജില്ലയിൽ ആർദ്രം മിഷന്റെ നേതൃത്വത്തിൽ വിദ്യാകിരണം, ഹരിതകേരളം മിഷനുകളുടെ സഹകരണത്തോടെ ആർദ്ര വിദ്യാലയം – ഹെൽത്തി ലൈഫ് ക്യാമ്പയിൻ എന്ന പേരിൽ വിദ്യാലയങ്ങളിൽ ആരോഗ്യകരമായ ഭക്ഷണശീലം, ലഹരി വർജ്ജനം, ശുചിത്വം എന്നിവയെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുവാനുള്ള ക്യാമ്പയിൻ ആരംഭിച്ചു.
- വയനാട് ജില്ലയിൽ ഹരിത കേരളം മിഷനും ആർദ്രം മിഷനും സംയുക്തമായി നടത്തുന്ന "ഹരിതം ആരോഗ്യം" ജില്ലാതല പരിപാടി ആരംഭിച്ചു. സംസ്ഥാനത്തെ മുഴുവൻ ഹരിത കർമ സേനാംഗങ്ങൾക്കും ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി നടക്കുന്നത്. കൊല്ലം ജില്ലയിലും ഹരിത കർമ സേനാംഗങ്ങൾക്കുള്ള ആരോഗ്യ പരിശോധന ക്യാമ്പ് ആരംഭിച്ചു. പത്തനംതിട്ട ജില്ലയിൽ ഇതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## 10)ഇന്റഗ്രേറ്റഡ് മെഡിസിനും ഗവേഷണവും (Integrated Medicine & Research)

- IAV, IGIB, RGCB, NIV തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ആരോഗ്യ രംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു.
- ഇതിനായി SHSRCയിൽ എത്തിക്സ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 35 ഗവേഷണങ്ങൾക്ക് IRC യുടെയും 19 എണ്ണത്തിന് IEC യുടെയും അംഗീകാരം ലഭിച്ചു.
- ആരോഗ്യ വകുപ്പിലെ ഡോക്ടർമാരിൽ നിന്ന് പൊതുജനാരോഗ്യത്തിൽ ബിരുദാനന്തര ബിരുദമുള്ളവരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഇവരെ കൂടി ഉൾപ്പെടുത്തി ആരോഗ്യ വകുപ്പിൽ ഗവേഷണങ്ങൾ നടത്താൻ താല്പര്യമുള്ളവർക്ക് പരിശീലനം നൽകി ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ആരോഗ്യ വകുപ്പിൽ നിലവിൽ നടന്നു കൊണ്ടിരിക്കുന്ന ഗവേഷണങ്ങളുടെ വിശദ വിവരങ്ങൾ ശേഖരിക്കുവാനും, ഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാർക്കും മറ്റ്

ഗവേഷകർക്കും വേണ്ട മാർഗ്ഗനിർദേശങ്ങൾ നൽകി ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

- നിലവിൽ 3 ഗവേഷണ രൂപരേഖകൾ ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ (ICMR) അംഗീകാരം നേടിയിട്ടുണ്ട്. നിലവിൽ പുറത്തു നിന്നുള്ള 4 ഗവേഷണങ്ങൾക്ക് SHSRC ഫണ്ട് ചെയ്യുന്നുണ്ട്. കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുമായി (KSACS) സഹകരിച്ച് 4 ഗവേഷണങ്ങളും നാഷണൽ ഹെൽത്ത് മിഷനുമായി (NHM) സഹകരിച്ച് ഒരു ഗവേഷണവും പൂർത്തിയാക്കി.
- SHSRC യുടെ നേതൃത്വത്തിൽ ജീവിതശൈലീ രോഗങ്ങൾ, സാന്ത്വന പരിചരണം, മാനസികാരോഗ്യം, വയോജന ആരോഗ്യം, പകർച്ചവ്യാധി പ്രതിരോധം മുതലായ മേഖലകളിൽ ഗവേഷണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ആർദ്രം മിഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ജീവന4ക്കാർക്കും ജനപ്രതിനിധികൾക്കും വിവിധ തലത്തിലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. MLSP (Mid-Level Service Providers) കളുടെ പരിശീലന പ്രവർത്തനങ്ങൾക്കുള്ള നോഡൽ ഏജൻസി ആയും SHSRC പ്രവർത്തിക്കുന്നു. ഇതിന്റെ ഭാഗമായി പരിശീലന സഹായികളും പരീക്ഷാ സാമഗ്രികളും തയ്യാറാക്കുകയും വിദഗ്ധ പരിശീലകരെ കണ്ടെത്തുകയും ചെയ്തു.
- SHSRC യുടെ നേതൃത്വത്തിൽ ആർദ്രം മിഷനുമായി ബന്ധപ്പെട്ടും മറ്റ് ഗവേഷണ വിഷയങ്ങളിലും വിവിധ തരം വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ചു.

# മോണിറ്ററിങ് & ഇവാല്യുവേഷൻ

- 2023 ജൂലൈ 26ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഹരിതകേരളം, ലൈഫ് മിഷൻ എന്നിവയുടെ സംസ്ഥാനതല അവലോകന യോഗ നിർദേശപ്രകാരം രണ്ടു മാസത്തിലൊരിക്കൽ കളക്ടർമാർ നേരിട്ട് ജില്ലാതല ഉദ്യോഗസ്ഥരുടെ അവലോകന യോഗം വിളിച്ചു ചേർക്കുന്നതിന് തീരുമാനിച്ചു.
- നവംബർ-ഡിസംബർ മാസത്തെ ജില്ലാ കളക്ടർമാറുടെ അവലോകന യോഗം ഇടുക്കി, കോട്ടയം, പാലക്കാട്, കണ്ണൂർ ജില്ലകളിൽ കൂടിയിട്ടുണ്ട്. യോഗങ്ങളിൽ 113 ഉദ്യോഗസ്ഥർ പങ്കെടുത്തിട്ടുണ്ട്.
- ഡിസംബർ മാസം തദ്ദേശ സ്ഥാപനതലത്തിലുള്ള മിഷൻ യോഗങ്ങൾ 23 തദ്ദേശ സ്ഥാപനങ്ങളിൽ നടത്തിയിട്ടുണ്ട്. ഡിസംബർ മാസം വരെ കൂടിയ മിഷൻ യോഗങ്ങൾ ഉൾപ്പെടെ ആകെ 706 തദ്ദേശ സ്ഥാപനങ്ങളിൽ നിലവിൽ മിഷൻ യോഗം കൂടിയിട്ടുണ്ട്.
- ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയതും ഭാഗഭാക്കായതുമായ 2585 യോഗങ്ങൾ ഡിസംബർ മാസം നടന്നിട്ടുണ്ട്. ഹരിത ഓഫീസിനായി 802 യോഗങ്ങളും, മാലിന്യസംസ്കരണ പ്രവർത്തങ്ങൾക്കായി 434 യോഗങ്ങളും, ഹരിത വിദ്യാലയങ്ങൾക്കായി 329 യോഗങ്ങളും, നീരുറവിനായി 178 യോഗങ്ങളും, നെറ്റ് സീറോ പ്രവർത്തനങ്ങൾക്കായി 39 യോഗങ്ങളും കൂടിയതാണ് ഇതിൽ പ്രധാനം.
- ഹരിത കേരളം മിഷന്റെ പതിനഞ്ചിൽ അധികം പ്രവർത്തനങ്ങൾക്കായി 52 ജില്ലാ തല യോഗങ്ങളും 115 ബ്ലോക്ക് തല യോഗങ്ങളും കൂടിയിട്ടുണ്ട്. 1369 തദ്ദേശ സ്വയംഭരണ യോഗങ്ങളും 1047 സ്ഥാപനതല യോഗങ്ങളും ഈ പ്രവർത്തനങ്ങൾക്കായി കൂടിയിട്ടുണ്ട്.
- വിവിധ യോഗങ്ങളിൽ 4,486 ജനപ്രതിനിധികളും 7,736 ഉദ്യോഗസ്ഥരും, 11,851 സാങ്കേതിക പ്രവർത്തകരും ഉൾപ്പെടെ ആകെ 23,990 പേർ ഈ കാലയളവിൽ പങ്കെടുത്തിട്ടുണ്ട്.
- ഹരിത കേരളം മിഷൻ 381 പരിശീലനങ്ങൾ ഡിസംബർ മാസത്തിൽ നടത്തിയിട്ടുണ്ട്. ഈ പരിശീലനത്തിലൂടെ 9689 പേർ വിവിധ മിഷൻ പ്രവർത്തനങ്ങളിൽ ഭാഗമായിട്ടുണ്ട്.
- വിവിധ മിഷൻ പ്രവർത്തനങ്ങൾക്കായി ഡിസംബർ മാസത്തിൽ 2,866 ഫീൽഡ് തല ഇടപെടലുകൾ ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയിട്ടുണ്ട്. ഇത്തരം ഇടപെടലുകളുടെ ഭാഗമായി ഡിസംബർ മാസത്തിൽ വിവിധ വികസന പ്രവർത്തനങ്ങൾ യാഥാർഥ്യമാക്കുന്നതിനോടൊപ്പം 11,954 പേരുടെ ജനപങ്കാളിത്തം നാടിന്റെ വികസന പ്രവർത്തങ്ങൾക്കായി ഡിസംബർ മാസത്തിൽ വിനിയോഗിക്കാൻ മിഷന് കഴിഞ്ഞിട്ടുണ്ട്.

## ഹരിതകേരളം മിഷൻ - ത്രൈമാസ അവലോകനവും വിലയിരുത്തലും

ഹരിത കേരളം മിഷൻ നടപ്പിലാക്കുന്നതും ഭാഗഭാക്കാവുന്നതുമായ വിവിധ പദ്ധതികളുടെ ആറുമാസ പ്രവർത്തങ്ങൾ രൂപീകരിക്കാനും പദ്ധതികളുടെ ടാർഗറ്റ് നിശ്ചയിക്കാനുമുള്ള ഹരിത കേരളം മിഷൻ റിസോഴ്സ് പേഴ്സൺമാരുടെ സംസ്ഥാനതല ശിൽപശാല 2023 ജൂലൈ മാസം തിരുവനന്തപുരത്ത് സംഘടിപ്പിച്ചിരുന്നു. ശിൽപശാലയിൽ പദ്ധതികളുടെ ജില്ലാ തല ടാർഗറ്റുകൾ അവതരിപ്പിച്ചിരുന്നു. ടാർഗറ്റുകൾ പൂർത്തീകരിക്കുന്നതിനുള്ള സമയക്രമം ഡിസംബർ 31 ആയി നിശ്ചയിച്ചിരുന്നു. സംസ്ഥാനതലത്തിൽ വിവിധ പദ്ധതികളുടെ ജില്ലാതലത്തിലുള്ള നിരീക്ഷണവും അവലോകനവും നടത്തുന്നതിനായി ഒരു മോണിറ്ററിങ് സെൽ രൂപീകരിച്ചിട്ടുണ്ട്. എല്ലാ മാസം 5ന് സംസ്ഥാന മിഷൻ അംഗങ്ങളും ജില്ലയിലെ കോർഡിനേറ്റമാരും ഓൺലൈൻ ആയി വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തി വന്നിരുന്നു. സംസ്ഥാനത്ത് ഹരിതകേരളം മിഷൻ കഴിഞ്ഞ ആറുമാസമായി ഏറ്റെടുത്ത് നടത്തിവരുന്ന പദ്ധതികളിൽ ചിലത് ടാർഗറ്റ് പ്രകാരമുള്ള സമയക്രമത്തിനുള്ളിൽ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. പദ്ധതികൾ സമയക്രമത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ ഓരോ പദ്ധതിയുടെയും വിലയിരുത്തൽ ഭാഗത്ത് പ്രതിപാദിച്ചിട്ടുണ്ട്. ടാർഗറ്റിന്റെ എണ്ണം കൂടുതലായതും, സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി കാരണം ഹരിത കേരളം മിഷൻ റിസോഴ്സ് പേഴ്സൺമാരുടെ പ്രവൃത്തി ദിനങ്ങൾ വെട്ടികുറച്ചതും,

മറ്റു വകുപ്പുകൾ / ഏജൻസികളുടെ പരിപാടികളിൽ റിസോഴ്സ് പേഴ്സൺമാരെ ഉൾപ്പെടുത്തിയതും കാരണമാണ് പദ്ധതികൾ ടാർഗറ്റ് പ്രകാരമുള്ള സമയക്രമത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയാത്തത് എന്ന് സ്വയം വിമർശനാത്മകമായി വിലയിരുത്തുന്നു. ജനുവരി മാസത്തിൽ തന്നെ ടാർഗറ്റ് പൂർത്തീകരിക്കാനുള്ള തീവ്ര ശ്രമം നടത്തുന്നുണ്ട്.

**നവകേരളം കർമപദ്ധതി ജില്ലാതല അവലോകനം**

നവകേരളം കർമപദ്ധതി-2ന്റെ ജില്ലാതല അവലോകന യോഗങ്ങൾ സംസ്ഥാനത്ത് നടന്നു വരികയാണ്. പത്തനംതിട്ട, കൊല്ലം എന്നീ ജില്ലകളിലെ അവലോകന യോഗം നവംബർ മാസത്തിലും കോട്ടയം ജില്ലയിലെ അവലോകന യോഗം ഡിസംബർ മാസത്തിലും നടന്നു. ഹരിതകേരളം മിഷൻ, ആർദ്രം, ലൈഫ്മിഷൻ, വിദ്യാകിരണം എന്നീ മിഷനുകളുടെ പ്രവർത്തനങ്ങളും നടന്നുവരുന്ന വിവിധ പദ്ധതികളുടെ പുരോഗതിയുമാണ് പ്രധാനമായും വിലയിരുത്തിയത്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ, ജില്ലാ കോർഡിനേറ്റർ തുടങ്ങി അതത് ജില്ലാ മിഷൻ ടീമംഗങ്ങളായ വിവിധ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥരും നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്ററും സംസ്ഥാന ടീം അംഗങ്ങളും അവലോകന യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. നവകേരളം കർമപദ്ധതി കൊല്ലം ജില്ലാ അവലോകന യോഗം 2023 ഡിസംബർ 27 ന് നടന്നു. ഹരിതകേരളം മിഷൻ, ആർദ്രം, വിദ്യാകിരണം, ലൈഫ് എന്നീ നാലു മിഷനുകളുടെയും പ്രവർത്തനങ്ങൾ ജില്ലയിൽ മികച്ച രീതിയിൽ നടക്കുന്നതായി യോഗം വിലയിരുത്തി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ നടത്തിയ യോഗം നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ.സീമ ഉദ്ഘാടനം ചെയ്തു. നവകേരളം കർമപദ്ധതിയുടെ സംസ്ഥാന ചുമതലക്കാരും വിവിധ മിഷനുകളുടെ സംസ്ഥാന ചുമതലക്കാരും നാലു മിഷനുകളുടെ ജില്ലാ കോർഡിനേറ്റർമാരും ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു. വിവിധ മിഷനുകളുടെ പദ്ധതികൾ വിലയിരുത്തി എല്ലാ വകുപ്പുകളുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം സമയബന്ധിതമായി കൈവരിക്കാനാണ് ഈ യോഗങ്ങളിലൂടെ ലക്ഷ്യമിടുന്നത്.

| ഹരിതകേരളം മിഷൻ പദ്ധതികളുടെ ത്രൈമാസ പ്രവർത്തനങ്ങളുടെ സംഗ്രഹം | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| പ്രവർത്തനം | | | | | | | | | | | | | | | | |
| സ്കീം / പ്രവർത്തിയുടെ പേര് | മാസം | നടന്ന യോഗം (എണ്ണം) | | | | | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | | ജില്ലാ തലം | ബ്ലോക്ക് തലം | പഞ്ചായത്ത് തലം | സ്ഥാപന തലം | ആകെ | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| കളക്ടറുടെ ജില്ലാ യോഗം | ഒക്ടോബർ | 2 | 0 | 0 | 0 | 2 | 0 | 17 | 0 | 17 | 0 | 0 | 0 | 0 | 0 | 0 |
| | നവംബർ | 2 | 0 | 0 | 0 | 2 | 0 | 30 | 0 | 30 | 0 | 0 | 0 | 0 | 0 | 0 |
| | ഡിസംബർ | 5 | 0 | 0 | 0 | 5 | 1 | 96 | 16 | 113 | 0 | 0 | 0 | 0 | 0 | 0 |
| | ആകെ | **9** | **0** | **0** | **0** | **9** | **1** | **143** | **16** | **160** | **0** | **0** | **0** | **0** | **0** | **0** |
| ജില്ലാ മിഷൻ യോഗം | ഒക്ടോബർ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| | നവംബർ | 2 | 0 | 0 | 0 | 2 | 0 | 51 | 0 | 51 | 0 | 0 | 0 | 0 | 0 | 0 |
| | ഡിസംബർ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| | ആകെ | **2** | **0** | **0** | **0** | **2** | **0** | **51** | **0** | **51** | **0** | **0** | **0** | **0** | **0** | **0** |
| തദ്ദേശ മിഷൻ യോഗം | ഒക്ടോബർ | 0 | 0 | 83 | 0 | 83 | 664 | 690 | 308 | 1662 | 11 | 155 | 0 | 0 | 10 | 0 |
| | നവംബർ | 1 | 1 | 32 | 0 | 34 | 122 | 135 | 250 | 507 | 0 | 0 | 0 | 0 | 26 | 0 |
| | ഡിസംബർ | 0 | 0 | 20 | 3 | 23 | 117 | 163 | 38 | 340 | 0 | 0 | 0 | 0 | 7 | 0 |
| | ആകെ | **1** | **1** | **135** | **3** | **140** | **903** | **988** | **596** | **2509** | **11** | **155** | **0** | **0** | **43** | **0** |
| മാലിന്യ സംസ്കരണം | ഒക്ടോബർ | 0 | 0 | 83 | 0 | 83 | 664 | 690 | 308 | 1662 | 11 | 155 | 0 | 0 | 10 | 0 |
| | നവംബർ | 22 | 89 | 668 | 688 | 1454 | 3110 | 4431 | 39883 | 47424 | 22 | 2257 | 76 | 4094 | 1062 | 1685 |
| | ഡിസംബർ | 20 | 43 | 255 | 114 | 434 | 1314 | 1933 | 4897 | 8144 | 17 | 791 | 28 | 2023 | 203 | 2423 |
| | ആകെ | **42** | **132** | **1006** | **802** | **1971** | **5088** | **7054** | **45088** | **57230** | **50** | **3203** | **104** | **6117** | **1275** | **4108** |
| ഹരിത വിദ്യാലയം | ഒക്ടോബർ | 2 | 7 | 128 | 339 | 476 | 853 | 1787 | 2565 | 5205 | 31 | 2123 | 20 | 1400 | 228 | 2418 |
| | നവംബർ | 2 | 3 | 119 | 187 | 311 | 641 | 655 | 3976 | 5272 | 22 | 1819 | 9 | 713 | 293 | 1554 |
| | ഡിസംബർ | 0 | 0 | 199 | 130 | 329 | 349 | 875 | 1935 | 3054 | 12 | 65 | 14 | 688 | 472 | 1093 |
| | ആകെ | **4** | **10** | **446** | **656** | **1116** | **1843** | **3317** | **8476** | **13531** | **65** | **4007** | **43** | **2801** | **993** | **5065** |
| ഹരിത ഓഫീസ് | ഒക്ടോബർ | 4 | 16 | 114 | 700 | 834 | 1079 | 2255 | 643 | 3977 | 16 | 61 | 12 | 70 | 463 | 318 |
| | നവംബർ | 1 | 5 | 75 | 208 | 289 | 248 | 880 | 707 | 1835 | 17 | 256 | 4 | 120 | 1202 | 322 |
| | ഡിസംബർ | 3 | 6 | 396 | 397 | 802 | 621 | 1593 | 603 | 2817 | 20 | 155 | 19 | 228 | 1300 | 2322 |
| | ആകെ | **8** | **27** | **585** | **1305** | **1925** | **1948** | **4728** | **1953** | **8629** | **53** | **472** | **35** | **418** | **2965** | **2962** |
| ഹരിത ടൂറിസം | ഒക്ടോബർ | 3 | 5 | 31 | 8 | 47 | 155 | 187 | 113 | 455 | 1 | 11 | 1 | 10 | 74 | 112 |
| | നവംബർ | 6 | 4 | 20 | 8 | 34 | 195 | 219 | 1061 | 1475 | 0 | 0 | 0 | 0 | 30 | 94 |
| | ഡിസംബർ | 4 | 2 | 38 | 5 | 49 | 242 | 320 | 230 | 792 | 9 | 423 | 0 | 0 | 72 | 260 |
| | ആകെ | **13** | **11** | **89** | **21** | **130** | **592** | **726** | **1404** | **2722** | **10** | **434** | **1** | **10** | **176** | **466** |
| മാപത്തോൺ | ഒക്ടോബർ | 0 | 0 | 7 | 2 | 9 | 46 | 41 | 215 | 302 | 0 | 0 | 1 | 31 | 22 | 180 |
| | നവംബർ | 1 | 2 | 9 | 0 | 12 | 93 | 67 | 103 | 263 | 1 | 58 | 1 | 10 | 51 | 55 |
| | ഡിസംബർ | 1 | 1 | 19 | 0 | 21 | 103 | 136 | 275 | 514 | 1 | 150 | 0 | 0 | 57 | 46 |
| | ആകെ | **2** | **3** | **35** | **2** | **42** | **242** | **244** | **593** | **1079** | **2** | **208** | **2** | **41** | **130** | **281** |
| ജല ബജറ്റ് | ഒക്ടോബർ | 6 | 24 | 112 | 16 | 158 | 737 | 1051 | 589 | 2377 | 31 | 962 | 12 | 338 | 159 | 216 |
| | നവംബർ | 2 | 12 | 92 | 69 | 175 | 379 | 535 | 275 | 1189 | 13 | 834 | 5 | 51 | 198 | 413 |
| | ഡിസംബർ | 1 | 8 | 77 | 4 | 90 | 435 | 543 | 414 | 1392 | 12 | 136 | 5 | 178 | 183 | 340 |
| | ആകെ | **9** | **44** | **281** | **89** | **423** | **1551** | **2129** | **1278** | **4958** | **56** | **1932** | **22** | **567** | **540** | **969** |
| നീരുറവ് | ഒക്ടോബർ | 23 | 73 | 182 | 5 | 283 | 1095 | 2457 | 700 | 4252 | 32 | 1206 | 9 | 450 | 153 | 111 |

| | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | നവംബർ | 7 | 59 | 306 | 2 | 363 | 1037 | 1751 | 1584 | 4372 | 33 | 1307 | 4 | 71 | 299 | 5025 |
| | ഡിസംബർ | 4 | 29 | 145 | 0 | 178 | 260 | 585 | 511 | 1356 | 0 | 0 | 0 | 0 | 149 | 600 |
| | ആകെ | **34** | **161** | **633** | **7** | **824** | **2392** | **4793** | **2795** | **9980** | **65** | **2513** | **13** | **521** | **601** | **5736** |
| നെറ്റ് സീറോ കാർബൺ | ഒക്ടോബർ | 4 | 1 | 29 | 2 | 36 | 203 | 228 | 558 | 989 | 2 | 108 | 573 | 19247 | 60 | 55 |
| | നവംബർ | 1 | 1 | 41 | 18 | 61 | 223 | 260 | 86 | 569 | 0 | 0 | 36 | 572 | 80 | 246 |
| | ഡിസംബർ | 4 | 0 | 33 | 2 | 39 | 202 | 212 | 713 | 1127 | 5 | 113 | 309 | 5997 | 55 | 109 |
| | ആകെ | **9** | **2** | **103** | **22** | **136** | **628** | **700** | **1357** | **2685** | **7** | **221** | **918** | **25816** | **195** | **410** |
| പഞ്ചായത്ത് തല കോർഗ്രൂപ്പ് യോഗം | നവംബർ | 1 | 0 | 6 | 0 | 7 | 44 | 47 | 21 | 112 | 0 | 0 | 0 | 0 | 26 | 9 |
| | ഡിസംബർ | 1 | 0 | 17 | 9 | 27 | 86 | 122 | 81 | 289 | 1 | 40 | 1 | 32 | 14 | 20 |
| | ആകെ | **2** | **0** | **23** | **9** | **34** | **130** | **169** | **102** | **401** | **1** | **40** | **1** | **32** | **40** | **29** |
| കാർഷിക പ്രവർത്തനങ്ങൾ | ഒക്ടോബർ | 3 | 4 | 81 | 10 | 98 | 426 | 345 | 687 | 1458 | 10 | 478 | 0 | 0 | 185 | 456 |
| | നവംബർ | 0 | 3 | 52 | 14 | 69 | 300 | 208 | 774 | 1282 | 1 | 30 | 0 | 1 | 189 | 286 |
| | ഡിസംബർ | 1 | 1 | 35 | 24 | 61 | 143 | 125 | 275 | 543 | 0 | 0 | 0 | 0 | 83 | 61 |
| | ആകെ | **4** | **8** | **168** | **48** | **228** | **869** | **678** | **1736** | **3283** | **11** | **508** | **0** | **1** | **457** | **803** |
| പച്ചത്തുരുത്ത് | ഒക്ടോബർ | 3 | 1 | 29 | 71 | 104 | 110 | 312 | 250 | 672 | 11 | 192 | 2 | 7 | 151 | 34 |
| | നവംബർ | 0 | 1 | 32 | 23 | 55 | 85 | 96 | 269 | 450 | 2 | 65 | 0 | 0 | 218 | 301 |
| | ഡിസംബർ | 2 | 1 | 31 | 29 | 63 | 82 | 160 | 112 | 354 | 2 | 76 | 2 | 24 | 157 | 228 |
| | ആകെ | **5** | **3** | **92** | **123** | **222** | **277** | **568** | **631** | **1476** | **15** | **333** | **4** | **31** | **526** | **563** |
| ഹരിത ചട്ട പ്രവർത്തനങ്ങൾ | ഒക്ടോബർ | 17 | 6 | 66 | 218 | 307 | 1440 | 1908 | 1383 | 4731 | 5 | 70 | 15 | 415 | 561 | 290 |
| | നവംബർ | 0 | 4 | 42 | 31 | 77 | 225 | 177 | 3471 | 3873 | 6 | 257 | 8 | 320 | 150 | 480 |
| | ഡിസംബർ | 1 | 18 | 80 | 101 | 200 | 377 | 625 | 563 | 1565 | 6 | 1199 | 2 | 485 | 87 | 3847 |
| | ആകെ | **18** | **28** | **188** | **350** | **584** | **2042** | **2710** | **5417** | **10169** | **17** | **1526** | **25** | **1220** | **798** | **4617** |
| തനതു പ്രവർത്തനം | ഒക്ടോബർ | 12 | 2 | 28 | 24 | 66 | 220 | 255 | 1041 | 1516 | 0 | 0 | 7 | 302 | 80 | 544 |
| | നവംബർ | 9 | 5 | 32 | 6 | 50 | 240 | 271 | 2006 | 2517 | 2 | 192 | 0 | 0 | 56 | 562 |
| | ഡിസംബർ | 5 | 6 | 24 | 229 | 264 | 154 | 248 | 1188 | 1590 | 3 | 340 | 1 | 34 | 27 | 605 |
| | ആകെ | **26** | **13** | **84** | **259** | **380** | **614** | **774** | **4235** | **5623** | **5** | **532** | **8** | **336** | **163** | **1711** |
| **ആകെ** | ഒക്ടോബർ | **103** | **227** | **1327** | **1451** | **3108** | **10206** | **15686** | **16370** | **42262** | **222** | **11692** | **721** | **23945** | **2778** | **132290** |
| | നവംബർ | **57** | **189** | **1526** | **1254** | **2995** | **6942** | **9813** | **54466** | **71221** | **119** | **7075** | **143** | **5952** | **3880** | **11032** |
| | ഡിസംബർ | **52** | **115** | **1369** | **1349** | **2887** | **4496** | **7747** | **17442** | **29602** | **88** | **3488** | **79** | **4043** | **2866** | **11954** |
| | ആകെ | **212** | **531** | **4222** | **4054** | **8990** | **21644** | **33246** | **88278** | **143085** | **429** | **22255** | **943** | **33940** | **9524** | **155276** |